2026 NOVEMBER 2

emalayalee.com

The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122



അഭിമാന നേട്ടവുമായി കേരളം സെന്റർ അവാർഡ് ജേതാക്കൾ



സനോജ് സ്റ്റീഫന്റെ ഓർമ്മക്കായി ഉഴവൂരിൽ നാട്ടുകാർക്ക് നടക്കാനൊരു 'നല്ല വഴി;' ഇ.എം. സ്റ്റീഫന് നന്ദി

MALABAR
GOLD & DIAMONDS



THE SEASON OF
JEWELLERY
THE SEASON OF
OFFERS

FREE
GOLD COINS
WITH DIAMOND
AND PRECIOUS GEM
JEWELLERY PURCHASE

Offer valid
until 8th November 2026

*T&C Apply

നേട്ടങ്ങളുടെ നെറുകയിൽ ആദരവിന്റെ പൊൻകിരീടവുമായി കേരള സെന്റർ 2026 – ലെ അവാർഡുകൾ സമ്മാനിച്ചു



ജോസ് കാടാപുറം

എൽമണ്ട്, ന്യൂയോർക്ക്: കേരള സെന്ററിന്റെ 34-ാമത് അവാർഡ്ദാന ചടങ്ങ് പ്രൗഢ ഗംഭീരമായി. ഒക്ടോബർ 24 വൈകുന്നേരം എൽമണ്ടിലെ സെന്റർ ആസ്ഥാനത്തായിരുന്നു അവാർഡ്ദാന ചടങ്ങ്. വിവിധ മേഖലകളിൽ പ്രതിഭ തെളിയിച്ചവരും സമൂഹ നന്മക്ക് വേണ്ടി പ്രവർത്തിക്കുന്നവരുമായ ഒമ്പത് വ്യക്തികളെയാണ് അവാർഡ് നൽകി ആദരിച്ചത്.

ഈ വർഷം ആദരിക്കപ്പെട്ടവരും അവരുടെ പ്രവർത്തന മേഖലകളും: ലെജി സ്ലേറ്റർ ആനന്ത് നമ്പ്യാർ – രാഷ്ട്രീയ നേതൃത്വം & മുഖ്യ പ്രഭാഷകൻ, ഡോ. ജോ വർഗീസ് – വൈദ്യശാസ്ത്രം, ഡോ. ബീന എസ്. പീറ്റേഴ്സ് – നഴ്സിംഗ് നേതൃത്വം, ഡോ. ഗിരീഷ് കുമാർ പണിക്കർ – അപ്ലൈഡ് സയൻസ്, ടി. എസ്. നന്ദകുമാർ – പെർഫോമിംഗ് ആർട്സ്, സിബി ഡേവിഡ് – കമ്മ്യൂണിറ്റി സർവീസ്, പ്രിൻസ് ജോൺസൺ – വിദ്യാഭ്യാസം, ജോസ് ചെരിപുറം – പ്രവാസി മലയാള സാഹിത്യം, ഇൻസ്പെക്ടർ ഷിബു മധു – ഗവൺമെന്റ് & പബ്ലിക് സർവീസ്

കേരള സെന്റർ ബോർഡ്





മെമ്പറും പ്രോഗ്രാം ചെയർമാനുമായ ജെസ്വിൻ സാമുവലിന്റെ ആമുഖ പ്രസംഗത്തോടെ പുരസ്കാര ചടങ്ങിന് തിരശീല ഉയർന്നു. ഡെയ്സി സ്റ്റീഫൻ പള്ളിപ്പറമ്പിൽ ആയിരുന്നു എംസി. ബെയ്ലി സ്റ്റീഫന്റെ അമേരിക്കൻ ദേശീയ ഗാനവും ബിൻസി ചെറിയാന്റെ ഇന്ത്യൻ ദേശീയ ഗാനവും ഹൃദയഹാരിയായിരുന്നു. പ്രസിഡന്റ് അലക്സ് കെ. എസ്തപ്പാൻ സെന്ററിന്റെ പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും ഹൃസ്വമായി വിവരിച്ചുകൊണ്ട് അവാർഡ്ദാന ചടങ്ങ് ധന്യമാക്കാൻ സന്നിഹിതരായ സഹൃദയരായ എല്ലാവരെയും സ്വാഗതം ചെയ്തു. നാസ്സോ കൗണ്ടി ലെജിസ്ലേറ്റർ കാരിയെ സൊളേജസ്, മുൻ സെനറ്റർ കെവിൻ തോമസ് എന്നിവർ ആശംസകൾ അർപ്പിക്കാനും അവാർഡുകൾ സമ്മാനിക്കാനും സന്നിഹിതരായിരുന്നു.

ട്രസ്റ്റി ബോർഡ് ചെയർമാനും അവാർഡ് കമ്മിറ്റി അംഗവുമായ ഡോ. തോമസ് എബ്രഹാം കേരള സെന്ററിന്റെ പ്രവർത്തനങ്ങളും ചരിത്രവും വിവരിച്ചു സംസാരിച്ചു. ഡയറക്ടർ ബോർഡിന്റെയും അവാർഡ് കമ്മിറ്റിയുടെയും ചെയർമാനായ ഡോ. മധു ഭാസ്കരൻ അവാർഡ് ജേതാക്കളെ തിരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ വിവരിച്ച് സംസാരിക്കുകയും മുഖ്യ പ്രഭാഷകനും രാഷ്ട്രീയ നേതൃത്വത്തിനുള്ള അവാർഡ് ജേതാവുമായ വെസ്റ്റ്ചെസ്റ്റർ കൗണ്ടി ലെജിസ്ലേറ്റർ ആനന്ത് നമ്പ്യാരെ പരിചയപ്പെടുത്തി.

അദ്ദേഹം കൗണ്ടിയിലെ ആദ്യത്തെ ദക്ഷിണേഷ്യൻ അമേരിക്കനും ഹിന്ദുമതവിശ്വാസിയുമായ അംഗമാണ്. ലെജിസ്ലേറ്റർ നമ്പ്യാർ തന്റെ പ്രസംഗത്തിൽ ഇന്ത്യൻ അമേരിക്കൻ സമൂഹം ഇവുടത്തെ രാഷ്ട്രീയ സാമൂഹ്യ മേഖലകളിൽ കൂടുതൽ ഭാഗഭാക്കാകണമെന്നും അമേരിക്കയെ ഒരു എ ടി എം മെഷീനായി മാത്രം കാണരുതെന്നും ഉത്ബോധിപ്പിച്ചു. കേരള സെന്റർ ഗ്രാൻഡ് പേട്രനും ട്രസ്ടീ ബോർഡ് മെംബറും ആയ വർക്കി എബ്രഹാം അവാർഡ് സമ്മാനിച്ചു.

വൈദ്യശാസ്ത്രത്തിലെ നേട്ടത്തിനുള്ള അവാർഡ് ലഭിച്ച ഡോ. ജോ വർഗ്ഗീസ് സ്റ്റോണി ബ്രൂക്ക് യൂണിവേഴ്സിറ്റിയിൽ ന്യൂറോളജി വിഭാഗത്തിലെ ചെയർമാനും ഡിസ്റ്റിംഗ്വിഷ്ഡ് യൂണിവേഴ്സിറ്റി പ്രൊഫസറുമാണ്. അമേരിക്കൻ മലയാളികൾക്കിടയിൽ

കുടിയേറ്റംകൊണ്ട് കോഗ്നിഷനിൽ ഉണ്ടാകുന്ന വ്യതിയാനകളെ പരിശോധിക്കുന്ന എൻ ഐ എച്ച് ധനസഹായത്തോടെയുള്ള 'അക്കരെ' (AKKARE) ഗവേഷണം അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് നടക്കുന്നത്. കേരള സെന്റർ യൂത്ത് ഫോറം ട്രഷറർ ജോയൽ തോമസ് അദ്ദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്റർ ട്രസ്ടീ ബോർഡ് ചെയർമാൻ ഡോ. തോമസ് എബ്രഹാം അവാർഡ് സമ്മാനിച്ചു.

നഴ്സിംഗ് നേതൃത്വത്തിന് അവാർഡ് ലഭിച്ച ഡോ. ബീന പീറ്റേഴ്സ് യൂഎസ്എയിലെ മൂന്നാമത്തെ വലിയ പൊതുജനാരോഗ്യ സംവിധാനമായ കുക്ക് കൗണ്ടി (ചിക്കാഗോ) ഹെൽത്തിലെ സിസ്റ്റം ചീഫ് നഴ്സിംഗ് എക്സിക്യൂട്ടീവ് ആയിരുന്നു. ആരോഗ്യ





സാങ്കേതിക കമ്പനിയായ എച്ച്ആർടിഎൽവൈ ഇൻ കോർപ്പറേറ്റഡിന്റെ (HRT-LY, Inc.) സഹസ്ഥാപകയും ഇപ്പോഴവർ അതിന്റെ ചീഫ് ക്ലിനിക്കൽ ഓഫീസറുമാണ്. കേരള സെന്റർ അവാർഡ് കമ്മിറ്റി മെമ്പർ ഡോ. മേരി ലിൻ ജോർജ് അവരെ പരിചയപ്പെടുത്തി. കേരള സെന്റർ ബോർഡ് ചെയർമാൻ ഡോ. മധു ഭാസ്കരൻ അവാർഡ് സമ്മാനിച്ചു.

അപ്ലൈഡ് സയൻസിൽ അവാർഡ് ലഭിച്ച ഡോ. ഗിരീഷ് കുമാർ പണിക്കർ ഹോർട്ടികൾച്ചറൽ വിളകളെക്കുറിച്ചുള്ള സി-ഫാക്ടർ (കവർ ആൻഡ് മാനേജ്മെന്റ്) ഗവേഷണത്തിൽ പ്രാവീണ്യമുള്ള അന്താരാഷ്ട്രതലത്തിൽ പ്രശസ്തനായ കാർഷിക ശാസ്ത്രജ്ഞനാണ്. മിസിസിപ്പിയിലെ ആൽകോൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ പ്ലാന്റ് ആൻഡ് സോയിൽ സയൻസിൽ പ്രൊഫസറും യുഎസ്ഡിഎ കൺസർവേഷൻ റിസർച്ച് സെന്ററിന്റെ ഡയറക്ടറുമാണ് അദ്ദേഹം. കേരള സെന്ററിന്റെ മുൻ അവാർഡിയായ ജോഹരത്ത് കുട്ടി അദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്റർ ട്രസ്റ്റീ ബോർഡ് മെമ്പർ ഡോ. ഉണ്ണി മൂപ്പൻ അവാർഡ് സമ്മാനിച്ചു.

പെർഫോമിംഗ് ആർട്സിൽ അവാർഡ് ലഭിച്ച ടി.എസ്. നന്ദകുമാർ ഇന്ത്യൻ രാഷ്ട്രപതിയിൽനിന്ന് സംഗീത നാടക അക്കാദമി അവാർഡും മറ്റ് നിരവധി ബഹുമതികളും നേടിയിട്ടുള്ള വ്യക്തിയാണ്. ബോംബെ നന്ദകുമാർ എന്നും അറിയപ്പെടുന്ന ടി എസ്എൻ അന്താരാഷ്ട്രതലത്തിൽ പ്രശംസ നേടിയ മൃദംഗ വിദഗ്ദ്ധൻ, അധ്യാപകൻ, സംഗീത സംവിധായകൻ, എഴുത്തുകാരൻ, ഇന്ത്യൻ ക്ലാസിക്കൽ സംഗീതത്തിന്റെ സാംസ്കാരിക അംബാസഡർ എന്നീനിലകളിൽ നിരവധി പതിറ്റാണ്ടുകളായുള്ള വിശിഷ്ടമായ ഒരു കരിയറാണ് അദ്ദേഹത്തിനുള്ളത്. 1998-ൽ ബോംബെയിൽ സ്ഥാപിതമായതും പിന്നീട് അമേരിക്കയിലെ ന്യൂജേഴ്സിയിൽ ഇൻകോർപ്പറേറ്റ് ചെയ്തതുമായ ടിഎസ്എന്റെ പെർക്കസീവ് ആർട്സ് സെന്ററിന്റെ (ടിഎസ്എൻപിഎസി) സ്ഥാപകനാണ്. കേരള സെന്റർ മെമ്പർ ഷൈനു ഗീവർഗീസ് അദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ എബ്രഹാം ഫിലിപ്പ് അവാർഡ് സമ്മാനിച്ചു.

കമ്മ്യൂണിറ്റി സേവനത്തിന് അവാർഡ് ലഭിച്ച സി ബി ഡേവിഡ് നാല് പതിറ്റാണ്ടുകളായി പൊതുസേവനം, കേരളീയ കലകൾ, സംസ്കാരം, മാനവിക സംരംഭങ്ങൾ, കമ്മ്യൂണിറ്റി നേതൃത്വം എന്നിവയിൽ സ്വയം സമർപ്പിച്ചിരിക്കുന്ന വ്യക്തിയാണ്. കേരള സെന്റർ യൂത്ത് ഫോറം സെക്രട്ടറി സാമുവൽ ജോസഫ് അദ്ദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്റർ ബോർഡ് മെമ്പറും കൈരളി ടിവി യൂസ്എ സാരഥിയുമായ ജോസ് കാടാപ്പുറം മുൻ ന്യൂയേർക്ക് സെനറ്റർ കെവിൻ തോമസിന്റെ സാന്നിദ്ധ്യത്തിൽ അവാർഡ് സമ്മാനിച്ചു.

വിദ്യാഭ്യാസമേഖലയിലെ മികവിനുള്ള അവാർഡ് ലഭിച്ച പ്രിൻസ് ജോൺസൺ 2026-ലെ ന്യൂയോർക്ക് സ്റ്റേറ്റ് ടീച്ചർ ഓഫ് ദ ഇയർ അവാർഡും 2025-ലെ ഗിൽഡർ ലേമൻ ന്യൂയോർക്ക് ഹിസ്റ്ററി ടീച്ചർ ഓഫ് ദ ഇയർ അവാർഡും നേടിയ 27 വർഷത്തെ പരിചയസമ്പന്നനായ അധ്യാപകനാണ്. കരിയർ, സാങ്കേതിക വിദ്യാഭ്യാസം എന്നിവയ്ക്ക് വേണ്ടി വാദിക്കുന്ന അദ്ദേഹം ന്യൂയോർക്ക് നഗരത്തിലെ ഫുഡ് ആൻഡ് ഫിനാൻസ് ഹൈസ്കൂളിൽ സാമൂഹിക ശാസ്ത്രം പഠിപ്പിക്കുകയും ചഥഇജട ക്ലൈമറ്റ് എഡ്യൂക്കേഷൻ ലീഡർഷിപ്പ് ടീമിൽ സേവനമനുഷ്ഠിക്കുകയും ചെയ്യുന്നു. കേരള സെന്ററിന്റെ മുൻ അവാർഡിയായ ഡോ. അന്ന ജോർജ് അദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്ററിന്റെ മുൻ അവാർഡിയും ബോർഡ് മെമ്പറും ഫോമാ മുൻ പ്രസിഡന്റുമായ ബേബി ഊരാളിൽ അവാർഡ് സമ്മാനിച്ചു.

പ്രവാസി മലയാള സാഹിത്യത്തിൽ അവാർഡ് ലഭിച്ച ജോസ് ചെരിപുറം പ്രതിഭാസമ്പന്നനായ കവിയും ഹാസ്യ സാഹിത്യകാരനുമാണ്. സർഗ്ഗവേദി, ലാന എന്നീ സാഹിത്യക്കൂട്ടായ്മകളിൽ സജീവമാണ് അദ്ദേഹം. കാവ്യനർത്തകി (കവിതകൾ 2011), അളിയന്റെ പടവലങ്ങ (നർമ്മം 2012) എന്നിവയാണ് അദ്ദേഹത്തിന്റെ കൃതികൾ.

അച്ചടി, ഓൺലൈൻ മാധ്യമങ്ങളിൽ കവിത, നർമ്മം, ലേഖനങ്ങൾ എന്നിവ എഴുതുന്നത് തുടരുന്നു. കേരള സെന്റർ മെമ്പർ ആമി ചെരിപുറം അദ്ദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്റർ മെമ്പറും അമേരിക്കൻ മലയാളി സമൂഹത്തിന്റെ ആദരണീയ നേതാവുമായ ജെ. മാത്യൂസ് അവാർഡ് സമ്മാനിച്ചു.

സർക്കാർ, പൊതുസേവനം എന്നീ മേഖലകളിലെ മികവിനുള്ള 2025 ലെ അവാർഡു ജേതാവും എന്നാൽ ഫാമിലി എമർജൻസി കാരണം ചടങ്ങിൽ പങ്കെടുക്കാൻ കഴിയാതിരുന്ന ഇൻസ്പെക്ടർ ഷിബു മധുവിനെ ഈ വർഷത്തെ ചടങ്ങിൽ ആദരിച്ചു. കേരള സെന്ററിന്റെ യൂത്ത് ഫോറം ട്രഷറർ ജോയൽ തോമസ് അദ്ദേഹത്തെപരിചയപ്പെടുത്തി. കേരള സെന്റർ ട്രസ്ടീ ബോർഡ് മെമ്പർ അറ്റോർണി അപ്പൻ മേനോൻ അവാർഡ് സമ്മാനിച്ചു.

ഈ അവാർഡ് ദാന ചടങ്ങിനോടനുബന്ധിച്ചിറക്കിയ സുവനീറിന്റെ പ്രകാശനം കമ്മിറ്റി ചെയർ മേരി ഫിലിപ്പ് മറ്റ് കമ്മിറ്റിയഗംങ്ങളായ ജോസ് കാടാപ്പുറം മാത്യു വാഴപ്പള്ളി എന്നിവരുടെ സാന്നിത്യത്തിൽ സർഗവേദി കോഓർഡിനേറ്റർ മനോഹർ തോമസിന് ഒരു കോപ്പി നൽകിക്കൊണ്ട് പ്രകാശനം ചെയ്തു.

പയനിയർ ക്ലബ്, സർഗ്ഗവേദി, ഗോപിയോ, ഫൊക്കാന ഫോമാ മുതലായ സംഘടനകളുടെ നേതാക്കൾ ഉൾപ്പെടെ നിരവധി കമ്മ്യൂണിറ്റി സംഘടനാ നേതാക്കൾ ചടങ്ങിൽ പങ്കെടുത്തു. കേരള സെന്റർ ഭാരവാഹികളായ എബ്രഹാം തോമസ്, ജോൺ പോൾ, മാത്യു വാഴപ്പള്ളി, ജെയ്സൺ ഗീവർഗീസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ചടങ്ങിന്റെ എംസിയായിരുന്ന ഡയ്സി സ്റ്റീഫൻ പള്ളിപ്പറമ്പിൽ ഈ പരിപാടിയെ ഹൃദയ സ്പർശിയായ ഒരനുഭവമാക്കി. തഹ്സീൻ, ബിൻസി, പ്രേം കൃഷ്ണൻ എന്നിവരുടെ മനോഹരമായ ഗാനങ്ങളും ഡോ. മധു പിള്ള കോർഡിനേറ്റു ചെയ്യുന്ന കലാഗ്രൂപ്പിലെ കലാകാരികളുടെ നൃത്തച്ചുവടുകളും അവാർഡ് ചടങ്ങിന് വർണ്ണപ്പകിട്ടേകി.

സെക്രട്ടറി രാജു തോമസ് വിശിഷ്ട വ്യക്തികൾക്കും സദസ്യർക്കും സ്പോൺസേഴ്സിനും ഈ പരിപാടി വിജയിപ്പിക്കുവാൻ പ്രവർത്തിച്ച എല്ലാവർക്കും നന്ദി പറഞ്ഞു. കൊട്ടിലിയൻ റെസ്റ്ററന്റ് കേറ്റർ ചെയ്ത വിഭവ സമൃദ്ധമായ ഡിന്നറോടുകൂടി 2026 ലെ അവാർഡ് ദാന ചടങ്ങിന് തിരശീല വീണു.



കേരളാംബയ്ക്ക് നമോവാകം



നന്ദകുമാർ ചാണയിൽ

1956 ൽ ഭാഷാടിസ്ഥാനത്തിൽ അതുവരെ ഛിന്നഭിന്നമായി കിടന്നിരുന്ന ഭൂപ്രദേശങ്ങൾ സംസ്ഥാനങ്ങളായി ക്രമീകരിക്കപ്പെട്ടതിനു ശേഷമാണ് സസ്യശ്യാമളകോമളമായ കേരളം രൂപീകൃതമായത്. കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നീ മൂന്നു പ്രദേശങ്ങൾ സംയോജിപ്പിച്ചാണ് 1956 നവംബർ മൂന്നാം തിയ്യതി കേരളപ്പിറവി ഉണ്ടായത്. അതിനു മുമ്പ്, തിരുവിതാംകൂറും കൊച്ചിയും ചേർന്നു തിരുകൊച്ചിയും പിന്നീട് തിരുകൊച്ചിയും മദിരാശിയുടെ ഭാഗമായിരുന്ന മലബാറും കൂടിചേർന്നാണ് ആധുനിക കേരളം രൂപീകൃതമായത്. ഏകദേശം 15035 ചതുരശ്ര മൈലിൽ ഒതുങ്ങുന്ന ഈ കൊച്ചു കേരളം തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, തേക്ക്, വീട്ടി, റബ്ബർ എന്നീ മരങ്ങളാലും, പച്ച പുതച്ചുകിടക്കുന്ന നെൽപാടങ്ങളാലും, മരച്ചീനി, ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ, ചീര, മുരിങ്ങ എന്നീ പച്ചക്കറി തോട്ടങ്ങളാലും വിദേശികളെ ആകർഷിക്കുന്നതിൽ അതിശയോക്തിയില്ല. വേനൽച്ചൂടും അതിവർഷവും ഒഴിച്ചാൽ മിതശീതോഷ്ണമായ ഭൂപ്രകൃതി ആവാസയോഗ്യതയ്ക്ക് മാറ്റുകൂട്ടുന്നു. പ്രാചീനകാലംതൊട്ട് രുചിവർദ്ധനയ്ക്ക് ആവശ്യമായ കശുവണ്ടി, ഏലം, കറുവാപ്പട്ട, കരയാമ്പൂ എന്നീ പലവ്യജ്ഞനങ്ങളാൽ സമൃദ്ധമായ കേരളം 'The Treasure Land of the East' എന്നാണല്ലൊ പ്രകീർത്തിക്കപ്പെട്ടിരിക്കുന്നത്.

പുരാതനകാലം തോട്ടേ ഫെനീഷ്യൽ കപ്പലുകൾ ഇന്ത്യൻ മഹാസമുദ്രത്തിന്റേയും അറബിക്കടലിന്റേയും തീരങ്ങളിൽ തിങ്ങികിടന്ന ഒരു ഭൂതകാലം നമുക്കുണ്ടായിരുന്നു. പ്ലീനി എന്ന സഞ്ചാരി കേരളത്തെ 'First Emporium of India' എന്നാണ് വാഴ്ത്തിയത്. അത് A.D. ഒന്നാം ശതാബ്ദത്തോടെയാണെന്നാണ് അനുമാനം. ആദ്യമായി വിദേശീയർ വന്നിറങ്ങിയ തുറമുഖം കൊടുങ്ങല്ലൂർ (Cranganore) ആണെന്ന് നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. ദക്ഷിണപ്രാന്തത്തിലുള്ള 'പൂവാർ' എന്ന ചെറു ഗ്രാമത്തി

ലാണ് സോളമൻ മഹാരാജാവ് കച്ചവടക്കപ്പലുകൾ ഇറക്കിയതെന്ന് രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. റോമൻ, ഡാനിഷ്, പോർച്ചുഗീസ്, ഡച്ച്, ഇംഗ്ലീഷ്, ചൈനീസ് എന്നീ വിദേശികൾ അവരവരുടെ കോളനികൾ കേരളത്തിൽ സ്ഥാപിക്കാൻ വെമ്പൽ കൂട്ടി. കൊടുങ്ങല്ലൂരിൽ ആഗസ്റ്റസ് രാജാവിന്റെ ബഹുമാനാർത്ഥം ഒരു മന്ദിരം സ്ഥാപിച്ചതായി പുരാതന ചരിത്ര രേഖകൾ വെളിപ്പെടുത്തുന്നു. മറ്റു രാജ്യങ്ങളിലെ മതവിധ്വംസനത്തിന്നിരയായവർക്ക് ഒരു അഭയസ്ഥാനമായും കേരളം വർത്തിച്ചിട്ടുണ്ട്. 'പെണ്ണു കാണാൻ വരുന്നവർ പെണ്ണിനേയും തട്ടിക്കൊണ്ടുപോയി' എന്ന പഴമൊഴിപോലെ, കാലക്രമേണ ഈ വിദേശികൾ രാജ്യഭരണം തന്നെ കയ്യേറിയത് ഒരു ചരിത്ര യാഥാർത്ഥ്യം!

പുരാതനകാലംതൊട്ട് പരദേശികളുമായി സമ്പർക്കമുണ്ടായിട്ടും, കേരളീയരായ വ്യത്യസ്ഥ മതക്കാർ അവരവരുടെ ജീവിത രീതികൾക്കും, മൂല്യങ്ങൾക്കും, വിശ്വാസങ്ങൾക്കും കോട്ടം വരുത്താതെ തനതായി സൂക്ഷിക്കാൻ ശ്രമിച്ചിട്ടുണ്ട്, ഒപ്പം നാനാത്വത്തിലും ഏകത്വം പുലർത്താനും ആദിശങ്കരാചാര്യർ വളരെ ചെറുപ്പത്തിൽ തന്നെ സന്യാസം സ്വീകരിച്ച്, കാൽനടയായി കാലടി മുതൽ കാശ്മീരം വരെ സഞ്ചരിച്ച് മഠങ്ങൾ സ്ഥാപിച്ച് ഹൈന്ദവ സംസ്ക്കാരം പ്രചരിപ്പിച്ച പണ്ഡിത ശ്രേഷ്ഠനായിരുന്നു അഹം ബ്രഹ്മാസ്മി എന്നു തുടങ്ങിയ മഹത് ഘോഷണങ്ങൾ നടത്തുവാൻ തക്ക സംപ്രാപ്തനായിരുന്നു അക്കാലത്തിൽ സമാധിയടഞ്ഞ ഈ തത്വചിന്തകൾ. ഹിന്ദുമതത്തിലെ പോരായ്മകൾ തീർക്കാൻ ഭൂജാതനായ മറ്റൊരു ഋഷിവര്യനായിരുന്നു ശ്രീനാരായണ ഗുരുദേവൻ. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം' എന്ന ചിന്താസരണിയിലൂടെ സാമൂഹ്യ സൗഹാർദ്ദത്തിൽ അദ്ദേഹം കിണഞ്ഞു പരിശ്രമിച്ചു. അതിനുമുമ്പ് ശുദ്ധ ആര്യവംശാനുഗാമികളായി നമ്പൂതിരി വംശജരെ കണക്കാക്കി. പൗരോഹിത്യവും, പാണ്ഡിത്യവും, നർമ്മവിശാരതയും ഒരു കാലത്ത് അവരുടെ കുത്തകയായിരുന്നു. നമ്പൂതിരി ഗൃഹങ്ങളെ ഇല്ലം എന്നും സ്ത്രീകളെ 'അന്തർജനങ്ങൾ' എന്ന പേരിലും അറിയപ്പെട്ടു. കേരളത്തിലെ പ്രബലരായ നായർ സമൂഹത്തിൽ ഒരു മക്കത്തായ സമ്പ്രദായ പ്രകാരം തലമുതിർന്ന തറവാട്ടമ്മയുടെ ആദ്യപുത്രനെയാണ് കാരണവരായി ഗൗനിച്ചിരുന്നത്. ഈഴവൻ എന്നറിയപ്പെട്ട മറ്റൊരു പ്രബല ഹിന്ദുസമുദായക്കാരുടെ മുഖ്യ തൊഴിൽ കൃഷിയായിരുന്നു.

സംഖ്യാബലത്തിലും സംഘബലത്തിലും പ്രമുഖമായ മറ്റൊരു മതമാണ് ക്രിസ്തുമതം. ഭാരതത്തിൽ തന്നെ ഏറ്റവും ക്യസ്തീയ സ്വാധീനമുള്ള ഒരു പ്രദേശമാണ് കൊല്ലം. 1293 A.D. യിൽ കൊല്ലം സന്ദർശിച്ച മാർക്കൊപോളൊ നെസ്റ്റോറിയൻ ക്യസ്താനികളേയും യൂഹറേയും കൊല്ലത്തു കണ്ടതായ പരാമർശമുണ്ട്. ക്രിസ്തുമതത്തിന്റെയും ഇസ്ലാം മതത്തിന്റെയും യഹൂദന്മാരുടെ ജൂതമതത്തിന്റെയും ആദിമകേന്ദ്രം കൊടുങ്ങല്ലൂരു തന്നെ. 7-ാം നൂറ്റാണ്ട് സി.ഇ.യിൽ ഇസ്ലാം മതം ആദ്യമായി കേരളത്തിൽ പ്രചരിപ്പിക്കപ്പെട്ടു എന്ന് പറയപ്പെടുന്നു. 14-ാം നൂറ്റാണ്ടിൽ കൊല്ലത്ത് 5 മുസ്ലീം ദേവാലയങ്ങൾ ഉള്ളതായി



അറിയുന്നു. എന്നാൽ മാവേലിക്കരുടെ പ്രാന്തപ്രദേശങ്ങളിൽ നടന്ന പുരാവസ്തു ഗവേഷണം, ഈ പ്രദേശങ്ങളും ഒരു കാലത്ത് ബുദ്ധമത സ്വാധീന മേഖലയായിരുന്നുന്നെന്നും കാണുന്നു. ബുദ്ധദേവന്റെ വിഗ്രഹങ്ങൾ ഈ പ്രദേശങ്ങളിൽ നിന്ന് കണ്ടെടുത്തിട്ടുണ്ട്.

കുമിളി പ്രാന്തപ്രദേശങ്ങളിലെ കുന്നിൻ പുറനിവാസികളുടെ ആചാരസമ്പ്രാദയങ്ങളും മാമൂലുകളും ഗവേഷക ജിജ്ഞാസയും താല്പര്യാതിശയവും ഉളവാക്കിയിരുന്നു. അത്തരക്കാരിലുള്ള ഒരു വർഗ്ഗക്കാർ പണ്ടാരന്മാർ എന്ന പേരിലാണ് അറിയപ്പെട്ടത്. അലഞ്ഞുതിരിയുന്ന ഈ കൂട്ടർ നായാട്ടിൽ അമ്പും വില്ലും മറ്റു പ്രാകൃതായുധങ്ങളും ചടുലമായി പ്രയോഗിച്ചു വന്നു. വനോല്പന്നങ്ങൾ മാത്രം ഭുജിച്ച് ഗുഹകൾ ആവാസകേന്ദ്രങ്ങളാക്കി ജീവിച്ചു. തേനും മെഴുക്കും മറ്റും കൈമാറി പകരം ഉപ്പും തീപ്പെട്ടിയും മറ്റും വാങ്ങി ജീവിത സാന്ധാരണം കഴിച്ചു. ഏലക്കാതോട്ടങ്ങളിൽ 'ഊരാളികൾ' എന്നറിയപ്പെട്ടവരാണ് വസിച്ചിരുന്നത്. അവരെ അത്യപൂർവ്വമായി സമതല പ്രദേശങ്ങളിലും ഗ്രാമച്ചന്തകളിലും ദൃശ്യമാവാറുണ്ട്.

കേരളത്തിന്റെ തനതായ നൃത്തരൂപങ്ങളാണല്ലോ ഓട്ടൻതുള്ളലും കഥകളിയും. ചമൽക്കാരപൂർണ്ണമായ ഈ നൃത്തരൂപങ്ങളുടെ സങ്കീർണ്ണത കൈവരിക്കാൻ നീണ്ട അദ്ധ്യയന പരിശ്രമം അത്യന്താപേക്ഷിതമാണ്. പുരാണോതിഹാസങ്ങളാണ് പ്രധാന കഥാതന്തു. ചാക്യാർക്കൂത്ത്, മോഹിയാട്ടം എന്നീ കലാരൂപങ്ങളും കീർത്തികേട്ടവതന്നെ. തിരുവോണാഘോഷങ്ങൾ, ആറന്മുള വള്ളംകളി, തൃശ്ശൂർപൂരം, കേരളത്തനിമയാർന്ന മുണ്ടും വേഷ്ടിയുമണിഞ്ഞ് ഓട്ടുവിളക്കിനു ചുറ്റുമുള്ള തരുണീമണികളുടെ തിരുവാതിരക്കളി എന്നിവ കേരളത്തിനു സ്വന്തം തന്നെ. ആനക്കൊമ്പും ഇതരമൃഗങ്ങളുടെ കൊമ്പും കൊണ്ടുള്ള കരകൗശലവസ്തുക്കളും, ആറന്മുള കണ്ണാടിയും, സ്വർണ്ണവും വെള്ളിയും കൊണ്ടുള്ള ചിത്രപണികളോടുകൂടിയ പട്ടാംബരങ്ങളും സുപ്രധാനം തന്നെ.

ഈസ്റ്റർ, ക്രിസ്തുമസ്, കുരുത്തോല പെരുന്നാൾ എന്നീ ക്രിസ്തീയ ആഘോഷങ്ങളും, ഈദ്, ബക്രീദ്, മുഹറം മുതലായ മുഹമ്മദീയ പെരുന്നാളും, കലാ സാംസ്കാരിക പരിപാടികളും കേരളത്തിന്റെ സമ്പുഷ്ടത വിളിച്ചോതുന്നു.

പലപ്പോഴായി കുടുംബമൊന്നിച്ച് കേരളത്തിൽ പോകുമ്പോൾ ഞങ്ങൾ കണ്ട്, ആസ്വദിച്ച ചില സന്ദർശന കേന്ദ്രങ്ങൾ: തേയിലത്തോട്ടങ്ങൾ, അണക്കെട്ടുകൾ, അക്വേറിയം, ചീനവലകൾ, ഫാക്റ്ററികൾ, മ്യൂസിയങ്ങൾ, കാഴ്ചബംഗളാവുകൾ, ആനക്കോട്ട, വെള്ളച്ചാട്ടങ്ങൾ, അമ്പലങ്ങൾ, പള്ളികൾ.

ഈ ലേഖനം പൂർണ്ണവിരാമമിടുന്നതിനു മുമ്പ് കേരളത്തെക്കുറിച്ചുള്ള ചില പാട്ടുകളും ഇതാ:

*കേരളം, കേരളം, കേളിക്കൊട്ടുയരുന്ന കേരളം.

*മാമലകൾക്കപ്പുറത്ത് മരതകപ്പട്ടുടുത്ത്.

*കൈരളി കൈരള കാവ്യകൈരളി

*സഹ്യസാനുശ്രുതി ചേർത്തു വെച്ച മണിവീണയാണെന്റെ കേരളം.

*നമസ്തെ കൈരളി നടന ഗാന കേളി.

* ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ 'കേരള' എന്ന പ്രസിദ്ധീകരണത്തോടും ശ്രീ.ഏ.ശ്രീധരമേനോന്റെ 'കേരളചരിത്രം' എന്ന കൃതിയോടും ശ്രീ,കെ.എം. പണിക്കരുടെ 'ഇന്ത്യ പാസ്റ്റ് ആന്റ് പ്രസന്റ്' എന്ന രചനയോടും കടപ്പാട്.

em The Weekly
emalayalee.com

സനോജ് സ്റ്റീഫന്റെ ഓർമ്മക്കായി ഉഴവൂരിൽ നാട്ടുകാർക്ക് നടക്കാനൊരു 'നല്ല വഴി;' ഇ.എം. സ്റ്റീഫന് നന്ദി

സനോജ് സ്മാരക പാർക്ക് ഉഴവൂരിൽ നവംബർ 18 – ന് തുറക്കും.

പ്രവാസി മലയാളി ഇലവുങ്കൽ ഇ.എം. സ്റ്റീഫൻ മകൻ സനോജിന്റെ ഓർമ്മയ്ക്കായി നാടിന് സമർപ്പിക്കുന്ന സംരംഭം



ഉഴവൂർ: സ്വസ്ഥമായി അൽപനേരം നടക്കാം. യോഗയും വ്യായാമവും ചെയ്യാം. ഉഴവൂർ ടൗണിനു തൊട്ടടുത്തടുത്ത് റോഡരികത്ത് സനോജ് സ്റ്റീഫൻ സ്മാരക ട്രസ്റ്റ് നിർമിക്കുന്ന പാർക്ക് വേറിട്ടൊരു സങ്കൽപത്തിന്റെ സാക്ഷാൽകാരമാണ്.

പ്രവാസി മലയാളിയും സാമൂഹിക പ്രവർത്തകനുമായ ഇലവുങ്കൽ ഇ.എം.സ്റ്റീഫൻ നിർമിക്കുന്ന പാർക്ക് നവംബർ 18ന് തുറക്കും. മാങ്കനാൽ പാലത്തിനു സമീപം സ്ഥലം വാങ്ങി ലക്ഷങ്ങൾ മുടക്കി തയാറാക്കുന്ന പാർക്കിൽ രാവിലെയും വൈകിട്ടും നടക്കാനും വ്യായാമം ചെയ്യാനും സൗകര്യം ഉണ്ടായിരിക്കും.

പൊതുജനങ്ങൾക്കു പ്രവേശനം സൗജന്യം. അകാലത്തിൽ പൊലിഞ്ഞ മകൻ സനോജിന്റെ ഓർമകൾ നിലനിർത്തുന്നതിനാണ് സ്റ്റീഫൻ ജന്മദേശത്ത് ഇത്തരത്തിലൊരു സംരംഭത്തിനു തുടക്കം കുറിയ്ക്കുന്നത്. 40 സെന്റ് സ്ഥലത്തു നടപ്പുവഴിയും യോഗ, വ്യായാമ സൗകര്യങ്ങളും ഒരുക്കിയിരിക്കുന്നു. വഴിയുടെ വശങ്ങൾ പൂച്ചെടികൾ നട്ട് മനോഹരമാക്കി. യേശുക്രിസ്തു മുതൽ വയലാർ രാമവർമ വരെ 18 പേരുടെ അർധകായ പ്രതിമകൾ പാർക്കിലേക്കു ആളുകളെ സ്വാഗതം ചെയ്യുന്നു.

പാർക്കിൽ എത്തുന്ന ഓരോരുത്തരുടെയും ജീവിതത്തിൽ എപ്പോഴെങ്കിലും സ്വാധീനം ചെലുത്തിയിട്ടുള്ളവരുടെ പ്രതിമകളാണ് ഇവിടെയുള്ളത്. അതിൽ 3 പേര് ഉഴവൂരിലും കുറിച്ചിത്താനത്തും ജനിച്ചു വേറിട്ട പാതയിലൂടെ നടന്നവർ.

നാടൻ ഭക്ഷണം നൽകുന്ന ചെറിയൊരു കഫേ കൂടി ആരംഭിക്കാൻ പദ്ധതിയുണ്ട്. നവംബർ 18ന് പ്രവർത്തനം ആരംഭിക്കുകയാണ് ലക്ഷ്യമെന്നു ഇ.എം.സ്റ്റീഫൻ പറഞ്ഞു. രാവിലെ 6.30 മുതൽ 8.30 വരെയും വൈകിട്ട് 6 മുതൽ 7.30 വരെയുമായിരിക്കും പ്രവർത്തനം.

അര നൂറ്റാണ്ട് മുൻപ് 1977ൽ അമേരിക്കയിലേക്കു കുടിയേറിയ സ്റ്റീഫൻ ഇപ്പോഴും സാമൂഹിക രംഗത്ത് സജീവമാണ്. മിലിറ്ററി എൻജിനീയറിങ് സർവിസിൽ സേവനം ചെയ്ത ശേഷമായിരുന്നു അമേരിക്കയിലേക്ക് പോയത്

അമേരിക്കൻ മലയാളികളുടെ കൂട്ടായ്മക്കായി പ്രവർത്തിച്ച അദ്ദേഹം ഇന്ത്യൻ അമേരിക്കൻ ഫോറം ഫോർ പൊളിറ്റിക്കൽ എജ്യൂക്കേഷൻ എന്ന സംഘടനയുടെ ന്യൂയോർക്ക് ചാപ്റ്റർ ചാപ്റ്റർ ചെയർമാനായിരുന്നു. കേരള സെന്ററിന്റെ സ്ഥാപകൻ. കുടുംബാംഗങ്ങൾ എല്ലാവരും അമേരിക്കയിലാണെങ്കിലും സ്റ്റീഫൻ വർഷത്തിൽ പല തവണ നാട്ടിൽ എത്തും.



സ്റ്റീഫന്റെയും ചിന്നമ്മയുടെയും മകനും അന്താരാഷ്ട്ര റിയൽ എസ്റ്റേറ്റ് ഗ്രൂപ്പ് 'സത്ബീസ് ഇന്റർനാഷണൽ റിയൽറ്റി' യുടെ സീനിയർ വൈസ് പ്രസിഡന്റും ജനറൽ കൗൺസലുമായ സനോജ് സ്റ്റീഫൻ (51) ഈ ജൂണിലാണ് അന്തരിച്ചത്.

2006 മുതൽ കമ്പനിയുടെ കോർപ്പറേറ്റ് ബ്രോക്കറേജ് ഓപ്പറേഷൻസിന്റെ സീനിയർ വൈസ് പ്രസിഡന്റായും ജനറൽ കൗൺസലായും പ്രവർത്തിച്ചു. കമ്പനിയുടെ ഫ്രാഞ്ചൈസി ലീഗൽ അഡൈസറാണ്. സതബീസിൽ വരുന്നതിനു മുമ്പ് ലോ ഫേമായ 'ക്രാമർ ലെവിൻ നാഫ്താലിസ് & ഫ്രാങ്കൽ' ൽ കോർപ്പറേറ്റ് അറ്റോർണിയായിരുന്നു.

ന്യൂമാർക്ക് & കമ്പനി റിയൽ എസ്റ്റേറ്റ് കിരയുടെ ജനറൽ കൗൺസിൽ ഓഫീസിലും മുൻപ് റെബൂൾ, മക്മുറെ, ഹെവിറ്റ്, മെയ്നാർഡ് & ക്രിസ്റ്ററൽ എന്നറിയപ്പെടുന്ന റോപ്സ് & ഗ്രേ ലോ ഫേമിന്റെ ന്യൂയോർക്ക് ഓഫീസിൽ ജോലി





ചെയ്തിട്ടുണ്ട്.

ന്യൂയോർക്ക് സ്റ്റേറ്റ് ബാർ അസോസിയേഷന്റെ കോർപ്പറേറ്റ് കൗൺസൽ സെക്ഷൻ ഓഫീസറായി പ്രവർത്തിച്ചിട്ടുണ്ട്. ഹ്യൂ ഒബ്രയാൻ യൂത്ത് ലീഡർഷിപ്പിന്റെ ബോർഡ് ഓഫ് ട്രസ്റ്റിയിലും ഗവേണിംഗ് ബോഡി അംഗമായും, 2015-16 കാലയളവിൽ ബോർഡ് ഓഫ് ട്രസ്റ്റീസ് പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

കൊളംബിയ യൂണിവേഴ്സിറ്റിയിൽ നിന്നും (Cum Laude) ബിരുദവും ഫോർധാം ലോ സ്കൂളിൽ നിന്ന് (J.D) ബിരുദവും നേടി.

ഭാര്യ: ജോമിഷ (അറ്റോർണി, ഡൗർട്ട്മൗത്ത് കോളേജ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഫോർ സ്ട്രാറ്റജി & സ്പെഷ്യൽ കൗൺസൽ ടു ദി പ്രസിഡന്റാണ്).

മക്കൾ: ബെയ്ലി സ്റ്റീഫൻ, കോണർ സ്റ്റീഫൻ.

സഹോദരങ്ങൾ: ഡെയ്സി സ്റ്റീഫൻ പള്ളിപ്പറമ്പിൽ, കെന്നി പള്ളിപ്പറമ്പിൽ

Blue Ocean
Wealth Solutions

CELEBRATING 30 Yrs Service & Commitment

A member of the MassMutual Financial Group



Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

BUSINESS NEEDS

Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*

Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

PERSONAL NEEDS

Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

Philipose Samuel (Sam)
30 Years of Service
Financial Service Representative Financial Advisor
O: (516) 326-7028 | C: (516) 312-2902
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number 516 774 4283

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

കെ.സി.എസ്. ചിക്കാഗോയുടെ ''കാരുണ്യ സ്പർശം'' പദ്ധതിക്ക് കേരളത്തിൽ തുടക്കമായി!



ഷാജി കുര്യൻ
കെ.സി.എസ് ജനറൽ സെക്രട്ടറി

ചിക്കാഗോ, ഒക്ടോബർ 31, 2026: സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വൃക്കരോഗികൾക്ക് സൗജന്യ ഡയാലിസിസ് സഹായം ലഭ്യമാക്കുന്നതിനും വൃക്കരോഗങ്ങൾ നേരത്തേ കണ്ടെത്തി പ്രതിരോധിക്കുന്നതിനുമായി കെ.സി.എസ്. ചിക്കാഗോയുടെ നേതൃത്വത്തിൽ ''കാരുണ്യ സ്പർശം'' എന്ന ജീവകാരുണ്യ പദ്ധതിക്ക് തുടക്കമായി.

ഡെസ് പ്ലെയിൻസിലെ കെ.സി.എസ്. കമ്മ്യൂണിറ്റി സെന്ററിൽ നടന്ന ചടങ്ങിൽ കെ.സി.എസ്. പ്രസിഡന്റ് ജോസ് ആനമല പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു. പ്രോജക്ട് ചെയർമാൻ ഷിബു പീറ്റർ വെട്ടുകല്ലേലും വൈസ് ചെയർമാൻ ജോസ് ജോർജ് മേലാണ്ടശ്ശേരിലും പദ്ധതിയുടെ ലക്ഷ്യങ്ങളും പ്രവർത്തനരീതികളും വിശദീകരിച്ചു.

നിർധനരായ രോഗികൾക്ക് സൗജന്യ ഡയാലിസിസ് സഹായം

കേരളത്തിലെ പാലാ ആസ്ഥാനമായി പ്രവർത്തിക്കുന്ന പീറ്റർ ഫൗണ്ടേഷനുമായി സഹകരിച്ചാണ് കാരുണ്യ സ്പർശം പദ്ധതി നടപ്പിലാക്കുന്നത്.

സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ജീവൻ നിലനിർത്താൻ അനിവാര്യമായ ഡയാലിസിസ് ചികിത്സ തുടരാൻ കഴിയാതെ വിഷമിക്കുന്ന അർഹരായ വൃക്കരോഗികൾക്ക് സൗജന്യ ചികിത്സാസഹായം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

വൃക്കരോഗങ്ങൾ നേരത്തേ കണ്ടെത്താൻ മൊബൈൽ ലബോറട്ടറി സേവനങ്ങൾ.

ഡയാലിസിസ് സഹായത്തിനു പുറമേ, വൃക്കരോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തു



ന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കാരുണ്യ സ്പർശം പദ്ധതി പ്രത്യേക പ്രാധാന്യം നൽകുന്നു.

ഇതിനായി ആധുനിക പരിശോധനാ സൗകര്യങ്ങളോടുകൂടിയ മൊബൈൽ ലബോറട്ടറി സജ്ജീകരിച്ചിട്ടുണ്ട്. മുൻകൂട്ടി നിശ്ചയിക്കുന്ന സമയക്രമത്തിന്റെയും അറിയിപ്പുകളുടെയും അടിസ്ഥാനത്തിൽ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ മൊബൈൽ ലബോറട്ടറി എത്തി രക്തപരിശോധനകളും മൂത്രപരിശോധനകളും നടത്തും. യോഗ്യതയുള്ള ഡോക്ടർമാരുടെ മേൽനോട്ടത്തിൽ നഴ്സുമാരുടെയും മറ്റ് ആരോഗ്യപ്രവർത്തകരുടെയും സഹകരണത്തോടെയായിരിക്കും പരിശോധനകൾ നടത്തുക. മൊബൈൽ ലബോറട്ടറിക്കു പുറമേ സ്ഥിരം ലബോറട്ടറി സൗകര്യങ്ങളും പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്. വൃക്കരോഗങ്ങൾ പ്രാരംഭഘട്ടത്തിൽ കണ്ടെത്തി ആവശ്യമായ വൈദ്യോപദേശവും തുടർപരിശോധനകളും ചികിത്സയും ഉറപ്പാക്കുന്നതിലൂടെ രോഗത്തിന്റെ തീവ്രത കുറയ്ക്കാനും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കാനും രോഗികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സഹായാഭ്യർത്ഥനകൾ വർധിക്കുന്നു; കൂടുതൽ സ്പോൺസർമാരെ ആവശ്യമുണ്ട്.

പദ്ധതിയുടെ ഉദ്ഘാടനവേളയിൽ സംസാരിച്ച പ്രോജക്ട് ചെയർമാൻ ഷിബു പീറ്റർ വെട്ടുകല്ലേൽ, കേരളത്തിലെ രോഗികൾക്ക് സൗജന്യ ഡയാലിസിസ് സഹായം ലഭ്യമാക്കുന്നതിനായി വിവിധ സംസ്ഥാനങ്ങളിൽനിന്ന് ഇതിനകം ആറോളം അന്വേഷണങ്ങൾ ലഭിച്ചതായി അറിയിച്ചു. വരും ദിവസങ്ങളിൽ കൂടുതൽ സഹായാഭ്യർത്ഥനകൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും കൂടുതൽ അർഹരായ രോഗികളിലേക്ക് പദ്ധതിയുടെ സേവനങ്ങൾ വ്യാപിപ്പിക്കുന്നതിന് സ്പോൺസർമാരുടെയും സുമനസ്സുകളുടെയും സാമ്പത്തിക സഹകരണം അനിവാര്യമാണെന്നും വൈസ് ചെയർമാൻ ജോസ് ജോർജ് മേലാണ്ടശ്ശേരി വ്യക്തമാക്കി.

ചടങ്ങിൽ ആശംസകൾ അർപ്പിച്ച ജോയൽ എലക്കാട്ട്, ഇത്തരമൊരു മഹത്തായ ജീവകാരുണ്യ പ്രവർത്തനത്തിന് നേതൃത്വം നൽകുന്ന കെ.സി.എസ്. ചിക്കാഗോയെ അഭിനന്ദിച്ചു.

കെ.സി.എസ്. വൈസ് പ്രസിഡന്റ് മാറ്റ് വിലങ്ങാട്ടുശ്ശേരിലും ട്രഷറർ ടീന നെടുവാമ്പുഴയും കാരുണ്യ സ്പർശം പദ്ധതിക്ക് നേതൃത്വം നൽകുന്ന ഷിബു പീറ്റർ വെട്ടുകല്ലേലിനെയും ജോസ് ജോർജ് മേലാണ്ടശ്ശേരിയെയും അഭിനന്ദിക്കുകയും പദ്ധതിയുടെ വിജയത്തിന് ആശംസകൾ നേരുകയും ചെയ്തു.

കാരുണ്യത്തിന്റെ കരങ്ങൾ കോർക്കാം; ജീവൻ രക്ഷിക്കാം!

സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന വൃക്ക രോഗികൾക്ക് ആശ്വാസവും പ്രതീക്ഷയും പകരുന്ന ഈ മഹത്തായ ജീവകാരുണ്യ സംരംഭത്തിൽ പങ്കാളികളാകാൻ എല്ലാ കെ.സി.എസ്. അംഗങ്ങളോടും അഭ്യുദയകാംക്ഷികളോടും സ്പോൺസർമാരോടും കെ.സി.എസ്. ചിക്കാഗോ അഭ്യർത്ഥിക്കുന്നു.

കേരളത്തിൽ ഡയാലിസിസ് ചികിത്സയ്ക്കുള്ള ചെലവ് വഹിക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്ന നിർധനരായ വൃക്കരോഗികളെക്കുറിച്ച് അറിവുള്ളവർ ദയവായി ബന്ധപ്പെട്ട കെ.സി.എസ്. ഭാരവാഹികളെ വിവരം അറിയിക്കുക. അർഹരായ രോഗികൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

''കാരുണ്യ സ്പർശം സ്നേഹത്തിന്റെ കരുതലോടെ ജീവിതങ്ങളെ സ്പർശിക്കാം; പ്രതീക്ഷയുടെ പുതുവെളിച്ചം പകരാം!''



പിറന്ന നാട് ജന്മദിന നിറവിൽ:
ചരിത്ര വേരുകളിൽനിന്ന് നവകേരള സ്വപ്നങ്ങളിലേക്ക്...

എ.എസ് ശ്രീകുമാർ

നവംബർ ഒന്ന് കേരളത്തിന് കേവലം ഒരു ജന്മദിനമല്ല. നൂറ്റാണ്ടുകളുടെ ചരിത്രവും ഭാഷാപരമായ ഐക്യവും സാംസ്കാരിക വൈവിധ്യവും ജനകീയ മുന്നേറ്റങ്ങളും ചേർന്നെഴുതിയ ഒരു ജനതയുടെ സ്വത്വപ്രഖ്യാപനം കൂടിയാണത്. മലകളും പുഴകളും കടലും പച്ചപ്പും ചേർന്നൊരുക്കിയ പ്രകൃതിയുടെ മനോഹാരിതയ്ക്കപ്പുറം, അറിവിനെയും സാമൂഹിക നീതിയെയും മനുഷ്യ സ്നേഹത്തെയും ജീവിത മൂല്യങ്ങളായി ഉയർത്തിപ്പിടിച്ച ഒരു ജനതയുടെ യാത്രയുടെ ഓർമപ്പെടുത്തൽ കൂടിയാണ് കേരളപ്പിറവി.


ചരിത്ര വഴികളിലൂടെ

1956 നവംബർ ഒന്നിനാണ് മലയാളം സംസാരിക്കുന്ന പ്രദേശങ്ങളെ ഏകോപിപ്പിച്ച് ആധുനിക കേരളസംസ്ഥാനം രൂപംകൊണ്ടത്. ഭാഷാടിസ്ഥാനത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളുടെ അതിർത്തികൾ പുനർനിർണയിച്ച സംസ്ഥാന പുനഃസംഘടനാ നിയമത്തിന്റെ പശ്ചാത്തലത്തിലായിരുന്നു ഈ ചരിത്ര സംഭവം. എന്നാൽ കേരളത്തിന്റെ ചരിത്രം 1956-ൽ ആരംഭിക്കുന്നതല്ല. നൂറ്റാണ്ടുകൾക്കപ്പുറത്തേക്ക് നീളുന്ന സംസ്കാരത്തിന്റെയും വ്യാപാരത്തിന്റെയും രാഷ്ട്രീയമാറ്റങ്ങളുടെയും സാമൂഹിക മുന്നേറ്റങ്ങളുടെയും സമ്പന്നമായ പാരമ്പര്യം ഈ മണ്ണിനുണ്ട്.

പ്രാചീനകാലം മുതൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ പ്രധാന വ്യാപാരകേന്ദ്രങ്ങളിലൊന്നായിരുന്നു കേരളത്തിന്റെ തീരപ്രദേശം. സുഗന്ധവ്യഞ്ജനങ്ങളായ കുരുമുളകും ഏലവും കറുവപ്പട്ടയും തേടി അറബ്, റോമൻ, ഗ്രീക്ക് വ്യാപാരികൾ മലബാർ തീരത്തെത്തിയിരുന്നു. പശ്ചിമേഷ്യയുമായും മെഡിറ്ററേനിയൻ പ്രദേശങ്ങളുമായും കേരളം പുലർത്തിയിരുന്ന വ്യാപാര ബന്ധങ്ങൾ ഈ നാടിനെ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമാക്കി.

അശോക ചക്രവർത്തിയുടെ ശിലാശാസനങ്ങളിൽ പരാമർശിക്കപ്പെടുന്ന 'കേരളപുത്ര' എന്ന പേര് കേരളത്തിന്റെ പ്രാചീന രാഷ്ട്രീയചരിത്രത്തിലേക്കുള്ള പ്രധാന സൂചനകളിലൊന്നാണ്. സംഘകാല സാഹിത്യത്തിലും കേരളത്തിന്റെ ആദ്യകാല ചരിത്രത്തെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. പ്രാചീന കേരളത്തിന്റെ രാഷ്ട്രീയ-സാംസ്കാരിക വളർച്ചയിൽ ചേരരാജവംശം നിർണായക പങ്കുവഹിച്ചു.

പിൽക്കാലത്ത് വേണാട്, കോഴിക്കോട്ടെ സാമൂതിരിയുടെ രാജ്യം, കൊച്ചി തുടങ്ങിയ പ്രാദേശിക ഭരണകൂടങ്ങൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അധികാരം സ്ഥാപിച്ചു. കച്ചവടത്തിന്റെ പ്രാധാന്യം യൂറോപ്യൻ ശക്തികളെയും ഈ മണ്ണിലേക്ക്



ആകർഷിച്ചു. 1498-ൽ വാസ്കോ ഡ ഗാമ കാപ്പാട് തീരത്തെത്തിയതോടെ യൂറോപ്യൻ സമുദ്ര വ്യാപാരത്തിന്റെ പുതിയ അധ്യായത്തിന് തുടക്കമായി.

പോർച്ചുഗീസുകാർക്കും ഡച്ചുകാർക്കും പിന്നാലെ ബ്രിട്ടീഷുകാരും കേരളത്തിന്റെ രാഷ്ട്രീയ-സാമ്പത്തിക ജീവിതത്തിൽ സ്വാധീനം ചെലുത്തി. വിദേശാധിപത്യത്തിനെതിരായ പോരാട്ടങ്ങളും പ്രാദേശിക ഭരണകൂടങ്ങൾ തമ്മിലുള്ള സംഘർഷങ്ങളും സാമൂഹിക മാറ്റങ്ങൾക്കായുള്ള മുന്നേറ്റങ്ങളും കേരളത്തിന്റെ ആധുനിക ചരിത്രത്തെ രൂപപ്പെടുത്തി.

ഐക്യകേരളമെന്ന സ്വപ്നം

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പ് ഇന്നത്തെ കേരളം പ്രധാനമായും മൂന്ന് ഭരണപ്രദേശങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ബ്രിട്ടീഷ് മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്ന മലബാർ, തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങൾ. ഭരണപരമായി വ്യത്യസ്തമായിരുന്നെങ്കിലും മലയാളഭാഷയും സാംസ്കാരിക പാരമ്പര്യവും ഈ പ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിച്ചിരുന്നു. മലയാളം സംസാരിക്കുന്ന ജനതയെ ഒരു ഭരണ സംവിധാനത്തിനു കീഴിൽ കൊണ്ടുവരണമെന്ന ആവശ്യം ക്രമേണ ശക്തമായി. ഐക്യകേരള പ്രസ്ഥാനം എന്ന പേരിൽ അറിയപ്പെട്ട ഈ ജനകീയ മുന്നേറ്റം ഭാഷാപരമായ ഐക്യത്തിനും ഭരണപരമായ ഏകീകരണത്തിനും വേണ്ടിയുള്ള ചരിത്രപരമായ പോരാട്ടമായിരുന്നു.

1949 ജൂലൈ ഒന്നിന് തിരുവിതാംകൂറും കൊച്ചിയും ലയിച്ച് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം രൂപംകൊണ്ടു. എന്നാൽ മലബാർ അപ്പോഴും മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിക്കണമെന്ന ആവശ്യം ശക്തമായതോടെ ഐക്യകേരളമെന്ന സ്വപ്നം യാഥാർഥ്യത്തിലേക്ക് അടുത്തു. 1956 നവംബർ ഒന്നിന് മലബാർ ജില്ലയും കാസർകോട് താലൂക്കും തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തോട് ചേർത്തു. അതേസമയം, തിരുവിതാംകൂർ-കൊച്ചിയുടെ തെക്കൻ താലൂക്കുകളിൽ നാലെണ്ണം അന്നത്തെ മദ്രാസ് സംസ്ഥാനത്തോട് ചേർന്നു. അങ്ങനെയാണ് ഇന്നത്തെ കേരളസംസ്ഥാനം രൂപംകൊണ്ടത്. ഐക്യകേരളത്തിന്റെ പിറവി ഒരു ഭരണപരമായ പുനഃസംഘടന മാത്രമായിരുന്നില്ല. മലയാളഭാഷയ്ക്കും സാംസ്കാരിക സ്വത്വത്തിനും ചരിത്രപരമായ അംഗീകാരം ലഭിച്ച നിമിഷം കൂടിയായിരുന്നു അത്.

ഐതിഹ്യവും ചരിത്രവും ഇഴചേരുന്ന മണ്ണ്

പരശുരാമൻ മഴു എറിഞ്ഞ് കടലിൽനിന്ന് കേരളഭൂമി വീണ്ടെടുത്തുവെന്ന ഐതിഹ്യം ഈ നാടിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ഏറ്റവും പ്രസിദ്ധമായ പുരാണകഥകളിലൊന്നാണ്. മഹാവിഷ്ണുവിന്റെ അവതാരമായ പരശുരാമനുമായി കേരളത്തിന്റെ സൃഷ്ടിയെ ബന്ധിപ്പിക്കുന്ന ഈ വിശ്വാസം തലമുറകളിലൂടെ കൈമാറിവരുന്നു. എന്നാൽ ഐതിഹ്യങ്ങളും ചരിത്രരേഖകളും വ്യത്യസ്തമായ

അറിവിന്റെ മേഖലകളാണ്. പുരാവസ്തു അവശിഷ്ടങ്ങൾ, ശിലാശാസനങ്ങൾ, സാഹിത്യകൃതികൾ, വിദേശസഞ്ചാരികളുടെ വിവരണങ്ങൾ എന്നിവയിലൂടെ കേരളത്തിന്റെ ഭൂതകാലത്തെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാനാകും.

ഇടുക്കിയിലെ പ്രാചീന ശവസംസ്കാര സ്മാരകങ്ങൾ, എടക്കൽ ഗുഹകളിലെ ശിലാചിത്രങ്ങൾ, വിവിധ പ്രദേശങ്ങളിൽ കണ്ടെത്തിയ മെഗാലിത്തിക് അവശിഷ്ടങ്ങൾ എന്നിവ ഈ മണ്ണിലെ മനുഷ്യജീവിതത്തിന്റെ പഴക്കത്തിലേക്കും സാംസ്കാരിക വളർച്ചയിലേക്കും വെളിച്ചം വീശുന്നു. ജൂതർ, ക്രിസ്ത്യാനികൾ, മുസ്ലിങ്ങൾ തുടങ്ങിയ വിവിധ മതസമൂഹങ്ങളുടെ ചരിത്രസാന്നിധ്യവും കേരളത്തിന്റെ സാമൂഹിക രൂപീകരണത്തിൽ നിർണായകമാണ്. വ്യാപാരബന്ധങ്ങളിലൂടെയും കുടിയേറ്റങ്ങളിലൂടെയും മത-സാംസ്കാരിക ഇടപെടലുകളിലൂടെയും രൂപപ്പെട്ട വൈവിധ്യം കേരളത്തിന്റെ ചരിത്രത്തിന് സവിശേഷമായ സ്വഭാവം നൽകി.


നവോത്ഥാനം മാറ്റിയെഴുതിയ കേരളം


ആധുനിക കേരളത്തിന്റെ രൂപീകരണത്തിൽ സാമൂഹിക നവോത്ഥാന പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് വിസ്മരിക്കാനാവില്ല. ജാതിവിവേചനവും അയിത്തവും സാമൂഹിക അസമത്വങ്ങളും നിലനിന്നിരുന്ന കാലത്ത് മനുഷ്യന്റെ അന്തസ്സിനും സമത്വത്തിനും വേണ്ടി നിരവധി മഹാന്മാർ മുന്നിട്ടിറങ്ങി. ശ്രീനാരായണഗുരു, അയ്യങ്കാളി, ചട്ടമ്പിസ്വാമികൾ, സഹോദരൻ അയ്യപ്പൻ, വക്കം മൗലവി, പണ്ഡിറ്റ് കറുപ്പൻ തുടങ്ങിയ നവോത്ഥാന നായകർ വ്യത്യസ്ത മേഖലകളിൽ സാമൂഹികമാറ്റത്തിന് നേതൃത്വം നൽകി. വിദ്യാഭ്യാസത്തിനും ആരാധനാസ്വാതന്ത്ര്യത്തിനും പൊതുവഴികളിൽ സഞ്ചരിക്കാനുള്ള അവകാശത്തിനും സാമൂഹികനീതിക്കും വേണ്ടിയുള്ള പോരാട്ടങ്ങൾ കേരളത്തിന്റെ സാമൂഹികബോധത്തെ മാറ്റിമറിച്ചു.


വൈക്കം സത്യഗ്രഹം, ഗുരുവായൂർ സത്യഗ്രഹം തുടങ്ങിയ സമരങ്ങൾ സാമൂഹിക സമത്വത്തിനായുള്ള ജനകീയ മുന്നേറ്റങ്ങളുടെ ചരിത്രത്തിൽ ശ്രദ്ധേയമായ സ്ഥാനമുണ്ട്. ദേശീയ സ്വാതന്ത്ര്യസമരവും തൊഴിലാളി-കർഷക പ്രസ്ഥാനങ്ങളും കേരളത്തിന്റെ രാഷ്ട്രീയബോധത്തെയും സാമൂഹിക ഘടനയെയും സ്വാധീനിച്ചു. 1957-ൽ കേരളത്തിൽ അധികാരത്തിലെത്തിയ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് മന്ത്രിസഭയും സംസ്ഥാനത്തിന്റെ രാഷ്ട്രീയചരിത്രത്തിലെ സുപ്രധാന അധ്യായമാണ്. വിദ്യാഭ്യാസം, ഭൂപരിഷ്കരണം, പൊതുജനക്ഷേമം തുടങ്ങിയ മേഖലകളിൽ പിന്നീട് നടന്ന മാറ്റങ്ങൾ കേരളത്തിന്റെ സാമൂഹിക വികസനത്തിന് വഴിയൊരുക്കി.

അറിവും ആരോഗ്യവും മനുഷ്യ ശേഷിയും

ഇന്ത്യയിലെ മറ്റു പല പ്രദേശങ്ങളിൽനിന്നും വ്യത്യസ്തമായ വികസനപാതയാണ് കേരളം പിന്തുടർന്നത്. വിദ്യാഭ്യാസത്തിന് നൽകിയ പ്രാധാന്യം,







സാമൂഹിക രൂപീകരണത്തിൽ നിർണായകമാണ്. വ്യാപാരബന്ധങ്ങളിലൂടെയും കുടിയേറ്റങ്ങളിലൂടെയും മത-സാംസ്കാരിക ഇടപെടലുകളിലൂടെയും രൂപപ്പെട്ട വൈവിധ്യം കേരളത്തിന്റെ ചരിത്രത്തിന് സവിശേഷമായ സ്വഭാവം നൽകി.

നവോത്ഥാനം മാറ്റിയെഴുതിയ കേരളം

ആധുനിക കേരളത്തിന്റെ രൂപീകരണത്തിൽ സാമൂഹിക നവോത്ഥാന പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് വിസ്മരിക്കാനാവില്ല. ജാതിവിവേചനവും അയിത്തവും സാമൂഹിക അസമത്വങ്ങളും നിലനിന്നിരുന്ന കാലത്ത് മനുഷ്യന്റെ അന്തസ്സിനും സമത്വത്തിനും വേണ്ടി നിരവധി മഹാന്മാർ മുന്നിട്ടിറങ്ങി. ശ്രീനാരായണഗുരു, അയ്യങ്കാളി, ചട്ടമ്പിസ്വാമികൾ, സഹോദരൻ അയ്യപ്പൻ, വക്കം മൗലവി, പണ്ഡിറ്റ് കറുപ്പൻ തുടങ്ങിയ നവോത്ഥാന നായകർ വ്യത്യസ്ത മേഖലകളിൽ സാമൂഹികമാറ്റത്തിന് നേതൃത്വം നൽകി. വിദ്യാഭ്യാസത്തിനും ആരാധനാസ്വാതന്ത്ര്യത്തിനും പൊതുവഴികളിൽ സഞ്ചരിക്കാനുള്ള അവകാശത്തിനും സാമൂഹികനീതിക്കും വേണ്ടിയുള്ള പോരാട്ടങ്ങൾ കേരളത്തിന്റെ സാമൂഹികബോധത്തെ മാറ്റിമറിച്ചു.

വൈക്കം സത്യഗ്രഹം, ഗുരുവായൂർ സത്യഗ്രഹം തുടങ്ങിയ സമരങ്ങൾ സാമൂഹിക സമത്വത്തിനായുള്ള ജനകീയ മുന്നേറ്റങ്ങളുടെ ചരിത്രത്തിൽ ശ്രദ്ധേയമായ സ്ഥാനമുണ്ട്. ദേശീയ സ്വാതന്ത്ര്യസമരവും തൊഴിലാളി-കർഷക പ്രസ്ഥാനങ്ങളും കേരളത്തിന്റെ രാഷ്ട്രീയബോധത്തെയും സാമൂഹിക ഘടനയെയും സ്വാധീനിച്ചു. 1957-ൽ കേരളത്തിൽ അധികാരത്തിലെത്തിയ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് മന്ത്രിസഭയും സംസ്ഥാനത്തിന്റെ രാഷ്ട്രീയചരിത്രത്തിലെ സുപ്രധാന അധ്യായമാണ്. വിദ്യാഭ്യാസം, ഭൂപരിഷ്കരണം, പൊതുജനക്ഷേമം തുടങ്ങിയ മേഖലകളിൽ പിന്നീട് നടന്ന മാറ്റങ്ങൾ കേരളത്തിന്റെ സാമൂഹിക വികസനത്തിന് വഴിയൊരുക്കി.

അറിവും ആരോഗ്യവും മനുഷ്യ ശേഷിയും

ഇന്ത്യയിലെ മറ്റു പല പ്രദേശങ്ങളിൽനിന്നും വ്യത്യസ്തമായ വികസനപാതയാണ് കേരളം പിന്തുടർന്നത്. വിദ്യാഭ്യാസത്തിന് നൽകിയ പ്രാധാന്യം, പൊതുജനാരോഗ്യ സംവിധാനങ്ങളുടെ വളർച്ച, സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ, സ്ത്രീ വിദ്യാഭ്യാസത്തിന്റെ വ്യാപനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ എന്നിവ ഈ വളർച്ചയിൽ നിർണായകമായി. ഉയർന്ന സാക്ഷരത, മെച്ചപ്പെട്ട ആരോഗ്യസൂചികകൾ, ഉയർന്ന ആയുർദൈർഘ്യം, സാമൂഹിക

ക്ഷേമ പദ്ധതികൾ എന്നിവ കേരളത്തിന്റെ വികസനമാതൃകയുടെ പ്രധാന സവിശേഷതകളായി മാറി. സ്ത്രീകളുടെ വിദ്യാഭ്യാസത്തിലും പൊതുജീവിതത്തിലെ പങ്കാളിത്തത്തിലും ശ്രദ്ധേയമായ പുരോഗതി കൈവരിക്കാനായി.

കേരളത്തിന്റെ നേട്ടങ്ങൾക്കു പിന്നിൽ സർക്കാരുകളുടെ നയങ്ങൾ മാത്രമല്ല, സാമൂഹിക നവോത്ഥാന പ്രസ്ഥാനങ്ങൾ, അധ്യാപകർ, ആരോഗ്യപ്രവർത്തകർ, തൊഴിലാളികൾ, കർഷകർ, സന്നദ്ധസംഘടനകൾ, സാധാരണ ജനങ്ങൾ എന്നിവരുടെ കൂട്ടായ പരിശ്രമവുമുണ്ട്. എന്നാൽ ഈ നേട്ടങ്ങൾക്കൊപ്പം വികസനത്തിന്റെ ഗുണനിലവാരത്തെക്കുറിച്ചുള്ള ചോദ്യങ്ങളും ഉയരുന്നു. വിദ്യാഭ്യാസമുള്ള യുവാക്കൾക്ക് മതിയായ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, വ്യവസായ-സംരംഭക മേഖലകൾ വിപുലീകരിക്കുക, കാർഷിക മേഖലയെ ശക്തിപ്പെടുത്തുക, പൊതുജനാരോഗ്യ സംവിധാനങ്ങളെ കാലാനുസൃതമായി നവീകരിക്കുക എന്നിവ കേരളം കൂടുതൽ ശ്രദ്ധിക്കേണ്ട മേഖലകളാണ്.

ലോകമെമ്പാടുമുള്ള മലയാളി സാന്നിധ്യം

കേരളത്തിന്റെ ആധുനിക ചരിത്രത്തിൽ പ്രവാസജീവിതത്തിന് നിർണായക സ്ഥാനമുണ്ട്. ഗൾഫ് രാജ്യങ്ങളിലേക്കുള്ള തൊഴിൽ കുടിയേറ്റം മുതൽ യൂറോപ്പ്, അമേരിക്ക, കാനഡ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേക്കുള്ള വിദ്യാഭ്യാസ-തൊഴിൽ കുടിയേറ്റം വരെ മലയാളികളുടെ സാന്നിധ്യം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപിച്ചു. പ്രവാസികളുടെ അധ്വാനവും



സാമ്പത്തിക സംഭാവനകളും കേരളത്തിലെ കുടുംബങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലും ഭവനനിർമാണം, വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ, ചെറുകിട സംരംഭങ്ങൾ തുടങ്ങിയ മേഖലകളിലും വലിയ സ്വാധീനം ചെലുത്തി.

അമേരിക്കയിലെ മലയാളി സംഘടനകൾ മുതൽ ഗൾഫ് രാജ്യങ്ങളിലെ സാംസ്കാരിക കൂട്ടായ്മകൾ വരെ കേരളത്തിന്റെ ഭാഷയും കലയും സാഹിത്യവും ആഘോഷങ്ങളും പുതുതലമുറയിലേക്ക് കൈമാറുന്നതിൽ സജീവമാണ്. ഓണം, വിഷു, കേരളപ്പിറവി തുടങ്ങിയ ആഘോഷങ്ങൾ ജന്മനാടുമായുള്ള വൈകാരിക ബന്ധം നിലനിർത്താനുള്ള വേദികളായി മാറുന്നു. അതേസമയം, യുവാക്കളുടെ വിദേശത്തേക്കുള്ള കുടിയേറ്റം, പ്രായമായവരുടെ വർധിക്കുന്ന അനുപാതം, കുടുംബഘടനയിലെ മാറ്റങ്ങൾ എന്നിവ കേരളത്തിന്റെ ഭാവി ആസൂത്രണത്തിൽ പരിഗണിക്കേണ്ട വിഷയങ്ങളാണ്. പ്രവാസികളുടെ അറിവും നൈപുണ്യവും നിക്ഷേപശേഷിയും കേരളത്തിന്റെ വികസനവുമായി കൂടുതൽ ഫലപ്രദമായി ബന്ധിപ്പിക്കേണ്ടതുണ്ട്.

പ്രകൃതിയുടെ വരദാനം; പരിസ്ഥിതിയുടെ വെല്ലുവിളി

പശ്ചിമഘട്ടത്തിന്റെ ജൈവവൈവിധ്യവും അറബിക്കടലിന്റെ തീരസൗന്ദര്യവും നദികളും കായലുകളും പച്ചപ്പാർന്ന താഴ്വരകളും കേരളത്തെ പ്രകൃതിസമ്പന്നമാക്കുന്നു. വിനോദസഞ്ചാര മേഖലയുടെ വളർച്ചയ്ക്കും കാർഷികജീവിതത്തിനും ഈ പ്രകൃതിവൈവിധ്യം വലിയ പിന്തുണയാണ് നൽകുന്നത്. എന്നാൽ കാലാവസ്ഥാ വ്യതിയാനം, പ്രളയം, ഉരുൾപൊട്ടൽ, തീരശോഷണം, ജലസ്രോതസ്സുകളുടെ മലിനീകരണം, മാലിന്യസംസ്കരണത്തിലെ അപര്യാപ്തത തുടങ്ങിയ പ്രശ്നങ്ങൾ സംസ്ഥാനത്തിന് ഗൗരവമായ വെല്ലുവിളികളാണ് ഉയർത്തുന്നത്.

2018-ലെ പ്രളയവും തുടർന്നുള്ള വർഷങ്ങളിലെ പ്രകൃതിദുരന്തങ്ങളും ദുരന്തപ്രതിരോധത്തിന്റെയും ശാസ്ത്രീയമായ ഭൂവിനിയോഗത്തിന്റെയും പ്രാധാന്യം ഓർമിപ്പിച്ചു. വികസനവും പരിസ്ഥിതിസംരക്ഷണവും പരസ്പരം വിരുദ്ധമായ ലക്ഷ്യങ്ങളല്ലെന്നും ദീർഘകാല പുരോഗതിക്ക് രണ്ടും അനിവാര്യമാണെന്നും കേരളം തിരിച്ചറിയേണ്ട കാലമാണിത്. നദികളും കായലുകളും സംരക്ഷിക്കുക, വനമേഖലകളുടെ സ്വാഭാവികത നിലനിർത്തുക, മാലിന്യസംസ്കരണം കാര്യക്ഷമമാക്കുക, പ്രകൃതിദുരന്തങ്ങളെ നേരിടാൻ പ്രാദേശികതലത്തിൽ സജ്ജീകരണങ്ങൾ ശക്തിപ്പെടുത്തുക എന്നിവ ഭാവിതലമുറ

യോടുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗമാണ്.

കേരളം മുന്നോട്ടുവയ്ക്കേണ്ട പുതിയ സ്വപ്നങ്ങൾ

കേരളപ്പിറവി ആഘോഷിക്കുമ്പോൾ ചരിത്രത്തിലെ നേട്ടങ്ങൾ ഓർമിക്കുന്നതുപോലെ ഭാവിയുടെ ദിശയും പരിശോധിക്കേണ്ടതുണ്ട്. അറിവിനെ സമ്പത്താക്കി മാറ്റുന്ന സമ്പദ്‌വ്യവസ്ഥ, യുവാക്കൾക്ക് ഗുണമേന്മയുള്ള തൊഴിൽ, സ്ത്രീകൾക്ക് കൂടുതൽ അവസരങ്ങൾ, എല്ലാവർക്കും പ്രാപ്യമായ ആരോഗ്യപരിരക്ഷ, കൃഷിക്കും ചെറുകിട വ്യവസായങ്ങൾക്കും പുതുജീവൻ, പരിസ്ഥിതിക്ക് ഇണങ്ങുന്ന വികസനം എന്നിവയാണ് പുതിയ കേരളം ലക്ഷ്യമിടേണ്ടത്.

കൃത്രിമബുദ്ധി, ഡിജിറ്റൽ സാങ്കേതികവിദ്യ, ശാസ്ത്രഗവേഷണം, വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയിൽ മുന്നേറാനുള്ള അവസരങ്ങൾ കേരളത്തിന് മുന്നിലുണ്ട്. അതോടൊപ്പം മലയാളഭാഷയെയും സാഹിത്യത്തെയും കലകളെയും പ്രാദേശിക പൈതൃകത്തെയും സംരക്ഷിക്കാനും പുതുതലമുറയ്ക്ക് അവ കൈമാറാനും ശ്രദ്ധ വേണം. വികസനത്തിന്റെ അളവുകോൽ കെട്ടിടങ്ങളുടെയും റോഡുകളുടെയും എണ്ണത്തിൽ മാത്രം ഒതുങ്ങരുത്. ഓരോ മനുഷ്യനും മാന്യമായി ജീവിക്കാനുള്ള അവസരം ലഭിക്കുന്നുണ്ടോ, പിന്നാക്കാവസ്ഥയിലുള്ളവർക്ക് മുന്നേറാൻ കഴിയുന്നുണ്ടോ, പ്രകൃതിവിഭവങ്ങൾ വരുംതലമുറയ്ക്കായി സംരക്ഷിക്കപ്പെടുന്നുണ്ടോ എന്നതും വികസനത്തിന്റെ മാനദണ്ഡങ്ങളാകണം.

അഭിമാനത്തിനൊപ്പം ഉത്തരവാദിത്വവും

ഐക്യകേരളത്തിന്റെ പിറവിക്ക് പിന്നിൽ ഒരു ജനതയുടെ ഭാഷാപരമായ ഐക്യവും സാംസ്കാരികമായ അടുപ്പവും ജനകീയമായ ആഗ്രഹവുമുണ്ടായിരുന്നു. ആ ചരിത്രത്തെ ആദരിക്കുന്നതിന്റെ യഥാർഥ അർഥം ഭൂതകാലത്തെ പുകഴ്ത്തുന്നതിൽ മാത്രം ഒതുങ്ങുന്നില്ല. പൂർവികർ സ്വപ്നം കണ്ട സാമൂഹികനീതിയും സമത്വവും പുരോഗതിയും പുതിയ കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച്മുന്നോട്ടുകൊണ്ടുപോകുന്നതിലാണ് അതിന്റെ പ്രസക്തി. മലയാളം സംസാരിക്കുന്ന മനുഷ്യരെ ഒരു സംസ്ഥാനത്തിന്റെ അതിർത്തിക്കുള്ളിൽ ഒന്നിപ്പിച്ച കേരളപ്പിറവി, ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്ന മലയാളികളെയും വൈകാരികമായി ഒരുമിപ്പിക്കുന്നു. ഭൂമിശാസ്ത്രപരമായ അകലങ്ങൾ വർധിച്ചാലും ഭാഷയും സംസ്കാരവും ഓർമകളും ജന്മനാടിനോടുള്ള സ്നേഹവും ആ ബന്ധത്തെ നിലനിർത്തുന്നു.

ചരിത്രത്തിന്റെ വേരുകളിൽ ഉറച്ചുനിന്നുകൊണ്ട് ഭാവിയുടെ പുതിയ ചക്രവാളങ്ങളിലേക്ക് മുന്നേറുക. അറിവിന്റെ വെളിച്ചം കൊണ്ട് അജ്ഞതയെ അകറ്റുക. സമത്വത്തിലൂടെ സമൂഹത്തെ ശക്തിപ്പെടുത്തുക. പ്രകൃതിയെ സംരക്ഷിച്ചുകൊണ്ട് വികസനത്തിന്റെ പുതിയ മാതൃകകൾ സൃഷ്ടിക്കുക. കേരളപ്പിറവിയുടെ യഥാർഥ സന്ദേശം അതാണ് ചരിത്രത്തിൽ അഭിമാനിക്കുന്നതിനൊപ്പം വർത്തമാനത്തെ ഉത്തരവാദിത്വത്തോടെ മാറ്റിയെടുക്കുകയും വരുംതലമുറയ്ക്കായി കൂടുതൽ നീതിയുള്ളതും സമ്പന്നവും സുസ്ഥിരവുമായ ഒരു കേരളം കെട്ടിപ്പടുക്കുകയും ചെയ്യുക.

***

വാനോളം സ്വപ്നങ്ങൾ
ചിറകിലേന്തി,
സഹ്യനിൽ തലയുയർത്തി
കേരളമേ,
നീയെന്നും പച്ചപ്പിൻ വിസ്മയം;
മലമുഴക്കി വേഴാമ്പൽ തൻ
മൊഴിയിതാ കേൾക്കുവാൻ....
''മലയാളമേ, മണ്ണേ,
മമതയോടെ വാഴുക,
നൂറ്റാണ്ടുകൾ താണ്ടി..!''



NRS PAY

TAP, DIP, SWIPE OR KEY!



ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.

अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।

- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

GET STARTED TODAY!
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

മലയാളികളായ മുതിർന്ന പൗരന്മാർക്കായി ഒരു പുതിയ സ്ഥാപനം; റോക്ക്‌ലാൻഡിൽ ലൂമ ഗോൾഡൻ ഡേയ്സിന് പ്രൗഢമായ തുടക്കം!

ബാർഡോണിയ, ന്യൂയോർക്ക്: റോക്ക്‌ലാൻഡ് കൗണ്ടിയിലെമുതിർന്നപൗരന്മാരുടെ ക്ഷേമത്തിനും സാമൂഹിക ഇടപെടലുകൾക്കും പ്രാധാന്യം നൽകുന്ന LUMA Golden Days Social Adult Day Care സെന്ററിന്റെ റിബൺ കട്ടിംഗ് ചടങ്ങ് ഒക്ടോബർ 23-ന് ബാർഡോണിയയിൽ നടന്നു.

ന്യൂയോർക്ക് കോൺഗ്രസ് അംഗം മൈക്ക് ലോലർ (Mike Lawler), ന്യൂയോർക്ക് സ്റ്റേറ്റ് സെനറ്റർ ബിൽ വെബർ (Bill Weber), ക്ലാർക്സ്ടൗൺ സൂപ്പർവൈസർ ജോർജ് ഹോമാൻ (George Hoehmann), റോക്ക്‌ലാൻഡ് കൗണ്ടി ലെജിസ്ലേറ്റീവ് വൈസ് ചെയർമാൻ ആനി പോൾ (Aney Paul) എന്നിവരുടെ സാന്നിധ്യം ചടങ്ങിന് ശ്രദ്ധേയമായി.

മുതിർന്നവർക്കായി സൗഹൃദവും സന്തോഷവും നിറഞ്ഞ പകൽസമയം

വീട്ടിൽ ഒറ്റപ്പെട്ട് കഴിയേണ്ടിവരുന്ന മുതിർന്നവർക്ക് മറ്റുള്ളവരുമായി ഇടപഴകാനും പുതിയ സൗഹൃദങ്ങൾ സ്ഥാപിക്കാനും വിനോദപരിപാടികളിൽ പങ്കെടുക്കാനും



അവസരമൊരുക്കുകയാണ് സോഷ്യൽ അഡൾട്ട് ഡേ കെയറിന്റെ പ്രധാന ലക്ഷ്യം.

സംഗീതം, പാട്ട്, നൃത്തം, കലാപരിപാടികൾ, കര കൗശല പ്രവർത്തനങ്ങൾ, ഓർമ്മശക്തി ഉത്തേജിപ്പിക്കുന്ന ഗെയിമുകൾ, കൂട്ടായ ചർച്ചകൾ, സാംസ്കാരിക ആഘോഷങ്ങൾ, അനുയോജ്യമായ ലഘു വ്യായാമങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ അംഗങ്ങൾക്ക് സജീവവും സന്തോഷകരവുമായ ദിനചര്യ ഒരുക്കുന്നു.

ഇന്ത്യൻ സമൂഹത്തിലെ മുതിർന്നവർക്കും മലയാളി കുടുംബങ്ങൾക്കും സ്വന്തം ഭാഷയും സംസ്കാരവും പങ്കുവെക്കാനും സൗഹൃദബന്ധങ്ങൾ വളർത്താനും കഴിയുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ലൂമ ഗോൾഡൻ ഡേയ്സ് പ്രാധാന്യം നൽകുന്നു. ഗതാഗതം, പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം എന്നിവയും ഉൾപ്പെടുന്നു









കേന്ദ്രത്തിന്റെ പരിപാടിയുടെ ഭാഗമായി അർഹരായ അംഗങ്ങൾക്ക് ഗതാഗത സൗകര്യവും പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും ലഭ്യമാക്കുന്നു. ഇതിലൂടെ കുടുംബങ്ങൾക്ക് കൂടുതൽ സൗകര്യവും മുതിർന്നവർക്ക് ദിവസം ക്രമബദ്ധമായും സന്തോഷകരമായും ചെലവഴിക്കാനുള്ള അവസരവും ലഭിക്കുന്നു.





ഇൻഷുറൻസ് വഴി ചെലവുകൾക്ക് പരിരക്ഷ ലഭിക്കുമോ?

യോഗ്യതയും ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യങ്ങളും അംഗീകൃത സേവനപരിധിയും അനുസരിച്ച്, അർഹരായവർക്ക് സോഷ്യൽ അഡൾട്ട് ഡേ കെയർ സേവനങ്ങളുടെ ചെലവുകൾ ഇൻഷുറൻസ് വഴി പരിരക്ഷിക്കപ്പെടാൻ സാധ്യതയുണ്ട്.

ഇതിന്റെ യോഗ്യതയെക്കുറിച്ചോ സേവനങ്ങൾക്കുള്ള പരിരക്ഷയെക്കുറിച്ചോ സംശയമുള്ളവർ ലൂമ ഗോൾഡൻ ഡേയ്സുമായി ബന്ധപ്പെടാവുന്നതാണ്. ആവശ്യമായ വിവരങ്ങൾ മനസ്സിലാക്കുന്നതിനും യോഗ്യത പരിശോധിക്കുന്നതിനും അപേക്ഷാ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനും കേന്ദ്രത്തിലെ ജീവനക്കാർ സഹായിക്കും. ഇൻഷുറൻസ് പരിരക്ഷ ഓരോ വ്യക്തിയുടെയും പദ്ധതിയും അംഗീകാരവും അനുസരിച്ചായിരിക്കും; അതിനാൽ സേവനം ആരംഭിക്കുന്നതിന് മുമ്പ് പരിരക്ഷ സ്ഥിരീകരിക്കേണ്ടതാണ്.

കുടുംബങ്ങൾക്ക് ആശ്വാസം, മുതിർന്നവർക്ക് പുതിയ സൗഹൃദങ്ങൾ

സോഷ്യൽ അഡൾട്ട് ഡേ കെയർ ഒരു നഴ്സിംഗ് ഹോമിന് തുല്യമല്ല. മുതിർന്നവർക്ക് പകൽസമയത്ത് സാമൂഹിക ഇടപെടലുകൾ, വിനോദം, അനുയോജ്യമായ പിന്തുണ എന്നിവ ലഭ്യമാക്കുന്ന കേന്ദ്രമാണിത്. കുടുംബാംഗങ്ങൾക്ക് അവരുടെ ദൈനംദിന ഉത്തരവാദിത്തങ്ങൾ നിർവഹിക്കുമ്പോൾ പ്രിയപ്പെട്ടവർക്ക് സാമൂഹികമായും സജീവമായും സമയം ചെലവഴിക്കാനുള്ള അവസരവും ഇതിലൂടെ ലഭിക്കുന്നു.

മുതിർന്നവരുടെ ജീവിതത്തിൽ സന്തോഷവും ആത്മവിശ്വാസവും സാമൂഹിക ബന്ധങ്ങളും വളർത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനം ആരംഭിച്ച ലൂമ ഗോൾഡൻ ഡേയ്സ്, റോക്ക്ലാൻഡ് കൗണ്ടിയിലെ കുടുംബങ്ങൾക്ക് പുതിയൊരു പ്രതീക്ഷയാകുകയാണ്.

കൂടുതൽ വിവരങ്ങൾക്കും യോഗ്യത പരിശോധിക്കുന്നതിനും ബന്ധപ്പെടുക

LUMA Golden Days - Social Adult Day Care

160 Route 304, Bardonia, NY 10954

845-501-7717

lumagoldendays@gmail.com

“നമ്മുടെ മുതിർന്നവരുടെ ഓരോ ദിനവും സന്തോഷവും സൗഹൃദവും കരുതലും നിറഞ്ഞതാകട്ടെ അതാണ് ലൂമ ഗോൾഡൻ ഡേയ്സിന്റെ ലക്ഷ്യം.“

കേരളപ്പിറവിയും ദീപാവലിയും ആഘോഷിച്ച് പാലിസേഡ്സ് സെന്ററിൽ ഇന്ത്യൻ പൈതൃകോത്സവം



emalayalee.com

ന്യൂയോർക്ക്: റോക്ക്ലാൻഡ് കൗണ്ടി ലെജിസ്ലേറ്റർ ഡോ. ആനി പോൾ, ഇച്ചാ (ICHAA) ക്ലബ്ബിന്റെ സഹകരണത്തോടെ നവംബർ ഒന്നിന് പാലിസേഡ്സ് സെന്ററിൽ ഇന്ത്യൻ പൈതൃകോത്സവം സംഘടിപ്പിച്ചു. കേരളപ്പിറവിയുടെയും ദീപാവലിയുടെയും സന്തോഷം പങ്കിടാൻ കുടുംബങ്ങളും ജനപ്രതിനിധികളും സാമൂഹിക നേതാക്കളും കലാകാരന്മാരും ഒത്തുചേർന്നു.

കേരളത്തിന്റെ ഭാഷാസാംസ്കാരിക പൈതൃകവും ദീപാവലിയുടെ പ്രകാശം, പ്രത്യാശ, സൗഹാർദം എന്നീ സന്ദേശങ്ങളും സമന്വയിപ്പിച്ച ആഘോഷമായിരുന്നു ഇത്. ഇച്ചാ ക്ലബ്ബിന്റെ സ്ഥാപകയും ചെയർമാനുമായ ലെജിസ്ളേറ്റർ ഡോ. ആനി പോൾ സ്വാഗതം ആശംസിച്ചു. സാംസ്കാരിക പാരമ്പര്യങ്ങൾ വരുംതലമുറകൾക്ക് കൈമാറുന്നതിന്റെയും സമൂഹത്തിലെ സൗഹൃദബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെയും പ്രാധാന്യം അവർ ചൂണ്ടിക്കാട്ടി.

വിശിഷ്ടാതിഥിയായി ന്യൂയോർക്ക് ഗവർണർ കാത്തി ഹോക്കലിന്റെ ഓഫീസിൽ ഏഷ്യൻ കാര്യങ്ങളുടെ ഡയറക്ടർ ആയ സിബു നായർ പങ്കെടുത്തു. ഇച്ചാ ക്ലബ് പ്രസിഡന്റ് മാത്യു വർഗീസ് ജനപ്രതിനിധികളെയും സാമൂഹിക നേതാക്കളെയും പരിചയപ്പെടുത്തി. ടീന ആശിഷ് അവതാരകയായി പരിപാടിക്ക് നേതൃത്വം നൽകി.

എസ്തർ ജോൺ ആലപിച്ച അമേരിക്കൻ ദേശീയഗാനത്തോടെയും സാറാ ജോൺ ആലപിച്ച ഇന്ത്യൻ ദേശീയഗാനത്തോടെയും പരിപാടികൾക്ക് തുടക്കമായി. തുടർന്ന് ഭരതനാട്യം, കുച്ചിപ്പുടി, ബോളിവുഡ് നൃത്തം, ഗാനങ്ങൾ എന്നിവ ആഘോഷത്തിന് നിറപ്പകിട്ടേകി.

കോൺഗ്രസ് അംഗം മൈക്ക് ലോലർ, ക്ലാർക്സ്ടൗൺ സൂപ്പർവൈസർ ജോർജ് ഹോമാൻ, റോക്ക്ലാൻഡ് കൗണ്ടി ലെജിസ്ലേച്ചർ ചെയർമാൻ ജെയ് ഹുഡ്, കൗണ്ടി ലെജിസ്ലേറ്റർ ബെത്ത് ഡേവിഡ്സൺ, ടൗൺ കൗൺസിൽ അംഗങ്ങൾ, എൻ.എ.എ.സി.പി. പ്രസിഡന്റ് വില്ലി ട്രോട്ട്മാൻ തുടങ്ങിയവരും പരിപാടിയിൽ പങ്കെടുത്തു. നിരവധി സാമൂഹിക നേതാക്കളും ഇലക്ഷനിൽ സ്ഥാനാർഥികളും പരിപാടിയിൽ പങ്കെടുത്തു.

ഗ്ലോബൽ മുദ്ര പെർഫോമിങ് ആർട്സ്, മയൂര സ്കൂൾ ഓഫ്

ഡാൻസ്, നാട്യമുദ്ര സ്കൂൾ ഓഫ് ഡാൻസ്, സാത്വിക ഡാൻസ് അക്കാദമി, ടീം നർത്തന, പത്മ ഇന്ത്യൻ ഡാൻസ് സ്റ്റുഡിയോ, ശിവായ് ഡാൻസ് അക്കാദമി എന്നിവയിലെ കലാകാരന്മാർ നൃത്തപരിപാടികൾ അവതരിപ്പിച്ചു. ഇന്ദ്ര രാജശേഖർ, ബിന്ദിയ ശബരിനാഥ്, ലിസ ജോസഫ്, ദേവിക നായർ, മേരി അലീന വെട്ടിച്ചിറ-മാത്യു, ജസ്റ്റിൻ ജോൺ എന്നിവർ കലാപരിപാടികൾക്ക് നേതൃത്വം നൽകി. ജോയ് മാത്യു, അലക്സ് ജോർജ്, ഷാജി ജോസഫ് എന്നിവർ ഗാനങ്ങൾ ആലപിച്ചു.

ആഘോഷത്തോടനുബന്ധിച്ച് നയാക്ക് ആശുപത്രിയുടെ നേതൃത്വത്തിൽ സൗജന്യ ഫ്ലൂ പ്രതിരോധ കുത്തിവയ്പ്പുകൾ നൽകി. നാഷണൽ ഇന്ത്യൻ നഴ്സ് പ്രാക്ടീഷണേഴ്സ് അസോസിയേഷൻ ഓഫ് അമേരിക്ക നിൻപാ (NINPAA) പ്രസിഡന്റ് സാറാ അമ്പാട്ടിന്റെ നേതൃത്വത്തിൽ ആരോഗ്യവിവരങ്ങളും ബോധവത്കരണവും നൽകി. റെഡ് ക്രോസ്, സെന്റർ ഫോർ സേഫ്റ്റി ആൻഡ് ചേഞ്ച്, എവേക്ക് എന്നീ സംഘടനകളും പരിപാടിയിൽ പങ്കെടുത്ത് തങ്ങളുടെ സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങളുമായി പങ്കുവച്ചു.

ഇച്ചാ ക്ലബ് ജോയിന്റ് സെക്രട്ടറി സിന്ധി രാജ് നന്ദി രേഖപ്പെടുത്തി. ഈ പരിപാടി വളരെ നല്ല രീതിയിൽ സംഘടിപ്പിച്ച ലെജിസ്ലേറ്റർ ഡോ. ആനി പോളിന് പ്രത്യേക നന്ദി രേഖപ്പെടുത്തി. കലാകാരന്മാർ, കലാസംവിധായകർ, അതിഥികൾ, ക്ലബ് ഭരണസമിതി അംഗങ്ങൾ, യൂത്ത് കൗൺസിൽലിയോ ക്ലബ് അംഗങ്ങൾ, ആരോഗ്യപ്രവർത്തകർ, സന്നദ്ധപ്രവർത്തകർ, പ്രായോജകർ, ലഘുഭക്ഷണ വിതരണത്തിന്റെ ചുമതല ഏറ്റെടുത്ത് മികച്ച രീതിയിൽ നിർവഹിച്ച ഷൈമി ജേക്കബിന് ഹൃദയം നിറഞ്ഞ നന്ദി.

പങ്കെടുത്ത എല്ലാവർക്കും സംഘാടകർ നന്ദി അറിയിച്ചു. ശബ്ദസംവിധാനം ഒരുക്കിയ ജേസൺ മാത്യുവിനും വേദിയൊരുക്കിയ പാലിസേഡ്സ് സെന്ററിനും പ്രത്യേക നന്ദി അറിയിച്ചു.










Indian Heritage
Celebration
Kerala Piravi & Diwali Festival
Rockland County








H&H
WATCHES















LAWSON
travel

Enjoy Your
Vacations
With Us



214-631-2458

www.LawsonTravel.com



ആവേശം അലയടിച്ച ന്യൂയോർക്ക് സിറ്റി മാരത്തോൺ

ഗീവർഗീസ് ചാക്കോ

ന്യൂയോർക്ക്: ഞായറാഴ്ച നടന്ന 55-ാമത് ന്യൂയോർക്ക് സിറ്റി മാരത്തോണിൽ സ്വീഡന്റെ ആൻഡ്രിയാസ് അൽമെഗ്രറ്റും, കെനിയയുടെ ഷീല ചെപ്കുറൈയും യഥാക്രമം പുരുഷ- വനിതാ ജേതാക്കളായി.

മാരത്തോണിൽ ആദ്യമായി പങ്കെടുക്കുന്ന ആൻഡ്രിയാസ് ഇറ്റലിയുടെ യമന ബെർഹാനെ 13 സെക്കൻഡുകൾക്ക് പിന്തള്ളിയാണ് ഒന്നാം സ്ഥാനത്തെത്തിയത്. (സമയം 2:06:01) മാരത്തോണിൽ ജേതാവാകുന്ന ആദ്യ സ്വീഡൻകാരൻ എന്ന ബഹുമതിയും ആൻഡ്രിയോ സ്വന്തമാക്കി.

കഴിഞ്ഞ 50 വർഷത്തെ മാരത്തോൺ ചരിത്രത്തിലെ മൂന്നാമത്തെ മികച്ച സമയമാണ് ആൻഡ്രിയോയുടേത്.

നിലവിലെ ജേതാവായ ബെൻസൺ കിപ്റുട്ടോയെ നാലാം സ്ഥാനത്തേക്ക് പിന്തള്ളി ദക്ഷിണാഫ്രിക്കയിലെ ലെസോന്തോ സ്വദേശി കാമഹിലോ മെഫോലൊ മൂന്നാം സ്ഥനവും നേടി.





2:24:36 എന്ന സമയത്തിൽ ഫിനിഷ് ലൈൻ തൊട്ട ഷീല ചെപ്കുറൈ ഇത് രണ്ടാം തവണയാണ് മാരത്തോൺ ജേതാവാകുന്നത്. 2024-ൽ ഒന്നാം സ്ഥാനം നേടിയ ചെപ്കുറൈ കഴിഞ്ഞ വർഷം മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടിരുന്നു. ഁഅവസാന 150 മീറ്ററിൽ സ്വന്തം നാട്ടുകാരിയും രണ്ടു തവണ ജേതാവുമായ ഹെലൻ ഒസിറിയെ പിന്തള്ളിയാണ് ഇത്തവണ ജേതാവായത്.



അവസാന നിമിഥഷങ്ങളിലെ ഉജ്വല കുതിപ്പിൽ ഹെലൻ ഒബിറിയെ മറികടന്ന് അമേരിക്കയുടെ ജസീക്ക മക്ലൈൻ രണ്ടാം സ്ഥാനം നേടിയത് ഒന്നാം സ്ഥാനത്ത് എത്തിയ ചെപ്കുറൈയെക്കാൾ വെറും ആറ് സെക്കൻഡുകളുടെ വ്യത്യാസത്തിലാണ്.

2018-നുശേഷം പോഡിയത്തിലെത്തുന്ന ആദ്യ അമേരിക്കൻ വനിതയാണ് മക്ലൈൻ. ഏറ്റവും മികച്ച സമയം കണ്ട അമേരിക്കയിൽനിന്നുള്ള സൗഹിർ താൽബി പുരുഷ വിഭാഗത്തിൽ ആറാം സ്ഥാനം നേടി.

വീൽചെയർ വിഭാഗത്തിൽ സ്വിറ്റ്സർലൻഡുകാരനായ മാർസെൽ ഹഗ് സെക്കൻഡിന്റെ വ്യത്യാസത്തിൽ അമേരിക്കയുടെ ഡാനിയേൽ റോമൻചക്കിനെ പിന്തള്ളി എ്ട്ടാം തവണയും മാരത്തോൺ ജേതാവായി (1:28: 14).

വീൽ ചെയർ വനിതാ വിഭാഗത്തിൽ സ്വിസ് സ്വദേശി കാതറിൻ ഡിബ്രൂണർ (1:40:02) അമേരിക്കയുടെ ടട്യാന മാക് ഫെഡനെ പരാജയപ്പെടുത്തി ജേതാവായി. രണ്ട് തവണ ജേതാവായ സൂസന്നാ സ്കോറിക്കിന് മൂന്നാം സ്ഥാനംകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു.

150 രാജ്യങ്ങളിൽ നിന്ന് ഏതാമ്ട് 50,000 ലധികം പേർ പങ്കെടുത്തു. ഓട്ടക്കാർക്ക് അനുയോജ്യമായ കാലാവസ്ഥയായിരുന്നു ഇത്തവണ.

സ്റ്റാറ്റൻ ഐലന്റിലെ വെറിസോണാ ബ്രിഡ്ജിൽ നിന്ന് ആരംഭിച്ച് ബ്രൂക്ക്ലിൻ, ക്യൂൻസ്, ബ്രോങ്ക്സ് എന്നീ സിറ്റികൾ കടന്ന് മൻഹാട്ടനിലെ സെന്റർ പാർക്കിലാണ് സമാപിച്ചത്. അഞ്ച് ബോറോകളിൽക്കൂടി കടന്നുപോകുന്ന മാരത്തോണിന്റെ അമ്പതാം വാർഷികം കൂടിയായിരുന്നു ഇത്തവണത്തേത്.

26.2 മൈൽ ദൈർഘ്യമുള്ള മാരത്തോണിൽ പങ്കെടുത്തവരെ





പ്രോത്സാഹിപ്പിക്കാൻ പതിനായിരങ്ങൾ റോഡിനിരുവശങ്ങളിലും ഉണ്ടായിരുന്നു. ടെലിവിഷനിലടക്കം 2 മില്യൻ പേർ മാരത്തോൺ വീക്ഷിച്ചതായി കണക്കാക്കപ്പെടുന്നു.

ഒന്നാം സ്ഥാനം 100,000 ഡോളർ വീതം സമ്മാനത്തുക ലഭിക്കും. ഓപ്പൺ വിഭാഗത്തിൽ ആകെ 534,000 ഡോളറും, അമേരിക്കൻ വിഭാഗത്തിൽ 116,000 ഡോളറുമാണ് സമ്മാന തുക.

ന്യൂയോർക്ക് സിറ്റി പോലീസ് ഡിപ്പാർട്ട്മെന്റ് ശക്തമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ആദ്യ മാരത്തോണിൽ 55 പേർ മാത്രം ഫിനിഷ് ചെയ്തപ്പോൾ കഴിഞ്ഞ വർഷം 59,219 പേർ മാരത്തോൺ പൂർത്തീകരിച്ചിരുന്നു.

പ്രധാന ഗ്ലോബൽ ഐടി ബിസിനസ് സംരംഭമായ ടാറ്റാ കൺസൾട്ടൻസ് സർവീസ് (TCS) ആയിരുന്നു പ്രധാന സ്പോൺസർ.

ആറ് പ്രധാനപ്പെട്ട മാരത്തോണുകളിൽ ഈവർത്തെ അവസാന മാരത്തോണായിരുന്നു ന്യൂയോർക്ക് സിറ്റി മാരത്തോൺ.







മേതിൽ രാധാകൃഷ്ണനു എഴുത്തച്ഛൻ അവാർഡ്



മേതിൽ രാധാകൃഷ്ണനു എഴുത്തച്ഛൻ അവാർഡ്. സാഹിത്യത്തിനു കേരള സംസ്ഥാനം നൽകുന്ന പരമോന്നത ബഹുമതിയാണ് എഴുത്തച്ഛൻ അവാർഡ്. അഞ്ചു ലക്ഷം രൂപയും ഫലകവുമാണ് അവാർഡ്. നവ സാഹിത്യത്തിൻറെ ധീരനായ പ്രയോക്താവിനു കേരളപ്പിറവിയുടെ എഴുപതാം വാർഷികത്തിൽ ഈ അവാർഡ് നൽകിയതിൽ വി ഡി സതീശൻ സർക്കാരിനും അഭിമാനിക്കാം .ഇ മലയാളിക്കും ഇത് അഭിമാന നിമിഷമാണ്.

പ്രഥമ ഇ മലയാളി അവാർഡ് മേതിൽ രാധാകൃഷ്ണനായിരുന്നു. ഒരു ലക്ഷം രൂപയും ഫലകവുമായിരുന്നു സമ്മാനം.പ്രമുഖ കവി സച്ചിദാനന്ദനും ചിന്തകൻ കെ വേണുവുമാണ് തൃശൂരിൽ 2025 ഒക്ടോബറിൽ നടന്ന ചടങ്ങിൽ അവാർഡ് സമ്മാനിച്ചത് . സാഹിത്യ അക്കാദമി സെക്രട്ടറി എം പി സുരേന്ദ്രൻ അധ്യക്ഷൻ ആയിരുന്നു. പ്രമുഖ മാധ്യമ പ്രവർത്തകൻ കെ എ ജോണി, എഴുത്തുകാരനായ കരുണാകരൻ,പി എസ് ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.




പ്രഥമ ഇ-മലയാളി പുരസ്കാരം
മേതിൽ രാധാകൃഷ്ണന്
പുരസ്കാര സമർപ്പണം
കെ.സച്ചിദാനന്ദൻ
കെ.വേണു


, തൃശ്ശൂർ പ്രസ്സ് ക്ലബ്ബ്






പുരസ്കാര സമർപ്പണം
മേതിൽ രാധാകൃഷ്ണന്
കെ.സച്ചിദാനന്ദൻ
കെ.വേണു

emalayalee.com

GREAT NEWS!

Now You Can INSTANTLY PLACE YOUR ADVT or BOOK YOUR AD SPACE on eMalayalee.com



Just Click

eMalayalee.com/Advertise

വടക്കേ അമേരിക്കയിലെ ക്നാനായ സമൂഹത്തിന് അഭിമാന മുഹൂർത്തം; ഫിലാഡൽഫിയയിലും ടൊറന്റോയിലും സ്വന്തമായി ദേവാലയങ്ങൾ

അനിൽ മറ്റത്തിക്കുന്നേൽ


ചിക്കാഗോ: വടക്കേ അമേരിക്കയിലെ ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ ചരിത്രത്തിൽ അഭിമാനകരമായ മറ്റൊരു അധ്യായം കുറിച്ചുകൊണ്ട് അമേരിക്കയിലെ ഫിലാഡൽഫിയയിലും കാനഡയിലെ ടൊറന്റോയിലും ക്നാനായ സമൂഹം സ്വന്തമായി ദേവാലയങ്ങൾ സ്വന്തമാക്കി. പ്രവാസി ക്നാനായ സമൂഹത്തിന്റെ ദീർഘ കാല സ്വപ്നങ്ങളുടെ സാക്ഷാത്കാരമായ ഈ നേട്ടം വിശ്വാസത്തിന്റെയും ഐക്യത്തിന്റെയും കൂട്ടായ പരിശ്രമത്തിന്റെയും ഉജ്ജ്വല സാക്ഷ്യമായി മാറുകയാണ്.

ചിക്കാഗോ സീറോ മലബാർ രൂപതയിലെ ക്നാനായ കാത്തലിക് റീജിയന്റെ കീഴിലുള്ള ഫിലാഡൽഫിയ സെന്റ് ജോൺ ന്യൂമാൻ ക്നാനായ കത്തോലിക്കാ മിഷനും കാനഡയിലെ മിസ്സിസാഗാ സീറോ മലബാർ രൂപതയുടെ കീഴിലുള്ള ടൊറന്റോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുമാണ് പുതിയ ദേവാലയങ്ങൾ സ്വന്തമാക്കിയത്. വടക്കേ അമേരിക്കയിലെ ക്നാനായ സമൂഹത്തിന്റെ അജപാലന, ആത്മീയ, സാമൂഹിക വളർച്ചയ്ക്ക് കരുത്തുപകരുന്ന നിർണായക ചുവടുവയ്പ്പായാണ് ഈ നേട്ടം വിലയിരുത്തപ്പെടുന്നത്.

ഫിലാഡൽഫിയയിൽ ദീർഘകാല സ്വപ്നം യാഥാർഥ്യമായി

ഫിലാഡൽഫിയയിലെ ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ വർഷങ്ങളായുള്ള ആഗ്രഹമാണ് സ്വന്തമായി ഒരു ദേവാലയവും വിശ്വാസപരിശീലനത്തിനും കുടുംബകൂട്ടായ്മകൾക്കും വിവിധ ഇടവക പ്രവർത്തനങ്ങൾക്കും അനുയോജ്യമായ സൗകര്യങ്ങളുമുള്ള ഒരു കേന്ദ്രം എന്നത്. ഈ സ്വപ്നമാണ് പുതിയ ദേവാലയം സ്വന്തമാക്കിയതോടെ യാഥാർഥ്യമായിരിക്കുന്നത്.

പെൻസിൽവേനിയയിലെ 749 Durham Road,



Newtown, PA എന്ന വിലാസത്തിൽ സ്ഥിതി ചെയ്യുന്ന 5.44 ഏക്കർ സ്ഥലവും ദേവാലയവും ഉൾപ്പെടുന്ന സമുച്ചയമാണ് ഫിലാഡൽഫിയ ക്നാനായ സമൂഹം സ്വന്തമാക്കിയത്.

മിഷൻ ഡയറക്ടർ ബഹു. ഫാ. ബിബി തറയിലിന്റെ നേതൃത്വത്തിൽ കൈക്കാരന്മാരും ബിൽഡിംഗ് കമ്മിറ്റി അംഗങ്ങളും വിശ്വാസസമൂഹവും ഒറ്റക്കെട്ടായി നടത്തിയ പരിശ്രമങ്ങളുടെയും സഹകരണത്തിന്റെയും ഫലമാണ് ഈ നേട്ടം. വിശ്വാസികളുടെ പ്രാർത്ഥനയും സാമ്പത്തിക പിന്തുണയും ത്യാഗസന്നദ്ധതയും ഉദാരമായ സഹകരണവും ഈ സ്വപ്നസാക്ഷാത്കാരത്തിന് അടിത്തറയായി.

പുതിയ ദേവാലയം സ്വന്തമാക്കിയതോടെ ന്യൂയോർക്ക് ക്നാനായ കത്തോലിക്കാ ഫൊറോനയിലെ നാലാമത്തെ ദേവാലയമായും ക്നാനായ കാത്തലിക് റീജിയന്റെ പതിനാറാമത്തെ ദേവാലയമായും ഫിലാഡൽഫിയയിലെ ദേവാലയം മാറുന്നു.

ടൊറന്റോയിലും ക്നാനായ സമൂഹത്തിന്റെ കാത്തിരിപ്പിന് വിരാമം

കാനഡയിലെ ടൊറന്റോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയും സ്വന്തമായി ഒരു ദേവാലയം എന്ന ദീർഘകാല സ്വപ്നം സാക്ഷാത്കരിച്ചിരിക്കുകയാണ്. ഒന്റാറിയോയിലെ സെന്റർവെല്ലിംഗ്ടണിൽ മൂന്ന് ഏക്കർ സ്ഥലത്തോടുകൂടിയ ദേവാലയമാണ് ഇടവക സ്വന്തമാക്കിയത്.വർഷങ്ങളായുള്ള പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും നിരന്തര പരിശ്രമങ്ങളുടെയും ഫലമായാണ് ഈ ചരിത്രനേട്ടം കൈവരിക്കാനായത്.

ഇടവക വികാരി ബഹു. ഫാ. മാത്യു മേലേടത്തിന്റെ നേതൃത്വത്തിൽ കൈക്കാരന്മാർ, ബിൽഡിംഗ് കമ്മിറ്റി അംഗങ്ങൾ, ഡയറക്ടറേറ്റ് ബോർഡ് അംഗങ്ങൾ, വിശ്വാസസമൂഹം എന്നിവർ നടത്തിയ കൂട്ടായ പ്രവർത്തനങ്ങളാണ് ദേവാലയം സ്വന്തമാക്കുന്നതിൽ നിർണായകമായത്.

The Directorate of Knanaya Catholics in Canada എന്ന സഭാസംവിധാനത്തിന്റെ കീഴിൽ സ്വന്തമാക്കുന്ന രണ്ടാമത്തെ ദേവാലയമാണിത്. കാനഡയിലെ ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ ആത്മീയവും സാമൂഹികവുമായ വളർച്ചയ്ക്ക് പുതിയ ദേവാലയം കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷ.

വിശ്വാസസമൂഹത്തിന് നന്ദിയും ആശംസകളുമായി മോൺ. തോമസ് മുളവനാൽ

ഫിലാഡൽഫിയയിലും ടൊറന്റോയിലും ദേവാലയങ്ങൾ സ്വന്തമാക്കുന്നതിനായി പ്രാർത്ഥനയിലൂടെയും സാമ്പത്തിക സഹായത്തിലൂടെയും വിവിധ തലങ്ങളിലുള്ള സഹകരണങ്ങളിലൂടെയും പിന്തുണ നൽകിയ എല്ലാവർക്കും ക്നാനായ കാത്തലിക് റീജിയൻ ഡയറക്ടർ മോൺ. തോമസ് മുളവനാൽ ഹൃദയപൂർവമായ നന്ദി അറിയിച്ചു.

വടക്കേ അമേരിക്കയിലെ ക്നാനായ കുടിയേറ്റ സമൂഹത്തിന്റെ അജപാലന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും ആത്മീയ വളർച്ച ഉറപ്പുവരുത്തുന്നതിനുമായി അഭിവന്ദ്യ പിതാക്കന്മാരും വൈദികരും നൽകിവരുന്ന നേതൃത്വത്തിനും അദ്ദേഹം നന്ദി രേഖപ്പെടുത്തി. ഈ മഹത്തായ സംരംഭങ്ങളുടെ വിജയത്തിനായി കൈകോർത്ത വിവിധ ഇടവകകൾക്കും വിശ്വാസസമൂഹങ്ങൾക്കും വ്യക്തികൾക്കും അദ്ദേഹം പ്രത്യേകം നന്ദി അറിയിച്ചു.

‘‘നമ്മുടെ വിശ്വാസസമൂഹത്തിന്റെ കൂട്ടായ പ്രാർത്ഥനയും ഐക്യവും ത്യാഗവും ഉദാരമായ സഹകരണവും ചേർന്നാണ് ഈ ദേവാലയങ്ങൾ സ്വന്തമാക്കാൻ സാധിച്ചത്. ഈ മഹത്തായ സംരംഭങ്ങളിൽ പങ്കുചേർന്ന എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. നിങ്ങളുടെ പ്രാർത്ഥനകൾക്കും സ്നേഹത്തിനും ത്യാഗങ്ങൾക്കും ഉദാരമായ സംഭാവനകൾക്കും ദൈവം തക്ക പ്രതിഫലം നൽകട്ടെ,’’ എന്ന് മോൺ. തോമസ് മുളവനാൽ ആശംസിച്ചു.

വടക്കേ അമേരിക്കയിലെ ക്നാനായ കുടിയേറ്റ സമൂഹത്തിന്റെ അജപാലന സൗകര്യങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനൊപ്പം വിശ്വാസ പരിശീലനം, കുടുംബകൂട്ടായ്മകൾ, യുവജന ശുശ്രൂഷകൾ, സാമൂഹിക പ്രവർത്തനങ്ങൾ, വരും തലമുറയുടെ വിശ്വാസപാരമ്പര്യ സംരക്ഷണം എന്നിവയ്ക്ക് പുതിയ ദേവാലയങ്ങൾ കൂടുതൽ അവസരങ്ങൾ തുറക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

പ്രവാസഭൂമിയിൽ വിശ്വാസവും പാരമ്പര്യവും കാത്തുസൂക്ഷിച്ചുകൊണ്ട് മുന്നേറുന്ന ക്നാനായ സമൂഹത്തിന് ഫിലാഡൽഫിയയിലെയും ടൊറന്റോയിലെയും ഈ നേട്ടങ്ങൾ പുതിയ ആത്മവിശ്വാസവും പ്രതീക്ഷയുമാണ് പകരുന്നത്. ഒരു സമൂഹത്തിന്റെ പ്രാർത്ഥനയും ഐക്യവും കൂട്ടായ പരിശ്രമവും ഒത്തുചേരുമ്പോൾ ദീർഘകാല സ്വപ്നങ്ങൾ യാഥാർഥ്യമാകുമെന്നതിന്റെ സാക്ഷ്യമായി ഈ രണ്ടു ദേവാലയങ്ങളും മാറുകയാണ്.

സെലിബ്രേഷൻ ചർച്ചിന്റെ പുതിയ സീനിയർ പാസ്റ്ററായി പാസ്റ്റർ സാംസൺ സാബു നിയമിതനായി

പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ ഇനി പാസ്റ്റർ എമിരിറ്റസ് ആയി തുടരും

കുര്യൻ ഫിലിപ്പ്

ചിക്കാഗോ: ചിക്കാഗോയിലെ ആദ്യകാല മലയാളി പെന്തക്കോസ്ത് സഭകളിലൊന്നായ സെലിബ്രേഷൻ ചർച്ചിന്റെ (മുൻ ഐസിഎജി) പുതിയ സീനിയർ പാസ്റ്ററായി പാസ്റ്റർ സാംസൺ സാബു നിയമിതനായി. സഭയിൽ ലീഡ് പാസ്റ്ററായി സേവനമനുഷ്ഠിച്ചുവരികയായിരുന്നു അദ്ദേഹം.

കഴിഞ്ഞ 49 വർഷമായി സഭയുടെ സീനിയർ പാസ്റ്ററായി നേതൃത്വം നൽകിയിരുന്ന പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ പാസ്റ്റർ എമിരിറ്റസ് എന്ന പദവിയിലേക്ക് മാറി.

നിയമനവുമായി ബന്ധപ്പെട്ട ഔദ്യോഗിക നടപടികൾക്ക് സഭയുടെ അഡ്മിനിസ്ട്രേറ്റീവ് ബോർഡും അസംബ്ലീസ് ഓഫ് ഗോഡ് ചിക്കാഗോ റീജിയൻ അസിസ്റ്റന്റ് സൂപ്രണ്ട് പാസ്റ്റർ റോൺ ഹെയ്റ്റ്മാനും നേതൃത്വം നൽകി. പാസ്റ്റർ സാംസൺ സാബുവിന്റെ പിതാവ് പാസ്റ്റർ സാബു ഔസേപ്പും സഹോദരൻ പാസ്റ്റർ ജസ്റ്റിൻ സാബുവും വിവിധ ശുശ്രൂഷകളിൽ പങ്കുചേർന്നു. അസംബ്ലീസ് ഓഫ് ഗോഡ് പ്രസ്ബിറ്റർ പാസ്റ്റർ ജോസ് ഫിഗോരിയ ദൈവവചനം ശുശ്രൂഷിച്ചു.



സഭാ സെക്രട്ടറി ബെഞ്ചമിൻ ജോൺ യോഗനടപടികൾക്ക് നേതൃത്വം നൽകി. സഭയുടെ



പാസ്റ്റർ ജോർജ് കെ സ്റ്റീഫൻസൺ, ഭാര്യ ജോയ്സ്,പാസ്റ്റർ സാംസൺ സാബു, ഭാര്യ സോഫിയ എന്നിവർ വേദിയിൽ



പാസ്റ്ററൽ ടീം അംഗങ്ങളായ ഡോ. അലക്സ് കോശി, പാസ്റ്റർ ചെറിയാൻ തോമസ് എന്നിവരും ഡീക്കന്മാരായ വർഗീസ് സാമുവൽ, ജോസഫ് ഡാനിയേൽ, ജോൺ വർഗീസ്, സജി ഫിലിപ്പ്, ഡോ. വർഗീസ് മത്തായി, ലീസ് കാര്യാടിയിൽ എന്നിവരും വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. നിരവധി വിശ്വാസികൾ ചടങ്ങിൽ പങ്കെടുത്തു. കെവിൻ ജോസഫ് കൃതജ്ഞത രേഖപ്പെടുത്തി.

1975-ൽ പാസ്റ്റർ കെ. എ. എബ്രഹാം സ്ഥാപിച്ച ഇന്റർനാഷണൽ ക്രിസ്ത്യൻ അസംബ്ലീസ് ഓഫ് ഗോഡ് (ഐസിഎജി) എന്ന സഭയാണ് പിന്നീട് സെലിബ്രേഷൻ ചർച്ച് എന്ന പേരിൽ അറിയപ്പെട്ടത്. സഭയുടെ ചരിത്രത്തിലെ മൂന്നാമത്തെ സീനിയർ പാസ്റ്ററായാണ് പാസ്റ്റർ സാംസൺ സാബു ചുമതലയേൽക്കുന്നത്.

അരനൂറ്റാണ്ടോളം സഭയെ നയിച്ച പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസന്റെ അനുഭവസമ്പത്തും നേതൃത്വവും തുടർന്നും സഭയ്ക്കും ചിക്കാഗോയിലെ വിശ്വാസസമൂഹത്തിനും പ്രയോജനപ്പെടുമെന്ന് സഭാ നേതൃത്വം അറിയിച്ചു. ഈ വർഷം ചിക്കാഗോയിൽ നടന്ന നാല്പതാമത് പിസിനാക് (ജഇചഅഗ) കോൺഫറൻസിന്റെ നാഷണൽ കൺവീനറായും പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ സേവനമനുഷ്ഠിച്ചിരുന്നു.

അനുപമ കൃഷ്ണൻ ഫോമാ വിമൻസ് ഫോറം ചെയർപേഴ്സൺ

സൈജൻ കണിയോടിക്കൽ
(PRO)



ന്യൂയോർക്ക്: ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് (FOMAA)യുടെ 2026-2028 കാലയളവിലെ വിമൻസ് ഫോറം ചെയർപേഴ്സണായി അനുപമ കൃഷ്ണൻ ചുമതലയേറ്റു. സംഘടനാ പ്രവർത്തന രംഗത്തെ ദീർഘകാല പരിചയവും വിവിധ തലങ്ങളിലെ നേതൃത്വപാടവവും കണക്കിലെടുത്താണ് അനുപമയ്ക്ക് പുതിയ ചുമതല ലഭിച്ചത്.

ഫോമാ ഗ്രേറ്റ് ലേക്സ് റീജിയൻ വിമൻസ് ഫോറം ചെയർപേഴ്സണായി പ്രവർത്തിച്ചിട്ടുള്ള അനുപമ കൃഷ്ണൻ, കേരള അസോസിയേഷൻ ഓഫ് ഒഹായോയുടെ വൈസ് പ്രസിഡന്റായും പിന്നീട് പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2024-2026 കാലയളവിൽ ഫോമാ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ജോയിന്റ് ട്രഷററായും പ്രവർത്തിച്ചു.

ഫോമാ പ്രസിഡന്റ് ബിജു തോണിക്കടവിൽ, ജനറൽ സെക്രട്ടറി പോൾ പി. ജോസ്, ട്രഷറർ പ്രദീപ് നായർ, വൈസ് പ്രസിഡന്റ് സാമുവൽ മത്തായി, ജോയിന്റ് സെക്രട്ടറി ഡോ. മഞ്ജു പിള്ള, ജോയിന്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ എന്നിവരുടെ നേതൃത്വത്തിലുള്ള ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റിക്കൊപ്പമാണ് അനുപമ കൃഷ്ണൻ വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

വടക്കേ അമേരിക്കയിലെ മലയാളി വനിതകളെ കൂടുതൽ ശക്തമായി സംഘടനാ പ്രവർത്തനങ്ങളിലേക്ക് കൊണ്ടുവരിക, വനിതാ നേതൃത്വത്തെ പ്രോത്സാഹിപ്പിക്കുക, സാമൂഹിക-സാംസ്കാരിക മേഖലകളിൽ വനിതകളുടെ പങ്കാളിത്തം കൂടുതൽ സജീവമാക്കുക എന്നിവയ്ക്ക് മുൻഗണന നൽകി വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനാണ് ലക്ഷ്യമിടുന്നത്.

വിവിധ സംഘടനാ തലങ്ങളിൽ നേടിയ അനുഭവസമ്പത്തും നേതൃത്വ മികവും ഫോമാ വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകുമെന്നാണ് വിലയിരുത്തൽ. പുതിയ ദേശീയ നേതൃത്വത്തിന്റെ പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുണ നൽകുന്നതിനൊപ്പം അമേരിക്കൻ മലയാളി വനിതകൾക്ക് കൂടുതൽ അവസരങ്ങളും വേദികളും ഒരുക്കുന്നതിലും വിമൻസ് ഫോറം ശ്രദ്ധ കേന്ദ്രീകരിക്കും.

അനുപമ കൃഷ്ണന്റെ നിയമനം ഫോമാ വനിതാ നേതൃത്വത്തിന് കൂടുതൽ കരുത്തേകുന്നതോടൊപ്പം ഗ്രേറ്റ് ലേക്സ് റീജിയനും കേരള അസോസിയേഷൻ ഓഫ് ഒഹായോയ്ക്കും അഭിമാനകരമായ നേട്ടമായാണ് വിലയിരുത്തപ്പെടുന്നത്.

പുസ്തക പരിചയം 47

അടിമവംശം
(കഥാസമാഹാരം)

രതീദേവി





പുസ്തക പരിചയം തയ്യാറാക്കിയത് : ബാജി ഓടംവേലി, ഡാലസ്

പ്രഥമ കിഷോർകുമാർ പുരസ്കാരം നേടിയ കഥാസമാഹാരമാണ് 'അടിമവംശം'. പ്രമുഖ എഴുത്തുകാരിയും മനുഷ്യാവകാശ പ്രവർത്തകയുമായ രതീദേവിയുടെ ശ്രദ്ധേയമായ കഥാസമാഹാരമാണിത്. സാമൂഹികമായും ചരിത്രപരമായും ഏറെ പ്രാധാന്യമുള്ള വിഷയങ്ങളെ ഈ കഥകളിൽ സൂക്ഷ്മതയോടെ കൈകാര്യം ചെയ്തിരിക്കുന്നു.


മനുഷ്യചരിത്രത്തിലെ കറുത്ത അധ്യായങ്ങളിലൊന്നായ അടിമത്തത്തെയും, പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യരുടെ അതിജീവന പോരാട്ടങ്ങളെയും കേന്ദ്രീകരിച്ചാണ് ഈ കഥകൾ വികസിക്കുന്നത്. അധികാ

രവർഗ്ഗത്തിന്റെ ചൂഷണങ്ങളും സാധാരണക്കാരായ മനുഷ്യരുടെ അവകാശലംഘനങ്ങളും ഇതിൽ ശക്തമായി പ്രതിഫലിക്കുന്നു.

ഒരു മനുഷ്യാവകാശ പ്രവർത്തക എന്ന നിലയിലുള്ള രതീദേവിയുടെ അനുഭവങ്ങളും ഉൾക്കാഴ്ചകളും ഈ കൃതിക്ക് വലിയ തോതിൽ കരുത്ത് പകരുന്നുണ്ട്. ജയിലിലെ സ്ത്രീ തടവുകാർ നേരിടുന്ന ചൂഷണങ്ങൾക്കെതിരെയും ലൈംഗിക ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടിയും നിരന്തരം ശബ്ദമുയർത്തിയ വ്യക്തിയാണ് എഴുത്തുകാരി.

ഈ ലോകത്ത് നിലനിൽക്കുന്ന വ്യവസ്ഥകൾ മുഴുവൻ പുരുഷാധിപത്യത്തിന്റേതാണെന്ന കാര്യത്തിൽ തർക്കമുണ്ടാവാൻ വഴിയില്ല. ചരിത്രത്തിൽ സ്ത്രീകളോളം പീഡിക്കപ്പെട്ട മറ്റൊരു വർഗ്ഗവും ഇല്ല. ഈ പീഡനത്തിന്റെ കയ്പ് കുടിച്ചാണ് സ്ത്രീകൾ ഇന്നലെ ജീവിച്ചതും ഇന്ന് ജീവിക്കുന്നതും. നാളെ തീർച്ചയായും ഇതിനൊരു മാറ്റം ഉണ്ടാവാതെ തരമില്ല.

'ചരിത്രത്തിലേറ്റവും കൂടുതൽ പീഡനമേറ്റിട്ടുള്ള, ഏൽക്കുന്ന ഞാനുൾപ്പെടുന്ന എന്റെ വർഗ്ഗത്തിന് ' എന്നു പറഞ്ഞാണ് ഈ പുസ്തകം സമർപ്പിച്ചിരിക്കുന്നത്. എന്റെ വർഗ്ഗം എന്നതുകൊണ്ട് കഥാകാരി വിവക്ഷിക്കുന്നത് സ്ത്രീയും പുരുഷനും ഉൾപ്പെടുന്ന മനുഷ്യ വർഗ്ഗം തന്നെയാണെന്ന് ഇതിലെ കഥകൾ സൂചിപ്പിക്കുന്നു. അല്ലെങ്കിൽ രതീദേവി തുടക്കത്തിൽത്തന്നെ എ. അയ്യപ്പന്റെ



വരികൾ ഉദ്ധരിക്കുമായിരുന്നില്ലല്ലോ. ആ വരികൾ ഇങ്ങനെയാണ്.

'ഒരു നക്ഷത്രം
കൊത്തിക്കൊണ്ടു തരുവാൻ
എന്റെ കൈകളിൽ നിന്നും
പറന്ന പ്രാവ്
ശിരസ്സിലൂടെ
തുളച്ചുകയറിയ
ഒരമ്പുമായി
എന്റെ
കൈകളിലേക്ക്തന്നെ
മരിച്ചു വീണു.'

കരളിൽ കൊരുത്തെടുത്ത വേദനകളും ആ വേദനകളിൽ നിന്ന് രക്ഷപെടാനായി എഴുതിവെച്ച കവിതകളും ചിതലുകൾ തിന്നുകളഞ്ഞു. ഡയറിയുടെ അവശേഷിച്ച തുണ്ടുകളിൽ നിന്ന് ഓർമ്മകളിലൂടെ അനുഭവങ്ങൾ കഥയായി പരിണമിക്കുകയാണ് 'ചിതലുകൾ' എന്ന കഥയിൽ. ട്യൂഷന്മാസ്റ്ററായും സൈക്യാട്രിസ്റ്റായും കാമുകനായും ഭർത്താവായും പേരില്ലാത്ത അനേകം രൂപകങ്ങളായും ആർദ്രമനസ്സുകളെ കാർന്നു തിന്നുന്ന ചിതലുകൾ സമൂഹത്തിൽ എന്നും ഉണ്ടായിട്ടുണ്ട്. ഡയറിയിൽ നിന്ന് സ്മൃതിമണ്ഡലങ്ങളിലേക്ക് പടർന്നു കയറി ഓർമ്മകളെ ഒന്നൊന്നാ

യി തിന്ന്, അവസാനം സ്ത്രീകളുടെ വേദനകളായി അവളിലൂടെത്തന്നെ പുനർജ്ജനിക്കുന്ന ചിതലുകളെ കാണാം. മുറിക്കപ്പെട്ട ഓർമ്മയിലൂടെ അനുഭവങ്ങൾ കഥയായപ്പോൾ ഈ കഥ വായനക്കാർക്കും മുറിപ്പെടുത്തുന്ന അനുഭവമായി മാറും.

പുരുഷന്റെ എത്ര ഉയർന്ന അറിവുപോലും സ്ത്രിയെ മാംസത്തിൽ നിന്നു മോചിപ്പിക്കുന്നില്ലായെന്ന് 'അടിമവംശം' എന്ന കഥയിൽ പറയുന്നു. അടിമവംശം രാജ്യം സ്ഥാപിച്ചത് ചരിത്രമാണ്. രാജാക്കന്മാരിലും അടിമകൾ!. ബലിമൃഗങ്ങളുടെ നിസ്സഹായതയാണ് അടിമവംശത്തിലെ പെൺകുട്ടിക്ക് തന്റെ വംശത്തിന്റെ മുഖത്തു കാണാനാവുന്നത്. മനുഷ്യന്റെ മാംസദാഹം തീഷ്ണമാകുമ്പോൾ, അത് ശമിപ്പിക്കാനായി ഇറച്ചിവെട്ടുകാരനും വേശ്യയും ഉണ്ടാകുന്നു. വേശ്യകൾ ഉണ്ടാവുകയല്ല ഉണ്ടാക്കപ്പെടുകയാണ്.

ബ്രഹ്മണ്യത്തിന്റെയും പുരുഷമേൽക്കോയ്മയുടെയും ഉല്പന്നമായ ദേവദാസി സമ്പ്രദായത്തിലൂടെ വേശ്യയായി തീർന്ന ദേവമ്മയുടെ ജീവിതവും ആത്മഹത്യയുമാണ് 'ദേവമ്മയുടെ മരണം' എന്ന കഥ പറയുന്നത്. കർണ്ണാടകത്തിൽ ഇപ്പോഴും നിലനിൽക്കുന്ന ദുരാചാരത്തിന്റെ ദൈന്യമാർന്ന ആവിഷ്ക്കാരമാണ് ദേവമ്മയുടെ മരണം. ഇഹലോക ദുരിതങ്ങൾക്ക് പരലോക പരിഹാരം ഉണ്ടെന്നു പറഞ്ഞ് വിശ്വസിപ്പിക്കുകയും അതിലൂടെ വീണ്ടും നിസ്സഹായരെ ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്നു. ദേവമ്മ മരിക്കാനുപയോഗിച്ച വിലകൂടിയ സാരി അഴിച്ചെടുത്ത് മറ്റൊരാൾക്കു കൊടുത്ത് അടുത്ത വളെയും പുരുഷലോകം ഒരു വളർത്തു മൃഗമാക്കുന്നത് കഥയിൽ ഞെട്ടലോടെ വായിക്കാം.

'അകപ്പൊരുൾ' എന്ന കഥയിൽ സ്വന്തമായ അന്വേഷണത്തിനൊടുവിൽ വർമ്മയും, അമ്മയുടെ നിർബ്ബന്ധത്തിനു വഴങ്ങി വിനീതയും ഒരു ആശ്രമത്തിലെത്തപ്പെടുന്നു. എല്ലാം വിധിയായി കരുതി ജന്മം മുഴുവൻ പ്രാർത്ഥനയിൽ കളയുന്ന നിഷ്ക്രിയത്വത്തിന്റെ വക്താവാണ് വർമ്മസ്വാമി. ആകസ്മികമായ ഈ കൂടിക്കാഴ്ച ഒരു കുടുംബബന്ധത്തിന് വഴിയൊരുക്കുമെന്ന് സ്വാമി കരുതുന്നു. പക്ഷേ വിനീതയ്ക്ക് യോജിക്കാൻ പറ്റുന്നില്ല. മുറിപ്പെടുത്തിയ ഒരു പ്രേമബന്ധത്തിന്റെ വേദനകളിൽ നിന്ന് മൂകമായി വേദനിക്കുന്ന സൗഹൃദത്തിൽ നിന്ന് ഒരു നവസമൂഹ നിർമ്മിതിക്കായി ചുറ്റും നിലവിളികൾ ഉയരുമ്പോൾ നിങ്ങൾക്ക് എത്ര നേരമാണ് കണ്ണടച്ചിരിക്കാനാവുക എന്ന് ചോദിച്ചു കൊണ്ട് വിനീത പുറപ്പെടുന്നത് കാണുമ്പോൾ കർമ്മമേഖലയിൽ ഊർജ്ജസ്വലരാകാൻ വായനക്കാർക്ക് പ്രചോദിതരാകും.

ആശയങ്ങൾ ആശയങ്ങളായിത്തന്നെ നിൽക്കുമ്പോൾ അതിന് ജീവിതവുമായി ബന്ധമില്ല. മനുഷ്യന്റെ ജീവിതത്തിലേക്ക് പ്രായോഗികമായി കടന്നുവരുമ്പോഴാണ് അത് ജീവത്താകുന്നത്. സാമ്പത്തികശാസ്ത്ര പുസ്തകത്തിലെ സമത്വം എന്നത് തന്റെ ജീവിതവുമായി പൊരുത്തപ്പെടാതെ അകന്നു പോകുന്നതായി 'ശിരോലിഖിതം' എന്ന കഥയിലെ പെൺകുട്ടി തിരിച്ചറിയുന്നു. കഥയിൽ അവികസിതമായ ഒരു സമൂഹത്തിലെ ദാരിദ്ര്യത്തിന്റെയും സ്വപ്നരാഹിത്യത്തിന്റെയും യന്ത്ര സംസ്കൃതിയുടെയും ദുരന്ത സാക്ഷ്യമായിത്തീരുന്നു ഈ പെൺകുട്ടി.

ചരിത്രത്തെ അധാരമാക്കി എഴുതിയ 'സുൽത്താന റസിയ' എന്ന കഥയിൽ അപവാദത്താൽ പിടിക്കപ്പെട്ട് സുൽത്താന റസിയയുടെ അടിമയായ ആലംഖാന് തന്റെ ജീവൻ നഷ്ടപ്പെടുന്നു. തന്റെയും തന്റെ പിതാവിന്റെയും സിംഹാസനം ഉറപ്പിക്കാൻ തന്നാലാവുന്നതു ചെയ്ത അലിഖാന്റെ ജീവൻ രക്ഷിക്കാൻ റസിയയ്ക്കാവുന്നില്ല. അധികാരങ്ങൾ തമ്മിലുള്ള സമ്മർദ്ദങ്ങളിൽപെട്ട് തകർന്നു പോകുന്ന ആലംഖാൻ ഒരു പക്ഷേ നാം ജനങ്ങൾ തന്നെയാണ്. എന്നും തോൽക്കുന്നത് സാധാരണ ജനങ്ങളാണ്. വലിയ വ്യത്യാസം ഇല്ലാതെ ചരിത്രം ഇന്നും ആവർത്തിക്കപ്പെടുന്നു.

ആശയങ്ങളുടെ പരാജയം വ്യക്തികളുടെ ദുരന്തമായിത്തീരുമ്പോൾ വ്യക്തികൾ പരസ്പരം താങ്ങായി നിന്ന് ആ പ്രതിസന്ധിയെ നേരിടേണ്ടതുണ്ട് എന്ന് പറയുന്ന 'അളകയുടെ മിത്രങ്ങൾ', പുരാണത്തെ ആധാരമാക്കി എഴുതിയ 'സംവാദം', ചുറ്റും ആർത്തലയ്ക്കുന്ന അനാഥത്വത്തിന്റെ നിലവിളികൾ ഉലച്ച അമ്മുവിന്റെ ജീവിതം പറയുന്ന 'അനാഥരുടെ നിലവിളി', ഇന്നലെകളുടെ ആരോഗ്യപരമായ രാഷ്ട്രീയത്തിൽ നിന്ന് ജീർണ രാഷ്ട്രീയത്തിലേക്ക് ചുവടുമാറ്റിയതിന്റെ ദുരന്തം

വ്യക്തമാക്കുന്ന 'പരിണാമത്തിലെ സ്മാരകങ്ങൾ' എന്നീ കഥകളും ഈ സമാഹാരത്തിൽ വായിക്കാം.

മലയാള എഴുത്തുകാരിയായ രതീദേവി (ഞലവ്യേ ഉല്ശ) രചിച്ച ശ്രദ്ധേയമായ നോവലാണ് 'മഗ്ദലീനയുടെ (എന്റെയും) പെൺസുവിശേഷം'. ഇതിന്റെ ഇംഗ്ളീഷ് പരിഭാഷ 'oവല ഏീുെലഹ ീള ങമ്യൃ ങമഴറമഹലി മിറ ങല' 2014-ൽ ബുക്കർ പ്രൈസ് നോമിനേഷൻ പട്ടികയിൽ ഇടംപിടിച്ചതിലൂടെ രതീദേവി അന്താരാഷ്ട്ര തലത്തിലും ശ്രദ്ധിക്കപ്പെട്ട എഴുത്തുകാരിയായി.

രണ്ടായിരത്തിലധികം വർഷം മുൻപ് ജീവിച്ചിരുന്ന മഗ്ദലീനയും 21-ാം നൂറ്റാണ്ടിൽ ജീവിക്കുന്ന ലക്ഷ്മി എന്ന സ്ത്രീയുമായി നടത്തുന്ന സംഭാഷണങ്ങളിലൂടെയും അനുഭവങ്ങളിലൂടെയുമാണ് നോവൽ മുന്നോട്ട് പോകുന്നത്. ആത്മീയത, പ്രണയം, ഏകാന്തത എന്നിവയെല്ലാം ഒരു പെണ്ണിന്റെ കാഴ്ചപ്പാടിലൂടെയും അനുഭവത്തിലൂടെയും ഈ നോവലിൽ അടയാളപ്പെടുത്തിയിരിക്കുന്നു. ഗ്രീൻ ബുക്സാണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

ഏറെ കൊട്ടിഘോഷിക്കപ്പെടുന്ന ഫ്രഞ്ച് വിപ്ലവം സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ മഹത്തായ ആശയങ്ങൾ ലോകത്തിനുമുന്നിൽ അവതരിപ്പിച്ചുവെങ്കിലും അതിൽ സ്ത്രീകൾക്ക് അത്തരം അവകാശങ്ങളൊന്നും നല്കാൻ തയ്യാറായിരുന്നില്ല. അവരെ പൗരരായി കാണാൻ ആണധികാരം കൂട്ടാക്കിയില്ല. ഫ്രഞ്ച് വിപ്ലവ കാലത്ത് ലിംഗസമത്വത്തിനായി വാദിക്കുകയും അതിന്റെ പേരിൽ വധശിക്ഷ നേരിടേണ്ടിവരികയും ചെയ്ത ഒളിംപേ ഡി ഗൗജസിയുടെ ജീവിതം അതിന്റെ ദൃഷ്ടാന്തമാണ്. ആ ജീവിതവും അവരുടെ പോരാട്ടവും അവരുടെ കാഴ്ചപ്പാടുകളും വിവരിക്കുന്ന കൃതിയാണ് 'സ്ത്രീ, സ്വത്വം, സ്വാതന്ത്ര്യം' എന്ന രതീദേവിയുടെ ഏറ്റവും പുതിയ പുസ്തകം.

ഈ കഥാസമാഹാരത്തിന്റെ ആദ്യപതിപ്പ് കാക്കനാടന്റെ അവതാരികയോടെ 1996 ആഗസ്റ്റിലും രണ്ടാം പതിപ്പ് 2012 ആഗസ്റ്റിലും പ്രസിദ്ധീകരിച്ചു. തുടർന്നുള്ള പതിപ്പുകൾ പത്തനംതിട്ടയിൽ നിന്നുള്ള സാഹിതി പബ്ളിക്കേഷൻസാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. പരിഷ്കരിച്ച പുതിയ പതിപ്പ് കൈരളി ബുക്സ് ഉടൻ പ്രസിദ്ധീകരിക്കും. സി. ഗോപിനാഥൻ എഴുതിയ കഥകളേക്കുറിച്ചുള്ള പഠനം അനുബന്ധമായി ചേർത്തിട്ടുണ്ട്. വേലല്യമാ.ീഴ യാണ് പുസ്തകം പബ്ളിഷ് ചെയ്തിരിക്കുന്നത്. 112 പേജുകളുള്ള പത്തു കഥകളുടെ ഈ പുസ്തകത്തിന്റെ വില 100 രൂപയാണ്.

രതീദേവി

ആലപ്പുഴ ജില്ലയിൽ താമരക്കുളത്തു ജനനം. അഖിലേന്ത്യാ വിദ്യാർത്ഥി ഫെഡറേഷനിലും ഇന്ത്യൻ പീപ്പിൾസ് തിയേറ്റർ അസോസിയേഷനിലും ഇന്റർനാഷണൽ വിമൻസ് ഓർഗനൈസേഷനിലും സജീവമായിരുന്നു. നിയമപഠനത്തിനുശേഷം മനുഷ്യാവകാശം, പരിസ്ഥിതി മേഖലകളിലും, ജയിലുകളിലെ സ്ത്രീതടവുകാർക്കുനേരെ പോലീസ് നടത്തുന്ന ചൂഷണത്തിനെതിരെയും ലൈംഗിക ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കു വേണ്ടിയും പ്രവർത്തിച്ചു. സാംസ്കാരിക നവോത്ഥാനവേദിയുടെ പ്രസിഡന്റും കെ. വേണു നടത്തിയിരുന്ന സമീക്ഷ എന്ന പത്രത്തിന്റെ കോളമിസ്റ്റും ആയിരുന്നു.



അടിമവംശം (കഥാസമാഹാരം), മഗ്ദലീനയുടെ (എന്റെയും) പെൺസുവിശേഷം (നോവൽ), സ്ത്രീ സ്വത്വം സ്വാതന്ത്രം (ലേഖനസമാഹാരം) എന്നിവ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു കവിതാ സമാഹാരവും ലേഖന സമാഹാരവും ഉടൻ പ്രസിദ്ധീകരിക്കും. നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ഇപ്പോൾ അമേരിക്കയിലെ ചിക്കാഗോയിൽ കുടുംബ സമേതം താമസിക്കുന്നു. സാഹിത്യ സാംസ്കാരിക മേഖലകളിൽ സജീവമാണ്.

MUKKUT
MONUMENTS INC.



PHONE (C)
972-342-0041

E-mail: mukkutmonuments@gmail.com
www.mukkutmonuments.com







We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.

WE SERVICE ALL OVER USA, CANADA & INDIA

ചരിത്രനേട്ടം!

സെന്റ് ജോൺ ന്യൂമാൻ ക്നാനായ കത്തോലിക്കാ മിഷന് ഇനി സ്വന്തം ദേവാലയം!

സർവ്വശക്തനായ ദൈവത്തിന് ഹൃദയം നിറഞ്ഞ നന്ദിയും സ്തുതിയും അർപ്പിച്ചുകൊണ്ട്, ഫിലഡൽഫിയ സെന്റ് ജോൺ ന്യൂമാൻ ക്നാനായ കത്തോലിക്കാ മിഷന് പുതിയ ദേവാലയം . ഇതോടെ ന്യൂയോർക്ക് ക്നാനായ കത്തോലിക്കാ ഫൊറോനയിൽ 4 -മത്തെ ദേവാലയം കൂടി യാഥാർത്ഥ്യമായി .

ഫിലാഡൽഫിയയിലെ ന്യൂ ടൗൺ ലുള്ള 749 Durham Road, Newtown, PA 18940 ൽ 5.44 ഏക്കർ സ്ഥലവും പള്ളിയും മിഷന്റെ ആത്മീയ യാത്രയിലെ ചരിത്രപ്രധാനമായ ഒരു നാഴികക്കല്ലാണ്. സ്വന്തമായൊരു ദേവാലയവും വിശ്വാസപരിശീലനത്തിനും കൂട്ടായ്മയ്ക്കും അനുയോജ്യമായ ഒരു കേന്ദ്രവും എന്ന നീണ്ട 27 വർഷത്തെ ദീർഘകാല സ്വപ്നത്തിന്റെ സാക്ഷാത്കാരമാണിത്.

ഈ വലിയ നേട്ടം കൈവരിക്കാൻ പ്രാർത്ഥനകളിലൂടെയും സാമ്പത്തിക സഹായങ്ങളിലൂടെയും പ്രോത്സാഹനങ്ങളിലൂടെയും ഒപ്പംനിന്ന എല്ലാ വിശ്വാസികളോടും കുടുംബങ്ങളോടും അഭ്യുദയകാംക്ഷികളോടും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ഓരോ പ്രാർത്ഥനയും ഓരോ സംഭാവനയും ഓരോ ത്യാഗവും ഓരോ പ്രോത്സാഹനവാക്കും ഈ സ്വപ്നസാക്ഷാത്കാരത്തിൽ വിലപ്പെട്ട പങ്കുവഹിച്ചിട്ടുണ്ട്.

ഈ ലക്ഷ്യത്തിനായി ആത്മാർത്ഥമായി



പ്രവർത്തിച്ച ജനറൽ ബോഡി അംഗങ്ങളോടും പാരിഷ് കൗൺസിൽ അംഗങ്ങളോടും കമ്മിറ്റി അംഗങ്ങളായ ജിജി ചാമക്കാല, റോബിൻ നെടുമാക്കൽ , ജിപി കട്ടപ്പുറം , തോമസ് നെടുമാക്കൽ , സണ്ണി പാറക്കൽ, ലൂക്കോസ് തത്തംകിണറ്റുകര എന്നിവർക്കും മിഷൻ ഡയറക്ടർ റവ . ഡോ ബിബി തറയിലിനും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.



ഈ പുതിയ അധ്യായത്തിലേക്ക് പ്രവേശിക്കുമ്പോൾ, ഈ ദേവാലയം പ്രാർത്ഥനയുടെ ഭവനമായും വിശ്വാസപരിശീലനത്തിന്റെ കേന്ദ്രമായും ഫിലഡൽഫിയയിലെയും പരിസരപ്രദേശങ്ങളിലെയും ഭാവി ക്നാനായ കത്തോലിക്കാ തലമുറകൾക്ക് പ്രത്യാശ പകരുന്ന ആത്മീയ സങ്കേതമായും മാറട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

ഈ നേട്ടം , വിശ്വാസവും ഐക്യവും ത്യാഗവും ഉദാരമനസ്കതയും ചേർന്ന് സാക്ഷാത്കരിച്ച ഒരു സമൂഹത്തിന്റെ സ്വപ്നമാണ്.

ക്രിസ്തുവിൽ വേരൂന്നിയും പൈതൃകമായ ക്നാനായ കത്തോലിക്കാ പാരമ്പര്യങ്ങളിൽ വളർന്നും, ഐക്യത്തിലും സ്നേഹത്തിലും മുന്നേറുന്ന ഒരു വിശ്വാസസമൂഹമായി നമുക്ക് ഒരുമിച്ച് ദൈവരാജ്യം പടുത്തുയർത്താം.

ഈ മഹത്തായ സംരംഭത്തിൽ പങ്കുചേർന്ന ഓരോരുത്തരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. നിങ്ങളുടെ പ്രാർത്ഥനകൾക്കും സ്നേഹത്തിനും ത്യാഗങ്ങൾക്കും ഉദാരമായ സംഭാവനകൾക്കും ദൈവം തക്ക പ്രതിഫലം നൽകട്ടെ.



ഹൃദയം നിറഞ്ഞ നന്ദിയോടും പ്രാർത്ഥനകളോടും കൂടി,

പള്ളി കമ്മിറ്റിക്കു വേണ്ടി

ഡോൺ വയലിൽ
(PRO)

യു.എസ്. പ്രസിഡൻഷ്യൽ സ്കോളേഴ്സ് ബഹുമതി

മലയാളി വിദ്യാർത്ഥിനി ജിസ്മി മാത്യുവിന്



പി.പി. ചെറിയാൻ

ന്യൂജേഴ്സി: അമേരിക്കയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഏറ്റവും ഉയർന്ന ദേശീയ അംഗീകാരങ്ങളിലൊന്നായ 2026-ലെ യു.എസ്. പ്രസിഡൻഷ്യൽ സ്കോളേഴ്സ് (U.S. Presidential Scholars) ബഹുമതിക്ക് ന്യൂജേഴ്സിയിലെ ഈസ്റ്റ് ഹാനോവറിൽ താമസിക്കുന്ന മലയാളി വിദ്യാർത്ഥിനി ജിസ്മി മാത്യു അർഹയായി. അക്കാദമിക മികവ്, സാങ്കേതികവിദ്യയിലെ നേട്ടങ്ങൾ, നേതൃത്വപാടവം, സാമൂഹികസേവനം എന്നിവയിലൂടെ ശ്രദ്ധേയയായ ജിസ്മിയുടെ നേട്ടം അമേരിക്കൻ മലയാളി സമൂഹത്തിനും അഭിമാനമായി.

ഒക്ടോബർ 27-ന് യു.എസ്. വിദ്യാഭ്യാസ വകുപ്പ് പ്രഖ്യാപിച്ച 161 പ്രസിഡൻഷ്യൽ സ്കോളർമാരിൽ കരിയർ ആൻഡ് ടെക്നിക്കൽ എജ്യുക്കേഷൻ (CTE) വിഭാഗത്തിൽ തിരഞ്ഞെടുക്കപ്പെട്ട 20 വിദ്യാർത്ഥികളിൽ ഒരാളാണ് ജിസ്മി. രാജ്യത്താകമാനം 6,700-ലധികം വിദ്യാർത്ഥികൾ പരിഗണനയ്ക്ക് അർഹരായ മത്സരാധിഷ്ഠിത തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ് ഈ ബഹുമതി നേടിയത്. രാജ്യവ്യാപകമായി തിരഞ്ഞെടുക്കപ്പെട്ട 627 സെമിഫൈനലിസ്റ്റുകളിൽ നിന്നാണ് അന്തിമ വിജയികളെ കണ്ടെത്തിയത്.

ന്യൂജേഴ്സിയിലെ മോറിസ് കൗണ്ടി സ്കൂൾ ഓഫ് ടെക്നോളജിയിൽ (Morris County School of Technology) കമ്പ്യൂട്ടർ ഇൻഫർമേഷൻ സയൻസസ് അക്കാദമിയിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ജിസ്മി, പഠനത്തിലെ മികവിന് സ്കൂളിലെ കമ്പ്യൂട്ടർ സയൻസ് അക്കാദമി സ്കോളർ (Computer Science Academy Scholar) എന്ന അംഗീകാരത്തിനും ജിസ്മി അർഹയായി. ഹൈസ്കൂൾ ഗ്രാജുവേഷൻ ചടങ്ങിൽ തന്റെ ബാച്ചിനെ അഭിസംബോധന ചെയ്ത് പ്രസംഗിക്കാനും ജിസ്മിക്ക് അവസരം ലഭിച്ചു. പഠനമികവിനൊപ്പം നേതൃത്വപാടവവും പ്രകടമാക്കുന്നതായിരുന്നു ഈ നേട്ടങ്ങൾ.

സാങ്കേതികവിദ്യയിലും ശ്രദ്ധേയമായ നേട്ടങ്ങളാണ് ജിസ്മി കൈവരിച്ചിട്ടുള്ളത്.

ന്യൂജേഴ്സി ടെക്നോളജി സ്റ്റുഡന്റ് അസോസിയേഷന്റെ വെബ്മാസ്റ്റർ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ജിസ്മി, കൗണ്ടി കോളേജ് ഓഫ് മോറിസിന്റെ 2025 ഫാൾ സെമസ്റ്റർ ഡീൻസ് ലിസ്റ്റിലും ഇടംനേടി. വെബ് ഡെവലപ്മെന്റ്, യൂസർ എക്സ്പീരിയൻസ് ഡിസൈൻ, ഡിജിറ്റൽ മീഡിയ എന്നീ മേഖലകളിലും പ്രാവീണ്യം തെളിയിച്ചിട്ടുണ്ട്.

പഠനമികവിനൊപ്പം സാമൂഹികസേവനത്തിനും ജിസ്മി വലിയ പ്രാധാന്യം നൽകുന്നു. FOKANA (Federation of Kerala Associations in North America), ഫാദർ മാത്യു കുന്നത്ത് ചാരിറ്റബിൾ ഫൗണ്ടേഷൻ തുടങ്ങിയ സംഘടനകളുടെ വെബ്സൈറ്റ് വികസനത്തിനും ഡിജിറ്റൽ പ്രവർത്തനങ്ങൾക്കും ജിസ്മി സാങ്കേതിക സഹായം നൽകിയിട്ടുണ്ട്.

സാങ്കേതികവിദ്യയിലേക്ക് പെൺകുട്ടികളെ കൂടുതൽ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന 'ഗേൾസ് ഹൂ കോഡ്' (Girls Who Code) സംഘടനയുടെ സ്കൂൾതല സഹപ്രസിഡന്റായും സ്റ്റുഡന്റ് കൗൺസിൽ ട്രഷററായും ജിസ്മി പ്രവർത്തിച്ചിട്ടുണ്ട്.

2023-ൽ ഈസ്റ്റ് ഹാനോവർ സെൻട്രൽ എലിമെന്ററി സ്കൂളിൽ ആരംഭിച്ച 'കമ്പ്യൂട്ടർ സയൻസ് ആൻഡ് STEM ഫാമിലി നൈറ്റ്' പരിപാടി ജിസ്മിയുടെ നേതൃത്വപാടവത്തിന്റെ മറ്റൊരു ഉദാഹരണമാണ്. കുട്ടികൾക്കും കുടുംബങ്ങൾക്കും ശാസ്ത്രസാങ്കേതിക മേഖലകളെ പരിചയപ്പെടുത്തുന്ന ഈ സംരംഭം പിന്നീട് വാർഷിക പരിപാടിയായി മാറി.

1964-ൽ ആരംഭിച്ച യു.എസ്. പ്രസിഡൻഷ്യൽ സ്കോളേഴ്സ് പ്രോഗ്രാം അമേരിക്കയിലെ മികച്ച ഹൈസ്കൂൾ വിദ്യാർത്ഥികളുടെ അക്കാദമിക നേട്ടങ്ങളും നേതൃത്വഗുണങ്ങളും സാമൂഹിക പ്രതിബദ്ധതയും അംഗീകരിക്കുന്ന ദേശീയ പദ്ധതിയാണ്.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ജിസ്മി ഇപ്പോൾ ന്യൂജേഴ്സി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ (NJIT) ആൽബർട്ട് ഡോർമൻ ഓണേഴ്സ് കോളേജിൽ (Albert Dorman Honors College) കമ്പ്യൂട്ടർ സയൻസിൽ ഉപരിപഠനം നടത്തുകയാണ്.

ഈസ്റ്റ് ഹാനോവറിൽ താമസിക്കുന്ന ലിന്റോ മാത്യുവിന്റെയും ജിനു മാത്യുവിന്റെയും മകളാണ് ജിസ്മി. ജൂഡിത്ത്, ജേസൺ എന്നിവർ സഹോദരങ്ങളാണ്.

ജിസ്മിയുടെ ഈ വിജയം അമേരിക്കൻ മലയാളി സമൂഹത്തിനും സാങ്കേതികവിദ്യയിൽ മുന്നേറാൻ ആഗ്രഹിക്കുന്ന പുതുതലമുറയ്ക്കും പ്രചോദനമാകുന്നു.



emalayalee.com

Great News!



NOW YOU CAN

INSTANTLY

PLACE YOUR ADVT

or

BOOK YOUR AD SPACE

ON

eMalayalee.com

TARGET MALAYALEE AUDIENCE

THOUSANDS OF DAILY VISITORS

BOOST YOUR BRAND VISIBILITY

EASY, FAST & EFFECTIVE





WIDE ONLINE REACH

PREMIUM AD SPACES AVAILABLE

TRUSTED MEDIA PLATFORM

Just Click **eMalayalee.com/Advertise**

പന്ത്രണ്ട് വർഷത്തെ കാത്തിരിപ്പിനും പ്രാർത്ഥനകൾക്കും സാഫല്യം; ഒന്റാരിയോയിലെ സെന്റർ വെല്ലിംഗ്ടണിൽ മൂന്ന് ഏക്കർ സ്ഥലത്തോടുകൂടിയ ദേവാലയം സ്വന്തമാക്കി



ഷിബു കിഴക്കേക്കുറ്റ്

''കർത്താവ് നമുക്കുവേണ്ടി വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു; നാം സന്തോഷത്താൽ നിറഞ്ഞിരിക്കുന്നു.'' (സങ്കീർത്തനങ്ങൾ 126:3)

ടൊറന്റോ: മനുഷ്യന് ചിന്തിക്കാം, പക്ഷേ ദൈവമാണ് നൽകുന്നത്. നീണ്ട പന്ത്രണ്ട് വർഷത്തെ പ്രാർത്ഥനകൾക്കും കാത്തിരിപ്പിനും പരിശ്രമങ്ങൾക്കും ശേഷം ടൊറന്റോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ ചിരകാല സ്വപ്നം ദൈവിക കരുതലിൽ യാഥാർത്ഥ്യമായി. സ്വന്തമായൊരു ദേവാലയം ഇടവകയ്ക്ക് ലഭിച്ചു. കാനഡയി





ലെ ക്നാനായ കത്തോലിക്കാ സഭാപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച ഈ ഇടവകയുടെ ചരിത്രത്തിൽ ഇതോടെ പുതിയൊരു അധ്യായം ആരംഭിക്കുന്നു.

ഒന്റാരിയോയിലെ സെന്റർ വെല്ലിംഗ്ടണിൽ മൂന്ന് ഏക്കർ സ്ഥലത്തോടുകൂടിയ മനോഹരമായ ദേവാലയമാണ് ഇടവക സ്വന്തമാക്കിയത്. സ്വന്തമായൊരു ആരാധനാലയത്തിനായി വർഷങ്ങളായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത വിശ്വാസികൾക്ക് ഈ നേട്ടം വിശ്വാസത്തിന്റെയും ഐക്യത്തിന്റെയും കൂട്ടായ പരിശ്രമത്തിന്റെയും സാക്ഷ്യമാണ്.

വിതയ്ക്കാനും കൊയ്യാനും ഓരോ കാലമുണ്ടെന്ന തിരുവചനത്തെ ഓർമ്മിപ്പിക്കുന്നതാണ് ഇടവകയുടെ ഈ ആത്മീയ യാത്ര. കഴിഞ്ഞ വർഷങ്ങളിൽ പലരും പ്രതീക്ഷയോടെ വിതയ്ക്കുകയും പ്രാർത്ഥനയോടെ പരിപാലിക്കുകയും ചെയ്തത് ഇന്ന് ഫലം കണ്ടിരിക്കുന്നു.

2014-ൽ മിഷനായി തുടക്കം; പതിമൂന്നാം വർഷം കൂദാശ

2014-ൽ ക്നാനായ കത്തോലിക്കാ മിഷനായി ആരംഭിച്ചതാണ് സെന്റ് മേരീസ് സമൂഹം. പിന്നീട് അത് കാനഡയിലെ ക്നാനായ കത്തോലിക്കരുടെ ആദ്യ ഇടവകയായി ഉയർന്നു. ഈ വളർച്ചയ്ക്ക് പിന്നിൽ നിരവധി വൈദികരുടെയും വിശ്വാസികളുടെയും നിസ്വാർത്ഥ സേവനമുണ്ട്.

ഈ അവസരത്തിൽ പ്രത്യേകം അനുസ്മരിക്കേണ്ട വ്യക്തിയാണ് റവ. ഫാ. പത്രോസ് ചമ്പക്കര. ഇടവകയുടെ മുൻ വികാരിയായും വികാരി ജനറാളായും അദ്ദേഹം സേവനമനുഷ്ഠിച്ചു. ടൊറന്റോയിലെ ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ ആത്മീയ വളർച്ചയ്ക്കായി അദ്ദേഹം നടത്തിയ പരിശ്രമങ്ങൾ ഏറെ വിലപ്പെട്ടവയാണ്. സ്വന്തം ദേവാലയമെന്ന സ്വപ്നത്തിനു വേണ്ടിയും അദ്ദേഹം അധ്വാനിച്ചു. ആ ആഗ്രഹം വിശ്വാസികളുടെ മനസ്സിൽ സജീവമായി നിലനിർത്താനും അതിനായുള്ള പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകാനും അദ്ദേഹത്തിന്റെ നേതൃത്വത്തിന് കഴിഞ്ഞു. അന്ന് അദ്ദേഹം പാകിയ അടിത്തറ ഇന്ന് നന്ദിയോടെ സ്മരിക്കപ്പെടുന്നു.

കഴിഞ്ഞകാലങ്ങളിൽ ഇടവകയുടെ ഉത്തരവാദിത്വം വഹിച്ച വിവിധ കമ്മിറ്റികളുടെയും ഭാരവാഹികളുടെയും പരിശ്രമങ്ങളും വിസ്മരിക്കാനാവില്ല. ലഭ്യമായ സാഹചര്യങ്ങളിലും പരിമിതികളിലും നിന്നുകൊണ്ട് അവർ ആത്മാർത്ഥമായി പ്രവർത്തിച്ചു. ദേവാലയം സ്വന്തമാക്കാനുള്ള സാധ്യതകൾ അന്വേഷിക്കുകയും പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുകയും ചെയ്തു. ഓരോ കാലഘട്ടത്തിലും പ്രവർത്തിച്ചവരുടെ അധ്വാനവും

സമർപ്പണവും ഇന്നത്തെ നേട്ടത്തിന് പിന്നിലുണ്ട്.

നിർണായകമായത് ഇപ്പോഴത്തെ നേതൃത്വം

ഈ ദീർഘകാല സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിൽ നിർണായകമായത് രണ്ടു കാര്യങ്ങളാണ്. ഒന്ന്, നിലവിലെ ഇടവക വികാരി റവ. ഫാ. മാത്യു മേലേടത്തിന്റെ ആത്മാർത്ഥമായ പരിശ്രമങ്ങൾ. രണ്ട്, ബിൽഡിംഗ് കമ്മിറ്റിയോടൊപ്പം ചേർന്നുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ. വികാരിയായി ചുമതലയേറ്റ കാലഘട്ടത്തിൽ തന്നെ സ്വന്തമായൊരു ദേവാലയം ലഭിക്കാനുള്ള അനുഗ്രഹീത അവസരം അദ്ദേഹത്തിനുണ്ടായി. ആ അവസരം കമ്മിറ്റി അംഗങ്ങളോടൊപ്പം കൈകോർത്ത് അദ്ദേഹം ഫലപ്രദമായി വിനിയോഗിച്ചു. വൈദികന്റെ ആത്മീയ നേതൃത്വവും കമ്മിറ്റിയുടെ കഠിനാധ്വാനവും വിശ്വാസികളുടെ സഹകരണവും ഒരുമിച്ചപ്പോൾ കാത്തിരുന്ന ദേവാലയം യാഥാർത്ഥ്യമായി.

ഈ നേട്ടത്തിന് കരുത്തു പകർന്നത് പലരുടെ പ്രവർത്തനങ്ങളാണ്. ബിൽഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. തോമസ് ആയിരവേലിൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കൈക്കാരന്മാരായ ശ്രീ. ജോൺ അരയത്തും ശ്രീ. അനീഷ് തെക്കേടത്തും അശ്രാന്തമായി പരിശ്രമിച്ചു. കമ്മിറ്റി അംഗങ്ങളായ ശ്രീ. ജോബി വലിയപുത്തൻപുരയിൽ, ശ്രീ. സാം കാരിക്കൊമ്പിൽ, ശ്രീ. ദീപു മലയിൽ എന്നിവരും സജീവമായി മുന്നിൽനിന്നു.

ദേവാലയം സ്വന്തമാക്കുന്ന വേളയിൽ റവ. ഫാ. ജോസഫ് തച്ചറ സന്നിഹിതനായിരുന്നു. ഇത് ഈ ചരിത്രനിമിഷത്തിന്റെ സന്തോഷം ഇരട്ടിപ്പിച്ചു.

ഡയറക്ടറേറ്റ് ഓഫ് ക്നാനായ കാത്തലിക്സ് ഇൻ കാനഡയുടെ ചെയർമാൻ ശ്രീ. റോയ് പുത്തൻകളവും സെക്രട്ടറി ശ്രീ. ജോഷി പാലത്തടത്തിലും നൽകിയ സഹകരണം പ്രധാന പങ്കുവഹിച്ചു. നോർത്ത് അമേരിക്കയിലെ വിവിധ ക്നാനായ കത്തോലിക്കാ ഇടവകാംഗങ്ങളുടെയും അഭ്യുദയകാംക്ഷികളുടെയും പ്രാർത്ഥനാപിന്തുണയും സാമ്പത്തിക സഹായവും ഇതുപോലെ നിർണായകമായി. ഡയറക്ടറേറ്റിന് കീഴിൽ സ്വന്തമായി ദേവാലയം ലഭിക്കുന്ന രണ്ടാമത്തെ ഇടവക എന്ന പ്രത്യേകതയും ടൊറന്റോ സെന്റ് മേരീസിനുണ്ട്.

മുന്നോട്ടുള്ള വഴി

സന്തോഷത്തിനിടയിലും ഒരു യാഥാർത്ഥ്യം അവശേഷിക്കുന്നു. പുതിയ ദേവാലയത്തിലേക്കുള്ള യാത്രാദൂരം ചില കുടുംബങ്ങൾക്ക് പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. എന്നാൽ സ്വന്തമായൊരു ആരാധനാലയം എന്ന വലിയ തുടക്കത്തിനാണ് ഇപ്പോൾ വഴി തെളിഞ്ഞിരിക്കുന്നത്. ഭാവിയിൽ കൂടുതൽ സൗകര്യപ്രദമായ സ്ഥലം ലഭ്യമായാൽ ബന്ധപ്പെട്ട സമിതികൾക്ക് അതിനനുസരിച്ച് തീരുമാനങ്ങൾ എടുക്കാവുന്നതാണ്. പരസ്പരസഹകരണത്തിലൂടെയും പ്രാർത്ഥനയിലൂടെയും ഇത്തരം പ്രയാസങ്ങൾ മറികടക്കാനാകുമെന്ന പ്രതീക്ഷയും ഇടവകയ്ക്കുണ്ട്.

പുതിയ ദേവാലയം വിശുദ്ധ കുർബാനയുടെയും ആരാധനയുടെയും പ്രധാന കേന്ദ്രമായി മാറുമെന്ന പ്രതീക്ഷയിലാണ് ഇടവക സമൂഹം. വിശ്വാസപരിശീലനത്തിനും കുടുംബകൂട്ടായ്മകൾക്കും ഇത് വേദിയാകും. കാനഡയിൽ വളർന്നുവരുന്ന പുതിയ തലമുറയ്ക്ക് ക്നാനായ കത്തോലിക്കാ വിശ്വാസവും പാരമ്പര്യവും പകർന്നുനൽകാനും ഈ ദേവാലയം സഹായകമാകും.

ഈ പന്ത്രണ്ട് വർഷത്തെ യാത്രയിൽ ഒപ്പം നിന്ന എല്ലാവരെയും ഇടവക നന്ദിയോടെ അനുസ്മരിക്കുന്നു. ഇടവകയെ നയിച്ച വൈദികർ, മുൻകാല കമ്മിറ്റികൾ, ഇപ്പോഴത്തെ ഭാരവാഹികൾ എന്നിവർ അതിലുണ്ട്. പ്രാർത്ഥനയിലൂടെയും സാമ്പത്തിക സഹായത്തിലൂടെയും പിന്തുണച്ച വിശ്വാസികളും അഭ്യുദയകാംക്ഷികളും അതിലുണ്ട്. 'ഈ ചരിത്രനേട്ടത്തിന് പിന്നിൽ പ്രവർത്തിച്ചവരുടെ നിരയിൽ ബിൽഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. തോമസ് ആയിരവേലിലിന്റെ നേതൃത്വം നിർണായകമായിരുന്നു.'

ഒരു പ്രത്യേകത കൂടിയുണ്ട്: ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് കാനഡയുടെ (KCAC) തറവാട്ടിൽ ഒരു പള്ളി പിറന്നിരിക്കുന്നു. 'പള്ളി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ചില കോണുകളിൽ നിന്നും വിയോജിപ്പുകളും അഭിപ്രായവ്യത്യാസങ്ങളും ഉയർന്നു വരുന്നുണ്ട്.'

വർഷങ്ങളായി പലരും സ്വപ്നം കണ്ടതും അനേകർ പ്രാർത്ഥനയോടെ കാത്തിരുന്നതുമായ ഈ ദേവാലയം ടൊറന്റോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ ചരിത്രത്തിൽ എന്നും ഓർമ്മിക്കപ്പെടുന്ന അധ്യായമായി നിലനിൽക്കും.

കണ്ടത്തിൽ കുടുംബത്തിന്റെ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം ഡോ. ജേക്കബ് ഈപ്പന്

മീട്ടു റഹ്മത്ത് കലാം



കോട്ടയം: വൈദ്യശാസ്ത്രരംഗത്തും പൊതുജനാരോഗ്യ മേഖലയിലും ദീർഘകാലമായി പ്രവർത്തിക്കുന്ന അമേരിക്കൻ മലയാളി ഡോ. ജേക്കബ് ഈപ്പന് കണ്ടത്തിൽ കുടുംബത്തിന്റെ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം. ഒക്ടോബർ 20-ന് ചങ്ങനാശേരി കോണ്ടൂർ റിസോർട്ടിൽ നടന്ന 136-ാമത് കണ്ടത്തിൽ കുടുംബയോഗത്തിലാണ് പുരസ്കാരം സമ്മാനിച്ചത്. 800-ലധികം കുടുംബാംഗങ്ങൾ പങ്കെടുത്ത സംഗമത്തിൽ അമേരിക്ക, കാനഡ തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളും സന്നിഹിതരായി. പ്രസിഡന്റ് മോഹൻ വർഗീസിന്റെ നേതൃത്വത്തിലായിരുന്നു ഈ വർഷത്തെ കുടുംബയോഗം.

കണ്ടത്തിൽ ചാക്കോ ഈപ്പന്റെ മകനാണ് ഡോ. ജേക്കബ് ഈപ്പൻ. കുടുംബയോഗത്തിന്റെ നോർത്ത് അമേരിക്കൻ കോർഡിനേറ്ററായും അദ്ദേഹം പ്രവർത്തിച്ചു.

136 വർഷത്തെ കുടുംബപാരമ്പര്യം

തിരുവല്ലയിൽ വേരുകളുള്ള കണ്ടത്തിൽ കുടുംബം തലമുറകളിലൂടെ വ്യാപിച്ച് ആറു പ്രധാന ശാഖകളായി വളർന്നു. കുടുംബവൃക്ഷത്തിലെ മോണോത്ത് ശാഖയിലാണ് ഡോ. ജേക്കബ് ഈപ്പൻ ഉൾപ്പെടുന്നത്. കുടുംബത്തിലെ ആറു ശാഖകളിലായി ആറു പത്മ പുരസ്കാര ജേതാക്കളുണ്ടെന്നതും സവിശേഷമായ അപൂർവ്വതയാണ്.

കുടുംബചരിത്രവും പാരമ്പര്യവും പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനും കുടുംബാംഗങ്ങളുടെ നേട്ടങ്ങൾ ആദരിക്കുന്നതിനുമുള്ള വേദിയാണ് വാർഷിക സംഗമം. വിവിധ ശാഖകളുടെ നേതൃത്വത്തിൽ കലാപരിപാടികളും മത്സരങ്ങളും സംഘടിപ്പിക്കാറുണ്ട്.

വൈദ്യസേവനവും പൊതുജനാരോഗ്യവും

ഇന്ത്യയിൽ വൈദ്യപഠനം പൂർത്തിയാക്കിയ ഡോ. ജേക്കബ് ഈപ്പൻ ടാൻസാനിയയിലെ ദാർ എസ് സലാമിലും നൈജീരിയയിലും സേവനമനുഷ്ഠിച്ചശേഷം അമേരിക്കയിലെത്തി പൊതുജനാരോഗ്യത്തിൽ ഉപരിപഠനം നടത്തി.

കാലിഫോർണിയയിലെ അലമേഡ കൗണ്ടി ഹെൽത്ത് സിസ്റ്റത്തിൽ 29 വർഷത്തോളം ശിശുരോഗവിദഗ്ധനായി പ്രവർത്തിച്ച അദ്ദേഹം പത്തു വർഷം മെഡിക്കൽ ഡയറക്ടറായും സേവനമനുഷ്ഠിച്ചു. കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കുന്നതിനും അദ്ദേഹം പ്രത്യേക ശ്രദ്ധ നൽകി.



ഐക്യരാഷ്ട്രസഭയുടെ അഭയാർഥികൾക്കായുള്ള ഹൈക്കമ്മീഷണറുടെ (UNHCR) പബ്ലിക് ഹെൽത്ത് അഡ്വൈസറായി പ്രവർത്തിച്ച ആദ്യ ഏഷ്യൻ വംശജനായ ഡോക്ടർ എന്ന പ്രത്യേകതയും അദ്ദേഹത്തിനുണ്ട്. അഭയാർഥി ക്യാമ്പുകളിലെ ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളിലും പങ്കാളിയായി.

നോർത്തേൺ കാലിഫോർണിയയിൽ പൊതുതിരഞ്ഞെടുപ്പിലൂടെ വിജയിച്ച ആദ്യ ഇന്ത്യക്കാരനെന്ന നേട്ടവും ഡോ. ഈപ്പനുണ്ട്. കാലിഫോർണിയയിലെ വാഷിംഗ്ടൺ ഹോസ്പിറ്റലിന്റെ ഡയറക്ടർ ബോർഡിൽ പ്രവർത്തിക്കുന്ന അദ്ദേഹം എട്ടാം തവണയും എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. നിലവിൽ ഫൊക്കാന ഇന്റർനാഷണലിന്റെ കോർഡിനേറ്ററായും പ്രവർത്തിക്കുന്നു.

അംഗീകാരങ്ങൾ

'എലിസ് ഐലൻഡ് മെഡൽ ഓഫ് ഓണർ', കാലിഫോർണിയ മെഡിക്കൽ ബോർഡിന്റെ ഫിസിഷ്യൻ റെക്കഗ്നിഷൻ അവാർഡ്, സ്റ്റാൻഫഡ് സർവകലാശാലയുടെ ഔട്ട്സ്റ്റാൻഡിങ് അലുംനി അംഗീകാരം എന്നിവ ഡോ. ഈപ്പന് ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളജിന്റെ വിശിഷ്ട പൂർവവിദ്യാർഥി പുരസ്കാരം, കഴക്കൂട്ടം സൈനിക് സ്കൂളിന്റെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, ഫൊക്കാനയുടെ അംഗീകാരം എന്നിവയും പ്രധാന ബഹുമതികളാണ്.

കുടുംബം

ഭാര്യ ഷേർളി ജേക്കബ്. മകൻ ഡോ. നവീൻ ജേക്കബ്, മകൾ ഡോ.സന്ധ്യയും ഭർത്താവ് ഡോ. റയാനും. ഐസക്, ഈതൻ, എയ്റൺ എന്നിവരാണ് കൊച്ചുമക്കൾ.



അമേരിക്കൻ തിരഞ്ഞെടുപ്പുകളിൽ ഇന്ത്യൻ വംശജരായ വോട്ടർമാർ നിർണായക ശക്തിയോ?

ദേശീയതലത്തിലുള്ള രാഷ്ട്രീയ വിശകലനവും സംസ്ഥാനാടിസ്ഥാനത്തിലുള്ള വിലയിരുത്തലും

ഡോ. ജോർജ് കാക്കനാട്ട്

അമേരിക്കൻ ഐക്യനാടുകളിലെ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ഇന്ത്യൻ വംശജരായ അമേരിക്കൻ പൗരന്മാരുടെ സ്വാധീനം ക്രമേണ വർധിച്ചുവരികയാണ്. ജനസംഖ്യയിലെ വളർച്ചയ്ക്കൊപ്പം വോട്ടർ പങ്കാളിത്തം, രാഷ്ട്രീയ ധനസമാഹരണം, സാമൂഹിക സംഘടനകളുടെ പ്രവർത്തനം, പൊതുരംഗത്തെ സജീവ സാന്നിധ്യം എന്നിവയെല്ലാം ഈ സമൂഹത്തിന്റെ രാഷ്ട്രീയ പ്രാധാന്യം ഉയർത്തുന്നു.

എന്നാൽ, ഇന്ത്യൻ അമേരിക്കൻ വോട്ടർമാർ അമേരിക്കൻ തിരഞ്ഞെടുപ്പുകളിൽ നിർണായക ശക്തിയാണോ എന്ന ചോദ്യത്തിന് ഒറ്റവരിയിൽ ലളിതമായ ഉത്തരം നൽകാനാവില്ല. തിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനം, മണ്ഡലത്തിലെ വോട്ടർമാരുടെ എണ്ണം, വോട്ടെടുപ്പ് പങ്കാളിത്തം, സ്ഥാനാർഥികൾ തമ്മിലുള്ള വോട്ടുവ്യത്യാസം എന്നിവയെ ആശ്രയിച്ചാണ് യഥാർത്ഥത്തിൽ അവരുടെ സ്വാധീനം നിർണയിക്കപ്പെടുന്നത്.

ജനസംഖ്യയും വോട്ടവകാശവും

പ്യൂ റിസർച്ച് സെന്ററിന്റെ കണക്കുകൾ പ്രകാരം, 2023-ൽ അമേരിക്കയിലെ ഇന്ത്യൻ വംശജരുടെ ജനസംഖ്യ ഏകദേശം 52 ലക്ഷമായിരുന്നു. 2022-ലെ കണക്കുകൾ സൂചിപ്പിക്കുന്നത് വോട്ടവകാശമുള്ള ഇന്ത്യൻ അമേരിക്കക്കാരുടെ എണ്ണം ഏകദേശം 22 ലക്ഷമാണെന്നാണ് (ഇവ വ്യത്യസ്ത വർഷങ്ങളിലെ കണക്കുകളാണ്). സ്വാഭാവികമായും വോട്ടവകാശമുള്ള എല്ലാവരും തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തണമെന്നില്ല.

കാലിഫോർണിയ, ടെക്സസ്, ന്യൂജേഴ്സി, ന്യൂയോർക്ക്, നങ്ങളിലാണ് വോട്ടവകാശമുള്ള ഇന്ത്യൻ അമേരിക്കക്കാർ കൂടുതലുള്ളത്. ജനസംഖ്യയുടെ കേന്ദ്രീകരണവും മത്സരത്തിന്റെ സ്വഭാവവും അനുസരിച്ച് ഓരോ സംസ്ഥാനത്തും ഇവരുടെ രാഷ്ട്രീയ സ്വാധീനം വ്യത്യസ്തമായിരിക്കും.

സംസ്ഥാനാടിസ്ഥാനത്തിലുള്ള വിശകലനം

* കാലിഫോർണിയ: ഇന്ത്യൻ അമേരിക്കൻ സമൂഹത്തിന് ഗണ്യമായ സാന്നിധ്യമുള്ള സംസ്ഥാനമാണിത്. സിലിക്കൺ വാലി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ഇന്ത്യൻ വംശജരായ വോട്ടർമാർ കോൺഗ്രസ്, സംസ്ഥാന നിയമസഭ, നഗരഭരണം തുടങ്ങിയ തിരഞ്ഞെടുപ്പുകളിൽ സജീവമായി പങ്കാളികളാകുന്നു. ചില മണ്ഡലങ്ങളിൽ ഇവരുടെ വോട്ടുകൾ ഫലത്തെ

നിർണയിക്കുന്ന പ്രധാന ഘടകമാകാറുണ്ട്.

* ടെക്സസ്: ഹ്യൂസ്റ്റൺ, ഡാലസ്ഫോർട്ട് വർത്ത്, ഓസ്റ്റിൻ തുടങ്ങിയ നഗരപ്രദേശങ്ങളിൽ ഇന്ത്യൻ അമേരിക്കൻ സമൂഹം വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്നു. ഷുഗർ ലാൻഡ്, ഫോർട്ട് ബെൻഡ് കൗണ്ടി എന്നിവിടങ്ങളിൽ ഈ സമൂഹത്തിന്റെ രാഷ്ട്രീയ പങ്കാളിത്തം പ്രത്യേക പ്രാധാന്യമർഹിക്കുന്നു. സംസ്ഥാന നിയമസഭ, കോൺഗ്രസ്, കൗണ്ടി, നഗരസഭ, സ്കൂൾ ബോർഡ് തിരഞ്ഞെടുപ്പുകളിൽ ഇവരുടെ വോട്ടുകൾ പ്രസക്തമാണ്.

* ന്യൂജേഴ്സി: എഡിസൺ, മിഡിൽസെക്സ് കൗണ്ടി, സമീപ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഇന്ത്യൻ അമേരിക്കൻ സമൂഹത്തിന് ശ്രദ്ധേയമായ സാന്നിധ്യമുണ്ട്. ചില നിയമനിർമാണ മണ്ഡലങ്ങളിൽ ഇവരുടെ വോട്ടുകൾ തിരഞ്ഞെടുപ്പ് ഫലത്തെ നേരിട്ട് സ്വാധീനിച്ചേക്കാം. പ്രാദേശിക ഭരണത്തിലും പൊതുചർച്ചകളിലും ഈ സമൂഹത്തിന്റെ പങ്കാളിത്തം വളരെ വലുതാണ്.

* ന്യൂയോർക്ക്: ന്യൂയോർക്ക് നഗരത്തിലും സമീപപ്രദേശങ്ങളിലുമായി ഇന്ത്യൻ അമേരിക്കൻ വോട്ടർമാർ വിവിധ മണ്ഡലങ്ങളിൽ വ്യാപിച്ചുകിടക്കുന്നു. കോൺഗ്രസ്, സംസ്ഥാന നിയമസഭ, നഗരഭരണം തുടങ്ങിയ തലങ്ങളിലെല്ലാം ഇവരുടെ പങ്കാളിത്തം എടുത്തുപറയേണ്ടതാണ്.

* ഇല്ലിനോയി: ഷിക്കാഗോയും സമീപപ്രാന്തപ്രദേശങ്ങളും ഇന്ത്യൻ അമേരിക്കൻ സമൂഹത്തിന്റെ പ്രധാന കേന്ദ്രങ്ങളാണ്. കോൺഗ്രസ് മണ്ഡലങ്ങൾ, സംസ്ഥാന നിയമസഭ, പ്രാദേശിക ഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ തിരഞ്ഞെടുപ്പുകളിൽ ഇവരുടെ സാന്നിധ്യം നിർണായകമാണ്.

* ജോർജിയ: അറ്റ്ലാന്റ മെട്രോപൊളിറ്റൻ മേഖലയിലും സമീപപ്രദേശങ്ങളിലും ഇന്ത്യൻ അമേരിക്കൻ ജനസംഖ്യ വളർന്നുവരുന്നു. സംസ്ഥാനതല മത്സരങ്ങളിലും കോൺഗ്രസ് തിരഞ്ഞെടുപ്പുകളിലും ഇവരുടെ വോട്ടുകൾ വിശാലമായ വോട്ടർ കൂട്ടായ്മയുടെ ഭാഗമായി ഫലത്തെ സ്വാധീനിച്ചേക്കാം.

* വിർജീനിയ: വടക്കൻ വിർജീനിയയിലെ ഇന്ത്യൻ അമേരിക്കൻ സമൂഹം പ്രാദേശിക, സംസ്ഥാന, ഫെഡറൽ തിരഞ്ഞെടുപ്പുകളിൽ സജീവമായി പങ്കെടുക്കുന്നുണ്ട്. ജനസംഖ്യയുടെ കേന്ദ്രീകരണവും മണ്ഡലങ്ങളിലെ മത്സരസ്വഭാവവും അനുസരിച്ച് ഇവരുടെ സ്വാധീനം വ്യത്യാസപ്പെടുന്നു.

* വാഷിങ്ടൺ സംസ്ഥാനം: സിയാറ്റിൽ ഉൾപ്പെടെയുള്ള സാങ്കേതികവിദ്യാ വ്യവസായ കേന്ദ്രങ്ങളിലും സമീപപ്രദേശങ്ങളിലും ഇന്ത്യൻ അമേരിക്കൻ സമൂഹത്തിന് ശക്തമായ സാന്നിധ്യമുണ്ട്. പ്രാദേശിക ഭരണവും കോൺഗ്രസ് തിരഞ്ഞെടുപ്പുകളും ഉൾപ്പെടെ വിവിധ തലങ്ങളിൽ ഇവരുടെ പങ്കാളിത്തം പ്രസക്തമാണ്.

* പെൻസിൽവേനിയ: ഇന്ത്യൻ അമേരിക്കൻ സമൂഹം താമസിക്കുന്ന നഗര-പ്രാന്തപ്രദേശങ്ങളിൽ അവരുടെ വോട്ടുകൾ സംസ്ഥാന-ഫെഡറൽ തിരഞ്ഞെടുപ്പുകളിൽ ഏറെ പ്രാധാന്യമർഹിക്കുന്നു. പ്രത്യേകിച്ച് മത്സരാധിഷ്ഠിത മണ്ഡലങ്ങളിൽ വോട്ടർ പങ്കാളിത്തം ഫലത്തെ സ്വാധീനിക്കുന്ന നിർണായക ഘടകങ്ങളിലൊന്നാണ്.

* നോർത്ത് കരോലിന: റാലി, ഡർഹാം, ഷാർലറ്റ് തുടങ്ങിയ മേഖലകളിലെ വളരുന്ന ഇന്ത്യൻ അമേരിക്കൻ സമൂഹം സംസ്ഥാനത്തിന്റെ ജനസംഖ്യാ വൈവിധ്യത്തിന്റെ സുപ്രധാന ഭാഗമാണ്. സംസ്ഥാന നിയമസഭ, കോൺഗ്രസ്, പ്രാദേശിക തിരഞ്ഞെടുപ്പുകൾ എന്നിവയിലെല്ലാം അവരുടെ പങ്കാളിത്തം കാണാം.



ഈ സംസ്ഥാനങ്ങൾ ഇന്ത്യൻ അമേരിക്കൻ സമൂഹത്തിന്റെ സാന്നിധ്യവും രാഷ്ട്രീയ പ്രസക്തിയും വ്യക്തമാക്കുന്ന ചില പ്രധാന ഉദാഹരണങ്ങൾ മാത്രമാണ്; ഇത് എല്ലാ സംസ്ഥാനങ്ങളുടെ

യും സമ്പൂർണ പട്ടികയല്ല. കൂടാതെ, ഏഷ്യൻ അമേരിക്കൻ വോട്ടർമാരുടെ ആകെ കണക്കുകളെ ഇന്ത്യൻ അമേരിക്കൻ വോട്ടർമാരുടെ കണക്കുകളായി തെറ്റിദ്ധരിക്കരുത്.

2024-ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പും വോട്ടർമാരുടെ നിലപാടുകളും

കാർണഗി എൻഡോവ്മെന്റ് ഫോർ ഇന്റർനാഷണൽ പീസും YouGovഉം ചേർന്ന് നടത്തിയ 2024-ലെ ഇന്ത്യൻ അമേരിക്കൻ വോട്ടർ സർവേ പ്രകാരം, രജിസ്റ്റർ ചെയ്ത ഇന്ത്യൻ അമേരിക്കൻ വോട്ടർമാരിൽ 61 ശതമാനം പേർ കമലാ ഹാരിസിനെയും 31 ശതമാനം പേർ ഡൊണാൾഡ് ട്രംപിനെയും പിന്തുണയ്ക്കുമെന്ന് അഭിപ്രായപ്പെട്ടിരുന്നു. 2024 സെപ്റ്റംബർ 18 മുതൽ ഒക്ടോബർ 15 വരെ നടത്തിയ ഈ സർവേ തിരഞ്ഞെടുപ്പിന് മുമ്പുള്ള പൊതുവികാരത്തെയാണ് പ്രതിഫലിപ്പിക്കുന്നത് അല്ലാതെ ഔദ്യോഗിക തിരഞ്ഞെടുപ്പ് ഫലങ്ങളെയല്ല.

ഈ സർവേ ഇന്ത്യൻ അമേരിക്കൻ സമൂഹത്തിൽ ഡെമോക്രാറ്റിക് പാർട്ടിയോടുള്ള പിന്തുണയ്ക്ക് മുൻതൂക്കമുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമ്പോൾ തന്നെ, റിപ്പബ്ലിക്കൻ പാർട്ടിക്കും ഈ സമൂഹത്തിൽ വേരുകളുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതിനാൽ ഇന്ത്യൻ അമേരിക്കൻ വോട്ടർമാരെ ഒരേ രാഷ്ട്രീയ നിലപാടുള്ള ഒരു ഏകശിഖിത വിഭാഗമായി കാണുന്നത് ശരിയല്ല. എപ്പോഴാണ് ഇന്ത്യൻ അമേരിക്കൻ വോട്ടുകൾ നിർണായകമാകുന്നത്?

പ്രസിഡന്റ് തിരഞ്ഞെടുപ്പുകളിൽ ഒരു സംസ്ഥാനത്തെ ഫലം അവിടത്തെ ഇലക്ടറൽ വോട്ടുകളുടെ വിന്യാസത്തെയാണ് സാധാരണയായി നിർണയിക്കുന്നത്. അതിനാൽ കടുത്ത മത്സരം നടക്കുന്ന (Swing States) സംസ്ഥാനങ്ങളിൽ വോട്ടർ പങ്കാളിത്തം കൂടുതൽ പ്രാധാന്യമർഹിക്കുന്നു.

സെനറ്റ്, കോൺഗ്രസ്, സംസ്ഥാന നിയമസഭ, നഗരസഭ, കൗണ്ടി, സ്കൂൾ ബോർഡ് തിരഞ്ഞെടുപ്പുകളിലും ചെറിയ വോട്ടുവ്യത്യാസങ്ങൾ ഫലങ്ങളെ മാറ്റിമറിച്ചേക്കാം. എന്നാൽ ഒരു പ്രത്യേക ജനവിഭാഗമാണ് തിരഞ്ഞെടുപ്പ് ഫലം പൂർണ്ണമായി നിർണയിച്ചതെന്ന് ഉറപ്പിച്ചു പറയാൻ കൃത്യമായ മണ്ഡലതല വിവരങ്ങളും വിശ്വസനീയമായ വോട്ടർ പഠനങ്ങളും അത്യന്താപേക്ഷിതമാണ്.

ഇന്ത്യൻ അമേരിക്കൻ സമൂഹത്തിന്റെ ജനാധിപത്യ ഉത്തരവാദിത്തം

ഇന്ത്യൻ അമേരിക്കൻ സമൂഹത്തിന്റെ രാഷ്ട്രീയ പങ്കാളിത്തം വെറും വോട്ടെടുപ്പിൽ മാത്രം ഒതുങ്ങുന്നില്ല. വോട്ടർ രജിസ്ട്രേഷൻ, പൊതുചർച്ചകൾ, സന്നദ്ധപ്രവർത്തനം, രാഷ്ട്രീയ ധനസമാഹരണം, സാമൂഹിക സംഘടനകളുടെ പ്രവർത്തനം എന്നിവയിലൂടെയും ഈ സമൂഹം അമേരിക്കൻ രാഷ്ട്രീയത്തിന് വലിയ സംഭാവനകൾ നൽകുന്നുണ്ട്.

ഡെമോക്രാറ്റായാലും റിപ്പബ്ലിക്കനായാലും സ്വതന്ത്രവോട്ടറായാലും, രജിസ്റ്റർ ചെയ്ത ഓരോ പൗരനും കൃത്യമായി വോട്ടവകാശം വിനിയോഗിക്കേണ്ടതുണ്ട്. സ്ഥാനാർഥികളുടെ നയങ്ങൾ, കഴിവ്, സത്യസന്ധത, പൊതുസേവനരേഖ, സമൂഹത്തോടുള്ള ഉത്തരവാദിത്തം എന്നിവ ആഴത്തിൽ വിലയിരുത്തി സ്വന്തം ബോധ്യത്തിനനുസരിച്ച് തീരുമാനമെടുക്കുക എന്നതാണ് ഏറ്റവും ആരോഗ്യകരമായ ജനാധിപത്യ സമീപനം.

പ്രത്യേകിച്ച് ടെക്സസിലും ഫോർട്ട് ബെൻഡ് കൗണ്ടിയിലും പ്രാദേശിക തിരഞ്ഞെടുപ്പുകൾക്ക് വലിയ പ്രാധാന്യമുണ്ട്. വിദ്യാഭ്യാസം, അടിസ്ഥാനസൗകര്യങ്ങൾ, പൊതുസുരക്ഷ, നികുതി, ബിസിനസ് വികസനം, നഗരാസൂത്രണം തുടങ്ങിയ ദൈനംദിന ജീവിതത്തെ നേരിട്ട് ബാധിക്കുന്ന കാര്യങ്ങളിൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ തീരുമാനങ്ങൾ നിർണായകമാണ്.

അമേരിക്കൻ രാഷ്ട്രീയത്തിൽ നാൾേതാലേ വളർന്നുവരുന്ന പ്രാധാന്യമുള്ള ഒരു ജനവിഭാഗമാണ് ഇന്ത്യൻ അമേരിക്കൻ വോട്ടർമാർ. എങ്കിലും, അവരുടെ സ്വാധീനം എല്ലാ സംസ്ഥാനങ്ങളിലും എല്ലാ തിരഞ്ഞെടുപ്പുകളിലും ഒരുപോലെയല്ല. വോട്ടർമാരുടെ സാന്നിധ്യം, പങ്കാളിത്തം, മത്സരത്തിന്റെ സ്വഭാവം എന്നിവ അനുസരിച്ചാണ് അവരുടെ യഥാർത്ഥ രാഷ്ട്രീയ പ്രാധാന്യം രൂപപ്പെടുന്നത്.

ഓരോ വോട്ടിനും അതിന്റേതായ വിലയുണ്ട്. രാഷ്ട്രീയ പാർട്ടി വ്യത്യാസങ്ങൾക്കപ്പുറം വോട്ടവകാശം വിനിയോഗിക്കുകയും ജനാധിപത്യ പ്രക്രിയയിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുക എന്നതാണ് ഓരോ പൗരന്റെയും ഉത്തരവാദിത്തം. ഇന്ത്യൻ അമേരിക്കൻ സമൂഹത്തിന്റെ യഥാർഥ രാഷ്ട്രീയ ശക്തി കേവലം ജനസംഖ്യാക്കണക്കുകളിൽ മാത്രമല്ല അടങ്ങിയിരിക്കുന്നത്; മറിച്ച്, ഉത്തരവാദിത്തമുള്ള വോട്ടിംഗിലും പൊതുജീവിതത്തോടുള്ള ആത്മാർത്ഥമായ പ്രതിബദ്ധതയിലുമാണ് അത് പ്രകടമാകുന്നത്.

MALABAR
GOLD & DIAMONDS

THE SEASON OF
JEWELLERY
THE SEASON OF
OFFERS

FREE
GOLD COINS
WITH DIAMOND
AND PRECIOUS GEM
JEWELLERY PURCHASE

Offer valid
until 8th November 2026

*T&C Apply

വളർത്തുദോഷമോ, പണത്തിന്റെ ഹുങ്കോ? അതോ ലഹരിയുടെ പിടിയിലമർന്ന യുവത്വമോ?



ശ്രീകുമാർ ഉണ്ണിത്താൻ

ചില ദുരന്തങ്ങൾ നമ്മെ ദുഃഖിപ്പിക്കുക മാത്രമല്ല, നമ്മുടെ മനസ്സാക്ഷിക്കു മുന്നിൽ അസ്വസ്ഥമാക്കുന്ന ചില ചോദ്യങ്ങൾ ഉയർത്തുകയും ചെയ്യുന്നു. മക്കളെ നാം സ്നേഹിക്കുന്നുണ്ടോ എന്നതല്ല ചോദ്യം; ആ സ്നേഹം അവരെ നല്ല മനുഷ്യരായി വളർത്താൻ പര്യാപ്തമാണോ എന്നതാണ്.

നെടുമ്പാശ്ശേരിയിൽ അമിതവേഗത്തിലെത്തിയ കാർ സ്കൂട്ടറിലിടിച്ച് മൂന്ന് യുവാക്കളുടെ ജീവൻ പൊലിഞ്ഞ ദുരന്തവും, കൊച്ചി ചേരാനല്ലൂരിൽ ബെൻസ് കാറിടിച്ച് കുടുംബത്തിന്റെ അന്നത്തിനായി തട്ടുകട നടത്തിയിരുന്ന ജയബാലകൃഷ്ണൻ മരിച്ച സംഭവവും നമ്മെ വല്ലാതെ വേദനിപ്പിക്കുന്നു. ആഡംബരത്തിന്റെ തിളക്കത്തിനപ്പുറം, മറ്റുള്ളവരുടെ ജീവന് വിലകൽപ്പിക്കാത്ത ഒരു മനോഭാവം വളർന്നുവരുന്നുണ്ടോ എന്ന ചോദ്യം ഈ സംഭവങ്ങൾ ഉയർത്തുന്നു. ഇത് പോലെ നിരവധി ജീവനുകൾ ആണ് ഇന്ന് റോഡുകളിൽ പൊലിയുന്നത്.

ഇവ കേവലം വാഹനാപകടങ്ങൾ മാത്രമാണോ? അതോ പണത്തിന്റെ അഹങ്കാരവും വളർത്തുദോഷവും ലഹരിയുടെ സ്വാധീനവും സാമൂഹിക ഉത്തരവാദിത്തമില്ലായ്മയും ചേർന്നുണ്ടാക്കുന്ന വലിയൊരു ദുരന്തത്തിന്റെ മുന്നറിയിപ്പുകളോ?

രാത്രിയുടെ നിശ്ശബ്ദതയെ കീറിമുറിച്ച് ചീറിപ്പായുന്ന ആഡംബരവാഹനത്തിനുള്ളിൽ ചിലപ്പോൾ യുവത്വത്തിന്റെ ആവേശമുണ്ടാകാം. സുഹൃത്തുക്കളുടെ ആർപ്പുവിളികളുണ്ടാകാം. വേഗതയിൽ സ്വന്തം കഴിവ് തെളിയിക്കാനുള്ള വ്യഗ്രതയുണ്ടാകാം. എന്നാൽ ആ വാഹനത്തിന്റെ ചക്രങ്ങൾക്കടിയിൽ മറ്റൊരാളുടെ ജീവിതം തകർന്നുവീഴാമെന്ന ചിന്ത അവരിൽ ഉണ്ടാകുന്നുണ്ടോ? റോഡ് ഒരു റേസിങ് ട്രാക്കല്ലെന്നും അവിടെ യാത്ര ചെയ്യുന്ന ഓരോ മനുഷ്യനും വിലപ്പെട്ട ഒരു ജീവിതത്തിന്റെ ഉടമയാണെന്നും അവർ ഓർക്കുന്നുണ്ടോ?

മക്കൾക്ക് വിലകൂടിയ വാഹനങ്ങൾ വാങ്ങിക്കൊടുക്കാം. ആഡംബരജീവിതം ഒരുക്കാം. വിദേശവിദ്യാഭ്യാസവും മികച്ച സൗകര്യങ്ങളും നൽകാം. എന്നാൽ മറ്റുള്ളവരുടെ വേദന തിരിച്ചറിയാനുള്ള മനസ്സും



നെടുമ്പാശ്ശേരിയിൽ അമിതവേഗത്തിലെത്തിയ കാർ സ്കൂട്ടറിലിടിച്ച് മൂന്ന് യുവാക്കളുടെ ജീവൻ പൊലിഞ്ഞ ദുരന്തവും, കൊച്ചി ചേരാനല്ലൂരിൽ ബെൻസ് കാറിടിച്ച് കുടുംബത്തിന്റെ അന്നത്തിനായി തട്ടുകട നടത്തിയിരുന്ന ജയബാലകൃഷ്ണൻ മരിച്ച സംഭവവും നമ്മെ വല്ലാതെ വേദനിപ്പിക്കുന്നു.

തെറ്റും ശരിയും വേർതിരിച്ചറിയാനുള്ള വിവേകവും പണംകൊണ്ട് വാങ്ങാനാകുമോ?

സ്നേഹം എന്നത് മക്കൾ ആവശ്യപ്പെടുന്നതെല്ലാം നൽകുന്നതല്ല. അവർ തെറ്റുമ്പോൾ തിരുത്തുകയും അതിരുകൾ ലംഘിക്കുമ്പോൾ തടയുകയും ചെയ്യുന്നതും സ്നേഹത്തിന്റെ ഭാഗമാണ്. മക്കളുടെ തെറ്റുകളെ ന്യായീകരിക്കുകയും പണത്തിന്റെയും സ്വാധീനത്തിന്റെയും ബലത്തിൽ അവരെ സംരക്ഷിക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ, അറിയാതെ നാം അവരുടെ തെറ്റുകൾക്ക് വളംവയ്ക്കുകയല്ലേ ചെയ്യുന്നത്?

എല്ലാ സമ്പന്നരുടെയും മക്കളെയും ഒരേ കണ്ണിലൂടെ കാണുന്നത് നീതിയല്ല. സമ്പത്ത് കുറ്റമല്ല; അധികാരവും കുറ്റമല്ല. എന്നാൽ സമ്പത്തും അധികാരവും തങ്ങൾക്ക് എന്തും ചെയ്യാനുള്ള അവകാശം നൽകുന്നുവെന്ന് ചിലർ കരുതുന്നുവെങ്കിൽ, അത് തിരുത്തപ്പെടേണ്ട മനോഭാവമാണ്. അത് സമൂഹത്തിന് വളരെ ദോഷം ചെയ്യുന്നതുമാണ് .

ചേരാനല്ലൂരിൽ ജീവൻ നഷ്ടപ്പെട്ട ജയബാലകൃഷ്ണനെപ്പോലുള്ളവർക്ക് ജീവിതം ഓരോ ദിവസത്തെയും അധ്വാനമാണ്. ഒരു തട്ടുകടയിൽനിന്ന് ലഭിക്കുന്ന വരുമാനത്തിലൂടെ കുടുംബം പോറ്റാൻ ശ്രമിക്കുന്ന ഒരാൾക്ക് ഓരോ ദിവസവും വിലപ്പെട്ടതാണ്. അദ്ദേഹത്തിന്റെ ജീവിതവും പ്രതീക്ഷകളും അധ്വാനവുമെല്ലാം ഒരു അപകടത്തിൽ അവസാനിച്ചു. ഇത് പോലെ നിത്യേന നിരവധി ജീവനുകൾ നിമ്മുടെ റോഡുകളിൽ നഷ്ടപ്പെടുന്നു.

ഒരു വശത്ത് കുടുംബത്തിന്റെ അന്നത്തിനായി രാവും പകലും അധ്വാനിക്കുന്ന മനുഷ്യർ. മറുവശത്ത്, വാഹനത്തിന്റെ വിലയും വേഗതയും അധികാരവും കൊണ്ട് ജീവിതത്തെ അളക്കുന്ന മറ്റു ചിലർ. ഈ വൈരുധ്യം നമ്മുടെ സമൂഹത്തിന്റെ മനസ്സാക്ഷിയെ വേദനിപ്പിക്കേണ്ടതാണ്.

മരിച്ചുപോകുന്ന ആ മനുഷ്യർക്ക് ഇനി മടങ്ങിവരാനാവില്ല. അവരെ കാത്തിരിക്കുന്ന കുടുംബങ്ങൾക്ക് നഷ്ടപ്പെട്ടത് ഒരു വരുമാനമാർഗം മാത്രമല്ല; ജീവിതത്തിന്റെ താങ്ങും തണലുമാണ്. ഒരു കുടുംബത്തിന്റെ അത്താണി ഇല്ലാതാകുമ്പോൾ അതിന്റെ ആഘാതം എത്ര ആഴമുള്ളതാണെന്ന് പുറത്തുനിന്ന് നോക്കുന്നവർക്ക് പൂർണമായി മനസ്സിലാക്കാനാവില്ല. അത് അനുഭവിച്ചു അറിയുന്നവർക്ക് മാത്രമേ അറിയുകയുള്ളൂ.

യുവത്വം ആവേശത്തിന്റെ കാലമാണ്. പുതിയ അനുഭവങ്ങൾ തേടാനും സ്വന്തം കഴിവുകൾ തെളിയിക്കാനും ആഗ്രഹിക്കുന്ന കാലം. എന്നാൽ ആ ആവേശം ലഹരിയുടെയും അമിതവേഗത്തിന്റെയും നിയന്ത്രണമില്ലാത്ത ജീവിതത്തിന്റെയും പിടിയിലാകുമ്പോൾ, അതിന്റെ വില ചിലപ്പോൾ ഒരു ജീവൻ തന്നെയായിരിക്കും. നിരവധി യുവാക്കൾ ആണ് പല റോഡ് അപകങ്ങളിൽ ആയി മരിക്കുന്നത്. ഇത് നിത്യേന കൂടി വരുകയാണ്.

ലഹരി എല്ലാ അപകടങ്ങൾക്കും കാരണമാണെന്ന് പറയാനാവില്ല. എന്നാൽ ലഹരിയുടെ സ്വാധീനത്തിൽ തീരുമാനശേഷിയും നിയന്ത്രണബോധവും നഷ്ടപ്പെടുമ്പോൾ അപകടസാധ്യത വർധിക്കുന്നു. അതുകൊണ്ടുതന്നെ യുവാക്കളെ കുറ്റപ്പെടുത്തുക മാത്രമല്ല, അവരെ ശരിയായ ദിശയിൽ നയിക്കുകയും അപകടകരമായ പെരുമാറ്റങ്ങളെ തടയുകയും വേണം. ഡ്രൈവിങ് ലൈസൻസ് ഇല്ലാത്ത യുവാക്കളെ വാഹനങ്ങൾ ഓടിക്കുവാൻ

അനുവദിക്കുകയും അരുത്. ഇതിനൊക്കെ നിയമങ്ങൾ ഉണ്ട് പക്ഷേ നിയമങ്ങൾ പാലിക്കപ്പെടുന്നില്ല എന്നതാണ് സത്യം.

നിയമത്തിനു മുന്നിൽ എല്ലാവരും തുല്യരാണെന്നത് ജനാധിപത്യത്തിന്റെ അടിസ്ഥാനതത്ത്വമാണ്. കുറ്റം ചെയ്തവൻ സമ്പന്നനാണോ സാധാരണക്കാരനാണോ എന്നതല്ല പ്രധാനം; അയാൾ ചെയ്ത പ്രവൃത്തിയും അതിന്റെ പ്രത്യാഘാതവുമാണ് പ്രധാനം. ഓരോ സംഭവത്തിലും തെളിവുകളുടെ അടിസ്ഥാനത്തിൽ നീതി നടപ്പാക്കപ്പെടണം. കുറ്റക്കാരെ സംരക്ഷിക്കാനുള്ള ശ്രമങ്ങളുണ്ടാകരുത്.

അതുപോലെ, ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാരിനും ഉത്തരവാദിത്തമുണ്ട്. റോഡ് സുരക്ഷാനിയമങ്ങൾ കർശനമായി നടപ്പാക്കണം. അമിതവേഗം, മദ്യപിച്ചുള്ള ഡ്രൈവിങ്, അപകടകരമായ മത്സരയോട്ടം എന്നിവയ്ക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. മാതാപിതാക്കൾക്കും വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും സമൂഹത്തിനും യുവാക്കളിൽ ഉത്തരവാദിത്വബോധം വളർത്തുന്നതിൽ പങ്കുണ്ട്. വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒരു സബ്ജെക്ട് ആയി തന്നെ ഇങ്ങനെയുള്ള വിഷയങ്ങൾ കുട്ടികളെ പഠിപ്പിക്കണം.

നഷ്ടപ്പെട്ട ജീവനുകൾക്ക് പകരം നൽകാൻ ഒരു സമ്പത്തിനും കഴിയില്ല. നഷ്ടപ്പെട്ട ജീവനെ തിരിച്ചുകൊണ്ടുവരാൻ ഒരു ആഡംബരവാഹനത്തിനും കഴിയില്ല. കണ്ണീരിൽ മുങ്ങിയ ഒരു കുടുംബത്തിന്റെ ലോകം പഴയതുപോലെയാക്കാൻ ഒരു ക്ഷമാപണത്തിനും കഴിയില്ല.



അതുകൊണ്ട്, അടുത്ത തവണ ഒരു യുവാവ് വാഹനത്തിന്റെ താക്കോൽ കൈയിൽ വാങ്ങുമ്പോൾ മാതാപിതാക്കൾ അവനോട് ഒരു ചോദ്യം കൂടി ചോദിക്കണം, ''മോനേ, ഈ വാഹനം ഓടിക്കാനുള്ള കഴിവ് നിനക്കുണ്ട്. പക്ഷേ, മറ്റുള്ളവരുടെ ജീവൻ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തവും നിനക്കുണ്ടെന്ന് നീ മനസ്സിലാക്കുന്നുണ്ടോ?''

യുവത്വം ഒരു കുടുംബത്തിന്റെ മാത്രം പ്രതീക്ഷയല്ല; അത് നമ്മുടെ രാജ്യത്തിന്റെ ഭാവിയാണ്. അവരുടെ കൈകളിലാണ് നാളെയുടെ സ്വപ്നങ്ങളും രാജ്യത്തിന്റെ വളർച്ചയും പുരോഗതിയും. ആ യുവത്വം അമിതവേഗത്തിന്റെയും ലഹരിയുടെയും ഉത്തരവാദിത്തമില്ലായ്മയുടെയും പേരിൽ റോഡുകളിൽ പൊലിഞ്ഞുവീഴുമ്പോൾ നഷ്ടമാകുന്നത് കുറെ ജീവനുകൾ മാത്രമല്ല, ഒരു രാജ്യത്തിന്റെ നാളെയെക്കുറിച്ചുള്ള പ്രതീക്ഷകൾ കൂടിയാണ്.

റോഡുകൾ യാത്രയ്ക്കുള്ളതാണ്, യുവത്വങ്ങളെ കുഴിച്ചുമൂടാനുള്ളതല്ല. പണത്തിന്റെ അഹങ്കാരത്തേക്കാൾ വലുതാകട്ടെ മനുഷ്യജീവന്റെ വില; വേഗതയുടെ ആവേശത്തേക്കാൾ ശക്തമാകട്ടെ ഉത്തരവാദിത്തബോധം.

മരിച്ചുപോകുന്ന ആ മനുഷ്യർക്ക് ഇനി മടങ്ങിവരാനാവില്ല. അവരെ കാത്തിരിക്കുന്ന കുടുംബങ്ങൾക്ക് നഷ്ടപ്പെട്ടത് ഒരു വരുമാനമാർഗം മാത്രമല്ല; ജീവിതത്തിന്റെ താങ്ങും തണലുമാണ്. ഒരു കുടുംബത്തിന്റെ അത്താണി ഇല്ലാതാകുമ്പോൾ അതിന്റെ ആഘാതം എത്ര ആഴമുള്ളതാണെന്ന് പുറത്തുനിന്ന് നോക്കുന്നവർക്ക് പൂർണമായി മനസ്സിലാക്കാനാവില്ല. അത് അനുഭവിച്ചു അറിയുന്നവർക്ക് മാത്രമേ അറിയുകയുള്ളൂ.

NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE

Call me today to see
How much you can save with
Allstate's New Car Discount



Allstate®
You're in good hands.

CALL
718 831 6500

Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years in Insurance Business

We Offer 6 Hours Defensive Driving Course in NY/NJ

നന്മ മനസ്സിന് ഒരു പൊന്നാട, സമൂഹനന്മയ്ക്കായി സമർപ്പിച്ച ജീവിതത്തിന് സ്നേഹാദരം!

അമേരിക്കൻ മലയാളി സമൂഹത്തിന്റെ സജീവ സാന്നിധ്യം പി. ടി. തോമസിന് ഇത് ധന്യ മുഹൂർത്തം



ഡോ. ജോർജ് എം. കാക്കനാട്ട്

ഹൂസ്റ്റൺ: സമൂഹസേവനത്തിന്റെ വഴികളിൽ സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിത്വം, ന്യൂയോർക്ക് സ്റ്റേറ്റിലെ ടാക്സ് കൺസൾട്ടന്റായ പി. ടി. തോമസിന് ഫോമയുടെ ആദരം. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാന്നിധ്യത്തിൽ സീറോ മലബാർ രൂപതാ അധ്യക്ഷൻ ബിഷപ്പ് ജോയ് ആലപ്പാട്ട് അദ്ദേഹത്തെ പൊന്നാട അണിയിച്ചു.

തൊഴിൽരംഗത്തെ പ്രാവീണ്യത്തോടൊപ്പം ഇന്ത്യൻ അമേരിക്കൻ സമൂഹത്തിന്റെ വളർച്ചയ്ക്കും ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന അദ്ദേഹം, അമേരിക്കൻ മലയാളി സമൂഹത്തിലെ ശ്രദ്ധേയനായ സാന്നിധ്യമാണ് പി. ടി. തോമസ്.

ഫോമയുടെ (FOMAA) തുടക്കം മുതൽ സംഘടനയോടൊപ്പം സജീവമായി പ്രവർത്തിച്ചുവരുന്ന പി. ടി. തോമസ്, എംപയർ റീജിയൻ റീജിയണൽ വൈസ് പ്രസിഡന്റായും കഴിഞ്ഞ ആറു വർഷം ഓഡിറ്ററായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഫോമയുടെ 20 വീടുകളുടെ ഭവനപദ്ധതിയിലെ ആദ്യത്തെ വീട് യാഥാർഥ്യമാക്കുന്നതിൽ പങ്കുവഹിച്ച അദ്ദേഹത്തെ പൊന്നാട അണിയിച്ച് ആദരിച്ചത്, അദ്ദേഹത്തിന്റെ സാമൂഹിക പ്രതിബദ്ധതയ്ക്കുള്ള അംഗീകാരമാണ്. ഹൂസ്റ്റൺ കൺവെൻഷനുകളിൽ വിവിധ വിഷയങ്ങളിൽ നികുതി സെമിനാറുകൾ സംഘടിപ്പിച്ച് തന്റെ തൊഴിൽപരമായ അറിവും അനുഭവസമ്പത്തും സമൂഹവുമായി പങ്കുവെച്ചതും അദ്ദേഹ

ത്തിന്റെ പ്രവർത്തനമികവിന്റെ തെളിവാണ്.

വിഭജനത്തിന് മുമ്പുള്ള ഫൊക്കാനയുടെ കാലത്ത് കമ്മിറ്റി അംഗമായും പ്രവർത്തിച്ച അദ്ദേഹം, അമേരിക്കൻ മലയാളി സംഘടനകളുടെ വളർച്ചയിൽ പങ്കാളിയായി. സെന്റ് തോമസ് മാർത്തോമ്മാ ഇടവകയിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ച പി. ടി. തോമസ്, മാർത്തോമ്മാ യുവജന സഖ്യത്തിന്റെ സ്ഥാപകകാല യുവജന പ്രവർത്തകരിൽ ഒരാളായിരുന്നു. ഗവൺമെന്റ് എംപ്ലോയീസ് അസോസിയേഷന്റെ പ്രസിഡന്റായും പ്രവർത്തിച്ച അദ്ദേഹം, സംഘടനാ നേതൃത്വത്തിലും പൊതുപ്രവർത്തനത്തിലും തന്റെ കഴിവുകൾ തെളിയിച്ചിട്ടുണ്ട്.

പൊതുസേവനത്തോടുള്ള പ്രതിബദ്ധത അദ്ദേഹത്തെ രാഷ്ട്രീയരംഗത്തേക്കും നയിച്ചു. ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലിയിലേക്ക് മത്സരിച്ച അദ്ദേഹം, വളരെ നേരിയ വോട്ടുവ്യത്യാസത്തിലാണ് വിജയത്തിൽനിന്ന് അകന്നത്. തെരഞ്ഞെടുപ്പിൽ വിജയിക്കാനായില്ലെങ്കിലും പൊതുരംഗത്ത് പ്രവർത്തിക്കാനുള്ള അദ്ദേഹത്തിന്റെ സന്നദ്ധതയും സമൂഹത്തോടുള്ള പ്രതിബദ്ധതയും പ്രത്യേകം പരാമർശിക്കപ്പെടേണ്ടതാണ്.



പി. ടി. തോമസ് ഒരു ടാക്സ് കൺസൾട്ടന്റ് മാത്രമല്ല; സംഘടനാ പ്രവർത്തകൻ, സഭാസേവകൻ, യുവജന പ്രസ്ഥാനത്തിന്റെ സഹയാത്രികൻ, പൊതുരംഗത്തെ സജീവ സാന്നിധ്യം, സാമൂഹിക പ്രതിബദ്ധതയുള്ള വ്യക്തിത്വം വിവിധ മേഖലകളിൽ തന്റെ കഴിവും സേവനമനോഭാവവും തെളിയിച്ച വ്യക്തിയാണ്.

ഫോമയുടെ ഭവനപദ്ധതിയിലൂടെ ഒരു കുടുംബത്തിന് സ്വന്തം വീടെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കൈത്താങ്ങാകുന്നത് വെറുമൊരു സഹായമല്ല; അത് പ്രതീക്ഷയും സുരക്ഷിതത്വവും മെച്ചപ്പെട്ട നാളെയിലേക്കുള്ള വിശ്വാസവും പകരുന്ന മഹത്തായ പ്രവർത്തനമാണ്. അത്തരം സാമൂഹിക സംരംഭങ്ങളോടുള്ള അദ്ദേഹത്തിന്റെ പങ്കാളിത്തം സേവനത്തിന്റെ യഥാർഥ മൂല്യം ഉയർത്തിക്കാട്ടുന്നു.



''നന്മ ചെയ്യുന്നവരെ ആദരിക്കുക എന്നത് സമൂഹത്തിന്റെ മഹത്തായ സംസ്കാരമാണ്. പി. ടി. തോമസിനെ പൊന്നാട അണിയിച്ച് ആദരിക്കുന്നത് ഒരു വ്യക്തിക്കുള്ള അംഗീകാരം മാത്രമല്ല, സമൂഹനന്മയ്ക്കായി നിസ്വാർഥമായി പ്രവർത്തിക്കുന്ന ഓരോരുത്തർക്കുമുള്ള പ്രോത്സാഹനം കൂടിയാണ്.''- ഫോമാ പ്രസിഡന്റ് ബിജു തോണിക്കടവിൽ പറഞ്ഞു.



Save $894.* Combine Home & Auto.

Michael Tharian, Agent

1855 Victory Blvd
Staten Island, NY 10314

Toll Free:
888-644-7222

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

We Serve These States
NY, NJ, PA, & CT.

State Farm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489

പുസ്തക പരിചയം 46

പത്രോസിന്റെ വാൾ (നാടകം)

ജേക്കബ് തോമസ് വിളയിൽ





പുസ്തക പരിചയം
തയ്യാറാക്കിയത്:
ബാജി ഓടംവേലി, ഡാലസ്

അമേരിക്കയിലെ ന്യൂജേഴ്സിയിൽ ഹൈസ്കൂൾ അധ്യാപകനായ ജേക്കബ് തോമസ് വിളയിലിന്റെ പുസ്തക രൂപത്തിലുള്ള ആദ്യനാടകമാണിത്. പത്രോസിന്റെ വാൾ എന്ന സംജ്ഞ ഈ നാടകത്തിന്റെ ദുരൂഹതയെ വർദ്ധിപ്പിക്കുന്നു എങ്കിലും കാണികൾക്ക് ഇതിൽ നിന്നും നല്ല സന്ദേശം ലഭിക്കുമെന്നുറപ്പുണ്ട്.

അനേക വർഷത്തെ കാത്തിരിപ്പിനൊടുവിൽ സൂക്ഷ്മമായ പഠനങ്ങളോടെ പലവട്ടം പുതുക്കി എഴുതിയാണ് ഈ നാടകം പുസ്തക രൂപത്തിലാക്കിയിരിക്കുന്നത്. പഴകിയ വീഞ്ഞിന്റെ ഗുണം കാണുവാനുമുണ്ട്. ചരിത്ര പിന്മബലമുള്ള ഓരോ സംഭാഷണങ്ങളും പലവട്ടം അലോചിച്ച് ഉറപ്പിച്ചാണ് എഴുതിയിരിക്കുന്നത്. ഈ നാടകം വായിക്കുമ്പോൾ ഓരോ രംഗങ്ങളും വളരെ വ്യക്തമായി വായനക്കാർക്ക് മനസ്സിൽ കാണുവാനാകും.

കഥാപാത്രങ്ങളുടെ മാത്രമല്ല നിഴലുകളുടെ ചലനങ്ങൾ പോലും നാടകകൃത്ത് നൂറുപ്രാവശ്യം മനസ്സിൽ കണ്ട് ഉറപ്പിച്ചവയാണ്.

ബൈബിളിലെ പുതിയനിയമത്തെ ആസ്പദമാക്കി രചന നിർവ്വഹിച്ചിട്ടുള്ള കൃതിയാണിത്. യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ അവസാന ഘട്ടമാണ് പ്രധാനമായി വിഷയീഭവിച്ചിരിക്കുന്നത്. ബൈബിളിലെ മിക്ക കഥാപാത്രങ്ങളും സംഭാഷണങ്ങളും ഏവർക്കും സുപരിചിതമാകയാൽ ഒരു പുതിയ ഇതിവൃത്തം സൃഷ്ടിച്ചെടുക്കുക പ്രയാസമേറിയ ദൗത്യമാണ്. ബൈബിളിന്റെയും ബൈബിളിനെ സംബന്ധിച്ച വിവിധ ഗ്രന്ഥങ്ങളുടെയും അവലോകനവും വർഷങ്ങളെടുത്ത സൂക്ഷ്മ പഠനവും ഈ നാടക രചനയ്ക്ക് പിൻബലമേകി.

ക്രിസ്തു ചരിത്രത്തിലെ ഹൃദയസ്പർശിയായ സംഭവവികാസങ്ങളെ പുതിയ മാനദണ്ഡത്തിൽ കൂടി അവതരിപ്പിക്കുന്ന ഒരു പരീക്ഷണ നാടകമാണിത്. അവതരണത്തിൽ പുതുമയും കഥാതന്തുവിൽ ലാളിത്യവും ഇടകലർത്തിയതിലൂടെ നാടകത്തിന് ഒരു പുതുജീവൻ നൽകാൻ സാധിച്ചിരിക്കുന്നു. എഴുതുമ്പോൾ കൂടുതൽ വളരുകയും എഴുതി തീർപ്പ് കല്പിക്കാൻ പ്രയാസവുമുള്ള ഇതിവൃത്തമാണ് ക്രിസ്തുചരിതം.

പുരോഹിതന്മാരുടെയും പരീശവർഗ്ഗത്തിന്റെയും വിശ്വാസത്തിന്റെ അടിസ്ഥാനശിലകളെ പൊളിച്ചു പണിയാനുള്ള ക്രിസ്തുവിന്റെ ശ്രമങ്ങളെ ഏതു വിധേനയും ചെറുത്തു തോൽപ്പിക്കാനുള്ള അവരുടെ പ്രവണതയാണ് ഈ നാടകത്തിന്റെ കഥാതന്തു. സ്ഥാപിത വർഗ്ഗത്തിന്റെ കെട്ടുറപ്പിനെ ചോദ്യം ചെയ്യുന്ന ഏതൊരു ശക്തിയേയും അടിച്ചമർത്താനുള്ള മാർഗ്ഗങ്ങളും സൂത്രങ്ങളും ചമയ്ക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നത് നാടകത്തിലൂടെ വ്യക്തമാക്കാൻ ശ്രമിച്ചിട്ടുണ്ട്.

ക്രിസ്തുവിന്റെ നേരെ നടക്കുന്ന ആശയപരമായ നിഴൽ നാടകം പരാജയപ്പെടുമ്പോൾ, കായിക ശക്തിയുടെ മാർഗ്ഗം അന്വേഷിക്കാനും, സൈന്യത്തിന്റെ സേവനവും, ബുദ്ധിപരതയും കൂട്ടുപിടിക്കാനും ഇക്കൂട്ടർ മടിക്കുന്നില്ല.

രംഗസജ്ജീകരണത്തെപ്പറ്റിയുള്ള വിവരണവും പുസ്തകത്തിൽ നൽകിയിരിക്കുന്നത് ഇത് വേദിയിൽ അവതരിപ്പിക്കുന്നവർക്ക് കൂടുതൽ സഹായകമാവും. രംഗവേദിയെ രണ്ടു ഭാഗങ്ങളായി തിരിച്ച് ഒരു പകുതിയിൽ തിരശ്ശീല ഇട്ടിരിക്കുന്നു. ഈ തിരശ്ശീലയിൽ നിഴലായി ചിത്രീകരിച്ച് ഭാവവിന്യാസങ്ങൾക്ക് പകർപ്പ് നൽകുകയും കഥയുടെ തീവ്രതയെ നഷ്ടപ്പെടുത്താതെ നാടകീയത പുലർത്തുകയും ചെയ്യാവുന്നതാണ്. നാടകത്തിന്റെ പലഭാഗങ്ങളിലും കഥാപാത്രങ്ങൾ പ്രതിബിംബങ്ങളായും പ്രത്യക്ഷപ്പെടുന്നു. പ്രകാശഭരിതമായ രംഗവേദിയുടെ മുൻപകുതിയിൽ പ്രധാനകഥാപാത്രങ്ങൾ കഥയുടെ ആഖ്യാനത്തെ മുന്നോട്ട് നയിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഒരു വലിയ ജനസമൂഹത്തെത്തന്നെ രംഗത്ത് കൊണ്ടുവരുവാനും കഥയ്ക്ക് കൊഴുപ്പേകാനും ഈ പ്രക്രീയ സഹായിക്കുന്നു. ഓരോ രംഗത്തിന്റെയും ഉപരംഗങ്ങൾ തിരശ്ശീലയിലെ നിഴലുകളുടെ സഹായത്തോടെ വെളിച്ചത്തിന്റെ ഏറ്റക്കുറച്ചിലോടെ അവതരിപ്പിക്കാം.

യേശു, പത്രോസ്, അന്ത്രയോസ്, ദിദിമോസ് എന്ന തോമസ്, യോഹന്നാൻ, യൂദാസ്, അനന്യാസ് എന്ന പുരോഹിത ശ്രേഷഠൻ, എലിയസർ എന്ന പരീശ പ്രമാണി, ഏലീഹു എന്ന പുരോഹിതൻ, അഷർ എന്ന സൈന്യാധിപൻ, ഫിനഹാസ് എന്ന ശതാധിപൻ, സ്ത്രീ (എല്ലാ സ്ത്രീ കഥാപാത്രങ്ങളും ഒരു സ്ത്രീയിൽ സന്നിവേശിപ്പിച്ചിരിക്കുന്നു), പുരോഹിതന്മാർ, പരീശന്മാർ, പടയാളികൾ, കുഷ്ഠരോഗി, അന്ധൻ, പിശാച്, ബാലൻ, മറ്റു ചെറിയ കഥാപാത്രങ്ങൾ, തുടങ്ങിയവരാണ് ഈ നാടകത്തിലെ പ്രധാന കഥാപാത്രങ്ങൾ.

വെളിച്ചത്തിന്റെ പോക്കുവരവുകളും ഏറ്റക്കുറച്ചിലുകളും



സംഗീതത്തിന്റെ ഉയർച്ച താഴ്ചകളും വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണത്തിന് ഒന്നാം രംഗം ഇങ്ങനെയാണ് തുടങ്ങുന്നത്. 'രംഗവേദിയുടെ മുൻപകുതിയിൽ വെളിച്ചം നിറഞ്ഞ് നിൽക്കുന്നു. പിൻ പകുതിയിൽ ഇരുട്ട് നിറഞ്ഞിരിക്കുന്നു. സംഗീതം മൃദുലമായ രീതിയിൽ തുടങ്ങി കുറേശ്ശേ ഉച്ചത്തിലേക്ക് കടക്കുമ്പോൾ, മുൻപകുതിയിലെ വെളിച്ചം കുറേശ്ശെ മങ്ങുന്നു. പിൻപകുതിയിലുള്ള തിരശ്ശീലയിൽ നിഴലായ്, താഴെ നിന്നും മുകളിലേക്ക് ഒരു വാൾ പതിയെ ഉയരുന്നു. നിഴൽ പകുതി ആകുമ്പോൾ ഒരു സ്ത്രീയുടെ രോധന ശബ്ദം കേൾക്കുന്നു.

സ്ത്രീ :- 'അയ്യോ എന്റെ കുഞ്ഞിനെ രക്ഷിക്കൂ. അതിനെ കൊല്ലരുതേ.. എന്റെ ഒരേ ഒരു മകൻ ആണ് ' (സ്ത്രീയുടെ നിഴൽ, ഒരു വാൾ ഉയർത്തി നിൽക്കുന്ന പട്ടാളക്കാരൻ, ഉടൻ കുറേ സ്ത്രീകളുടെ കൂട്ടക്കരച്ചിൽ, നിലവിളി, വാൾ ഉയർന്നു താഴുന്നു, സ്ത്രീ താഴെ വീഴുന്ന ശബ്ദം)' എത്ര സൂക്ഷ്മമായിട്ടാണ് നാടകരചന മുന്നേറുന്നത് എന്നതിന്റെ ഒരു സൂചനമാത്രമാണിത്.

ഈ പുതുമയുള്ള ബൈബിൾ നാടകം എഴുത്തുകാരന്റെ അറിവോടെ ഇതുവരെ ആരും രംഗത്ത് അവതരിപ്പിച്ചിട്ടില്ല. ഇത് പുസ്തകമായി ലഭ്യമായിരിക്കുന്നതിനാൽ നാടകപ്രേമികൾ ഈ പേരിലോ മറ്റു പേരിലോ ഈ നാടകം അവതരിപ്പിച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ച് കണ്ടെത്തേണ്ടിയിരിക്കുന്നു. എഴുത്തുകാരന്റെ മനസ്സിലെ നാടകം അക്ഷരങ്ങളിലൂടെ വ്യക്തമാക്കിയിരിക്കുന്നതിനാൽ ഇത് ഭാവിയിൽ നാടകമാക്കുന്ന സംവിധായകന് സ്വതന്ത്രമായി ഈ നാടകത്തെ കൂടുതൽ മുന്നോട്ട് നയിക്കാനാവും.

ആലപ്പുഴ ജില്ലയിലെ മാവേലിക്കരയിൽ നിന്നുള്ള ഫേബിയൻ ബുക്സാണ് ഈ നാടകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. എഴുത്തുകാരന്റെ 92 പേജുകളുള്ള ഈ ആദ്യപുസ്തകത്തിന്റെ വില 110 രൂപയാണ്. ഈ നാടകത്തിന്റെ ഇംഗ്ളീഷ് പുസ്തകം 'Peter's Sward' എന്ന പേരിൽ ആമസോണിലും ലഭ്യമാണ്

ജേക്കബ് തോമസ് വിളയിൽ

ആലപ്പുഴ ജില്ലയിലെ നൂറനാട് ആദിക്കാട്ടുകുളങ്ങരയിൽ വിളയിൽ നാടകനടനും എഴുത്തുകാരനും 33 വർഷം അധ്യാപകനുമായിരുന്ന മത്തായി തോമസിന്റെയും സാറാമ്മ തോമസിന്റെയും സീമന്തപുത്രനായി ജനനം. തോമസ് നൂറനാട് എന്ന



പേരിൽ അറിയപ്പെട്ടിരുന്ന പിതാവിന്റെ 'ആശാലോകം', 'മധുമരീചിക' എന്നീ നൃത്തസംഗീത നാടകങ്ങൾ അനേകം വേദികളിൽ പ്രൊഫഷണലായി അവതരിപ്പിച്ചിട്ടുണ്ട്. 1970 ൽ ആശാലോകം നാടകം പുസ്തകരൂപത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ജി.എൽ.പി.എസ് പയ്യനല്ലൂർ, ഹോളി ഏഞ്ചൽസ് അടൂർ, പോപ്പ് പയസ് കറ്റാനം എന്നിവിടങ്ങളിൽ സ്കൂൾ പഠനം. തിരുവനന്തപുരം ഗവണമെന്റ് ആർട്ട്സ് കോളേജിൽ നിന്ന് പ്രീ-ഡിഗ്രി, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും രസതന്ത്രത്തിൽ ബിരുദം, മദ്രാസ് ലോയോളാ കോളേജിൽ കോളേജിൽ നിന്നും രസതന്ത്രത്തിൽ ബിരുദാനന്തര ബിരുദം. സിറ്റി യൂണിവേഴ്സിറ്റി ഓഫ് ന്യൂയോർക്കിൽ നിന്ന് പരിസ്ഥിതി ശാസ്ത്രത്തിൽ (Environmental Science) ബിരുദാനന്തര ബിരുദം, സെന്റ് പീറ്റേഴ്സ് യൂണിവേഴ്സിറ്റിയിൽനിന്ന് എജ്യൂക്കേഷൻ ലീഡർഷിപ്പിൽ ബിരുദാനന്തര ബിരുദവും നേടി.

മദ്രാസിൽ നിന്നും തുടങ്ങിയ അധ്യാപനജീവിതം പിന്നീട് ആഫ്രിക്കയിലുള്ള ബോട്ട്സ്വാനിൽ എത്തിച്ചു. ഇപ്പോൾ ന്യൂജേഴ്സിയിൽ പബ്ളിക് ഹൈസ്കൂളിൽ രസതന്ത്ര അധ്യാപകനായി ജോലി തുടരുന്നു.

ഇത് പ്രസിദ്ധീകൃതമായ ആദ്യപുസ്തകമാണ്. ഇംഗ്ളീഷിലും മലയാളത്തിലും എഴുതിയ ഏഴു ബൈബിൾ നാടകങ്ങൾ വിവിധ വേദികളിൽ അവതരിപ്പിച്ചത് കൈവശം ഉണ്ട്. അതൊക്കെ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കാനുള്ള അലോചനയിലാണ് നാടകകൃത്ത്.

ന്യൂജേഴ്സിയിൽ കുടുംബ സമേതം താമസിക്കുന്നു. എഴുത്തുകാരനും ഷോർട്ട്ഫിലിം ഡോക്കുമെന്ററി സംവിധായകനുമായ ഫിലിപ്പ് തോമസ് സഹോദരനാണ്.

ഭാര്യ :- ഷാന്റി ജെയിംസ്, മക്കൾ :- ഷാരൺ, മെറിൻ.

ഇ-മെയിൽ: jacthomann@gmail.com

ഫൊക്കാന കേരള കൺവൻഷൻ ഒരുക്കങ്ങൾ പുരോഗമിക്കുന്നു



ജിജി റ്റോം, ഫൊക്കാന പി. ആർ. ഓ

കൊച്ചി: ജനുവരി 11, 12, 13 തീയതികളിൽ കൊച്ചിയിലെ ഗ്രാൻഡ് ഹയാത്തിൽ നടക്കുന്ന ഫൊക്കാന കേരള കൺവൻഷന്റെ ഒരുക്കങ്ങൾ അവസാനഘട്ടത്തിലേക്ക് കടക്കുന്നതായി ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, ജനറൽ സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആൻറോ വർക്കി എന്നിവർ അറിയിച്ചു.

അമേരിക്കയിലെയും കാനഡയിലെയും മലയാളി സമൂഹത്തെ കേരളവുമായി കൂടുതൽ ശക്തമായി ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിവിധങ്ങളായ പരിപാടികളാണ് ഇത്തവണത്തെ കേരള കൺവൻഷനിൽ ഫൊക്കാന ആസൂത്രണം ചെയ്തിരിക്കുന്നത്. പ്രവാസി മലയാളികളുടെ സാമൂഹിക, സാംസ്കാരിക, ബിസിനസ് മേഖലകളിലെ സംഭാവനകൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന രീതിയിലാണ് പരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്.

കൺവൻഷന്റെ പ്രധാന ആകർഷണങ്ങളിലൊന്നായി ബിസിനസ് മീറ്റ് സംഘടിപ്പിക്കും. കേരളവും പ്രവാസി മലയാളി സമൂഹവും തമ്മിലുള്ള ബിസിനസ്, നിക്ഷേപ സാധ്യതകൾ ചർച്ച ചെയ്യുന്നതിനും സംരംഭകരെയും വ്യവസായ പ്രമുഖരെയും ഒരുമിച്ച് കൊണ്ടുവരുന്നതിനും ബിസിനസ് മീറ്റ് വേദിയാകും. കേരളത്തിലെ വിവിധ മേഖലകളിലെ പ്രമുഖ വ്യവസായികളും ബിസിനസ് നേതാക്കളും പരിപാടിയിൽ പങ്കെടുക്കും.

സാംസ്കാരിക സമ്മേളനവും കൺവൻഷന്റെ പ്രധാന പരിപാടികളിൽ ഒന്നായിരിക്കും. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകവും പ്രവാസി മലയാളികളുടെ കലാ-സാംസ്കാരിക സംഭാവനകളും സമ്മേളനത്തിൽ അവതരിപ്പിക്കും. കലാകാരന്മാരുടെയും സാഹിത്യ-സാമൂഹിക രംഗത്തെ പ്രമുഖരുടെയും സാന്നിധ്യം പരിപാടിക്ക് കൂടുതൽ മാറ്റുകൂട്ടും.

കാലിക വിഷയങ്ങളും മാധ്യമ രംഗത്തെ പുതിയ മാറ്റങ്ങളും ചർച്ച ചെയ്യുന്നതിനായി മീഡിയ കോൺഫറൻസും സംഘടിപ്പിക്കുന്നുണ്ട്. മാധ്യമപ്രവർത്തകർ, മാധ്യമ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവർ പങ്കെടുക്കുന്ന മീഡിയ കോൺഫറൻസ് കേരളവും പ്രവാസി സമൂഹവും തമ്മിലുള്ള ആശയവിനിമയം കൂടുതൽ ശക്തമാക്കുന്നതിനുള്ള വേദിയാകും.

സ്ത്രീകളുടെ പങ്കാളിത്തത്തിനും നേതൃത്വത്തിനും പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട് വുമൺസ് ഫോറം മീറ്റിംഗും കൺവൻഷന്റെ ഭാഗമായി നടക്കും. സ്ത്രീകളുടെ സാമൂഹിക, സാംസ്കാരിക, തൊഴിൽ മേഖലകളിലെ മുന്നേറ്റവും അവരുടെ നേതൃത്വ സാധ്യതകളും ചർച്ച ചെയ്യുന്നതിനൊപ്പം വിവിധ പദ്ധതികളും പരിപാടികളും ആവിഷ്കരിക്കും.

ഇതിനുപുറമെ, പ്രവാസി മലയാളികളുടെ പുതിയ തലമുറയെ കേരളത്തിന്റെ ഭാഷയുമായും സംസ്കാരവുമായും കൂടുതൽ അടുപ്പിക്കുന്നതിനായി ഭാഷാ-സാംസ്കാരിക പദ്ധതികൾക്കും കൺവൻഷനിൽ പ്രത്യേക പ്രാധാന്യം നൽകും.

കേരളത്തിന്റെ വികസനത്തിൽ പ്രവാസി മലയാളികളുടെ പങ്കാളിത്തം വർധിപ്പിക്കുക, കേരളവും പ്രവാസി സമൂഹവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് കൺവൻഷൻ സംഘടിപ്പിക്കുന്നതെന്ന് ഫൊക്കാന ഭാരവാഹികൾ അറിയിച്ചു.

മൂന്നു ദിവസങ്ങളിലായി നടക്കുന്ന കേരള കൺവൻഷനിൽ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, സാഹിത്യ, ബിസിനസ്, മാധ്യമ രംഗങ്ങളിലെ പ്രമുഖർ പങ്കെടുക്കും. കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനായി വിവിധ കമ്മിറ്റികളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

ഫൊക്കാനയുടെ പ്രവർത്തനങ്ങൾക്ക് കേരളത്തിൽ കൂടുതൽ ജനപങ്കാളിത്തവും സാമൂഹിക പ്രസക്തിയും ഉറപ്പാക്കുന്നതിനുള്ള ഒരു പ്രധാന ചുവടുവയ്പ്പായിരിക്കും ഇത്തവണത്തെ കേരള കൺവൻഷനെന്നും ഭാരവാഹികൾ വ്യക്തമാക്കി.



Pravasi CHANNEL HD

emalayalee.com

Pravasi Channel & eMalayalee
Presents

GlobeON

GlobeON
News



Every Day
10am | 2pm |
6pm & 10pm US EST

Watch all Media Outlets via 'MediaAppUSA'

MediaAppUSA
mediaappusa.com

Download for FREE on all
Streaming Devices and Smart TV's

Also on iPhone
and Android Phone

For more info: 1-917-662-1122 | info@medialogistics.us

ചരിത്രം കുറിച്ച് ന്യൂയോർക്ക് മലയാളി ബോട്ട് റേസ്; ഭാരത് ബോട്ട് ക്ലബ്ബിന് കിരീടം



അലക്സ് എസ്തപ്പാൻ

ന്യൂയോർക്ക്: ആവേശത്തിന്റെ ഓളപ്പരപ്പിൽ തുഴയെറിഞ്ഞും ചെണ്ടമേളത്തിന്റെ താളത്തിൽ ആരവമുയർത്തിയും അമേരിക്കൻ മലയാളികൾക്ക് മറക്കാനാവാത്ത അനുഭവമായി ന്യൂയോർക്ക് മലയാളി ബോട്ട് റേസ്. മലയാളം ഗ്ലോബൽ വോയ്സിന്റെ നേതൃത്വത്തിൽ നോർത്ത് ഹെമ്പ്സ്റ്റഡ് ബീച്ച് പാർക്കിൽ നടന്ന ആവേശകരമായ മത്സരത്തിൽ അഞ്ചു ടീമുകൾ മാറ്റുരച്ചു. ആവേശകരമായ മത്സരത്തിൽ റോക്ക് ലാൻഡിലെ ഭാരത് ബോട്ട് ക്ലബ് രാജൻ മാരേട്ട് മെമ്മോറിയൽ എവർ റോളിംഗ് ട്രോഫി കരസ്ഥമാക്കി. ലോങ്ങ് ഐലൻഡിലെ ചലഞ്ചേഴ്സ് ബോട്ട് ക്ലബ് രണ്ടാം സ്ഥാനവും



കീൻസിലെ ന്യു യോർക്ക് മലയാളി ബോട്ട് ക്ലബ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

നൂറുകണക്കിന് കാണികൾ സാക്ഷികളായ വള്ളംകളി, അമേരിക്കൻ മണ്ണിൽ മലയാളികളുടെ കായിക-സാംസ്കാരിക പാരമ്പര്യത്തിന് പുതിയ അധ്യായമായി. ബീച്ചിലെ ഓളങ്ങളെ കീറിമുറിച്ച് തുഴയെറിഞ്ഞ മത്സരാർത്ഥികൾ കാണികളിൽ ആവേശത്തിന്റെ തിരയിളക്കമുയർത്തി.

രാജൻ മാരേട്ടിന്റെ സ്മരണയ്ക്കായി ലീല മാരേട്ട് സ്പോൺസർ ചെയ്തതാൻ ട്രോഫി.

മത്സരത്തിന്റെ വിശിഷ്ടാതിഥികളായി എത്തിയ North Hempstead Town Superviosr Jennifer DeSena, Town Clerk Ragini Srivastava, Assemblyman Jake Blumencranz, Legislator Scott Strauss എന്നിവരുടെ സാന്നിധ്യം പരിപാടിക്ക് മാറ്റുകൂട്ടി. Nassau County അധികൃതരും North Hempstead Town പ്രതിനിധികളും ഉൾപ്പെടെയുള്ള പ്രമുഖർ മത്സരത്തിന് സാക്ഷികളായി.

ഒന്നാം സ്ഥാനം നേടിയ ഭാരത് ബോട്ട് ക്ലബ്ബിന് ട്രോഫി യും 1000 ഡോളറും, രണ്ടാം സ്ഥാനം നേടിയ ചലഞ്ചേഴ്സ് ബോട്ട് ക്ലബ്ബിന് 500 ഡോളറും, മൂന്നാം സ്ഥാനം നേടിയ ന്യൂയോർക്ക് മലയാളി ബോട്ട് ക്ലബ്ബിന് 250 ഡോളറും സമ്മാനമായി ലഭിച്ചു.

ന്യൂയോർക്ക് മലയാളി ബോട്ട് ക്ലബ് (ക്വീൻസ്), ഭാരത് ബോട്ട് ക്ലബ് (റോക്ക്ലാൻഡ് കൗണ്ടി), അമേരിക്കൻ മലയാളി ലോ എൻഫോഴ്സ്മെന്റ് യൂണിറ്റ് (AMLEU), ചലഞ്ചേഴ്സ് ബോട്ട് ക്ലബ് (ലോംഗ് ഐലൻഡ്), ചുണ്ടൻ ബോട്ട് ക്ലബ് (നാസ കൗണ്ടി, ലോംഗ് ഐലൻഡ്) എന്നിങ്ങനെ അഞ്ചു ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്.

2009-ൽ തുടക്കം കുറിച്ച ന്യൂ യോർക്ക് മലയാളി ബോട്ട് ക്ലബ്ൽ നിന്ന് പിന്നീട് ഭാരത് ബോട്ട് ക്ലബ് രൂപംകൊണ്ടു. തുടർന്ന് ഭാരത് ബോട്ട് ക്ലബ്ബിൽനിന്ന് വേർപെട്ടാണ് ചലഞ്ചേഴ്സ് ബോട്ട് ക്ലബ് നിലവിൽ വന്നത്.

ജേസൺ മാന്നാർ നയിക്കുന്ന ചുണ്ടൻ ബോട്ട് ക്ലബ് ഈ വർഷം രൂപംകൊണ്ട പുതിയ ടീമാണ്. മലയാളി പോലീസ് സംഘടനയുടെ നേതൃത്വത്തിൽ അണിനിരന്ന AMLEU ടീമും





മത്സരത്തിന് ആവേശം പകർന്നു.

ഫ്ലോറിഡ, കാനഡ, നയാഗ്ര, ഫിലാഡൽഫിയ എന്നിവിടങ്ങളിൽനിന്നുള്ള ടീമുകളും മത്സരത്തിൽ പങ്കെടുക്കാൻ താൽപ്പര്യം അറിയിച്ചിട്ടുണ്ട്. ഇതോടെ മലയാളീ ബോട്ട് റേസ് കൂടുതൽ വിപുലമായ പ്രവാസി മലയാളി സംഗമമായി വളരുമെന്ന പ്രതീക്ഷയും ശക്തമാകുന്നു.

വള്ളംകളിക്കൊപ്പം അരങ്ങേറിയ ചെണ്ടമേളവും നൃത്ത പരിപാടികളും സംഗീതവിരുന്നും ആഘോഷത്തിന് സവിശേഷമായ സാംസ്കാരിക ചാരുത പകർന്നു.

ബോട്ട് റേസ് മത്സരങ്ങളുടെ ഡയമണ്ട് സ്പോൺസർമാരായ കുട്ടനാടൻ റസ്റ്റോറന്റ് കാണികൾക്ക് രുചികരമായ ഭക്ഷണം ലഭ്യമാക്കാൻ പവലിയനുകളിൽ സന്തൂർ കുട്ടനാടൻ റസ്റ്റോറന്റിന്റെ ഫുഡ് സ്റ്റാളുകളും ഒരുക്കിയിരുന്നു.

INANI പ്രസിഡന്റ് ഡോക്ടർ ഷൈല റോഷന്റെ നേതൃത്വത്തിൽ ഉണ്ടായിരുന്ന INANI മെഡിക്കൽ ടീമിന്റെ നിസ്വാർത്ഥ സേവനങ്ങൾ വള്ളംകളിക്ക് ഏറെ ഊർജ്ജമേകി. കായികമത്സരത്തിന്റെ ആവേശവും കലാപരിപാടികളുടെ മികവും ഒത്തുചേർന്നപ്പോൾ, വള്ളംകളി മത്സരം എന്നതിലുപരി അമേരിക്കൻ മണ്ണിലെ മലയാളികളുടെ മഹത്തായ സാംസ്കാരിക ജലോത്സവ സംഗമമായി മാറി.

മലയാളം ഗ്ലോബൽ വോയ്സ് ഏറ്റെടുത്ത് യാഥാർഥ്യമാക്കിയ അമേരിക്കൻ മലയാളികളുടെദീർഘകാലസ്വപ്നത്തിന് കരുത്തേകിയത് മെഗാസ്പോൺസറും ചീഫ് പേട്രനുമായ Joy Mekatt ന്റെയും പ്ലാറ്റിനം സ്പോൺസറും ജനറൽ കൺവീനറുമായ Shinu Josephന്റെയും, പ്ലാറ്റിനം സ്പോൺസറും പേട്രനും ആയ Abraham Philip CPA യുടെയും നേതൃത്വവും സംഘാടകരുടെയും പ്രവർത്തകരുടെയും കൂട്ടായ പരിശ്രമവും ആണ്. മലയാളി





ബോട്ട് ക്ലബ് സെക്രട്ടറി മാത്യു ജോഷ (ബോബി), ഗ്ലോബൽ വോയ്സ് മാർക്കറ്റിങ് മാനേജർ ജോബിൻ മഠത്തിൽ, എന്നിവരുടെ സേവനവും എടുത്തു പറയേണ്ടതാണ്. എല്ലാത്തിനും ഉപരി മലയാളം ഗ്ലോബൽ വോയ്സ് ചീഫ് എഡിറ്റർ ഫിലിപ്പ് മഠത്തിലിന്റെ കോർഡിനേഷനുമാണ് പരിപാടിയുടെ വിജയത്തിൽ നിർണായകമായത്.

ഈ വർഷത്തെ വമ്പിച്ച ജനപങ്കാളിത്തവും ആവേശകരമായ പ്രതികരണവും വരും വർഷങ്ങളിൽ കൂടുതൽ ടീമുകളെയും കാണികളെയും പങ്കെടുപ്പിച്ച് മത്സരം വിപുലമായി സംഘടിപ്പിക്കാനുള്ള സംഘാടകരുടെ ആത്മവിശ്വാസം വർധിപ്പിച്ചിരിക്കുകയാണ്.

തുഴകളുടെ താളവും ചെണ്ടമേളത്തിന്റെ മുഴക്കവും മലയാളികളുടെ ഒരുമയുടെ ആരവവും ഒത്തുചേർന്ന ന്യൂയോർക്ക് മലയാളീ ബോട്ട് റേസ്, അമേരിക്കൻ മലയാളി സമൂഹത്തിന്റെ കായിക-സാംസ്കാരിക ചരിത്രത്തിൽ മായാത്ത മുദ്ര പതിപ്പിച്ചുകൊണ്ട് പുതിയൊരു തുടക്കത്തിന് വഴിയൊരുക്കി.







പടിയിറങ്ങുന്നത് പദവികളിൽ നിന്ന്; ഹൃദയങ്ങളിൽ ശേഷിക്കുന്നത് സേവനത്തിന്റെ കൈയൊപ്പ്



സേവനത്തിന്റെയും സൗഹൃദത്തിന്റെയും കൂട്ടായ്മയുടെയും അഭിമാനനിമിഷങ്ങളുമായി ഫോമാ സൗത്ത് ഈസ്റ്റ് റീജിയൻ 2024–2026 നേതൃത്വം പടിയിറങ്ങുന്നു

അറ്റ്ലാന്റ: രണ്ടുവർഷത്തെ പ്രവർത്തനങ്ങൾക്ക് തിരശ്ശീല വീഴുമ്പോൾ ഫോമാ സൗത്ത് ഈസ്റ്റ് റീജിയന്റെ 2024–2026 നേതൃത്വത്തിന് പറയാനുള്ളത് നേട്ടങ്ങളുടെ കണക്കുകൾ മാത്രമല്ല; ചേർത്തുപിടിച്ച മനുഷ്യരുടെയും കൈകോർത്ത കൂട്ടായ്മകളുടെയും സാക്ഷാത്കരിച്ച സ്വപ്നങ്ങളുടെയും കഥകളാണ്. സേവനത്തിനും സാംസ്കാരിക പൈതൃകത്തിനും സാമൂഹിക പ്രതിബദ്ധതയ്ക്കും ഒരുപോലെ പ്രാധാന്യം നൽകി മുന്നേറിയ ഈ കാലഘട്ടം, നിറഞ്ഞ ചാരിതാർഥ്യത്തോടെയും അഭിമാനത്തോടെയുമാണ് നേതൃത്വം പൂർത്തിയാക്കുന്നത്.

സ്ഥാനങ്ങൾ താൽക്കാലികമാണ്; എന്നാൽ ആത്മാർഥതയോടെ ചെയ്ത പ്രവർത്തനങ്ങൾ കാലത്തിനപ്പുറവും ഓർമിക്കപ്പെടും. ഈ തിരിച്ചറിവായിരുന്നു കഴിഞ്ഞ രണ്ടുവർഷക്കാലം ഫോമാ സൗത്ത് ഈസ്റ്റിന്റെ ഓരോ ചുവടുവയ്പിനും കരുത്തായത്.

2024 നവംബർ 17-ന് ചേർന്ന ആദ്യ റീജിയണൽ കമ്മിറ്റി യോഗത്തിൽ രൂപപ്പെട്ടത് ഒരു പുതിയ നേതൃത്വനിര മാത്രമായിരുന്നില്ല; വ്യക്തമായ ലക്ഷ്യബോധവും കൂട്ടായ പ്രവർത്തനത്തിനുള്ള ഉറച്ച തീരുമാനവുമായിരുന്നു. റീജിയണൽ വൈസ് പ്രസിഡന്റ് പ്രകാശ് ജോസഫിന്റെ നേതൃത്വത്തിൽ നാഷണൽ കമ്മിറ്റി അംഗങ്ങളായ കാജൽ സക്കറിയ, ബബ്ലു ചാക്കോ, യുവജന പ്രതിനിധി അമൽ സാം, റീജിയണൽ ചെയർമാൻ ജെയിംസ് കല്ലറക്കാനിയിൽ, സെക്രട്ടറി ഉഷ പ്രസാദ്, ട്രഷറർ ദിവ്യ അമരയിൽ എന്നിവ

രടങ്ങിയ ടീം, സൗത്ത് ഈസ്റ്റിലെ മലയാളി സമൂഹത്തെ കൂടുതൽ അടുപ്പിക്കുന്നതിനും സമൂഹനന്മ യ്ക്കായി പ്രവർത്തിക്കുന്നതിനു മാണ് മുൻഗണന നൽകിയത്.



ആഘോഷങ്ങൾക്കപ്പുറം സേ വനത്തിന്റെ കൈയൊപ്പ് പതിപ്പി ച്ച് ഫോമാ സൗത്ത് ഈസ്റ്റ്



സാംസ്കാരിക കൂട്ടായ്മ കൾക്കൊപ്പം സാമൂഹിക സേവ നത്തിനും ജീവകാരുണ്യ പ്രവർ ത്തനങ്ങൾക്കും മുൻഗണന നൽകിയ ഫോമാ സൗത്ത് ഈ സ്റ്റ് റീജിയന്റെ 2024 2026 കാല ഘട്ടം ശ്രദ്ധേയമായ നിരവധി പ്രവർത്തനങ്ങൾക്ക് സാക്ഷ്യം വഹിച്ചു. 2024 ഡിസംബറിൽ 'Meals by Grace' എന്ന സന്ന ദ്ധസംഘടനയുമായി സഹകരിച്ച് അൻപതിലധികം പ്രവർത്തകരു ടെ പങ്കാളിത്തത്തോടെ ഭക്ഷ്യസ ഹായ പ്രവർത്തനങ്ങൾ സംഘടി പ്പിച്ചു. അറ്റ്ലാന്റയിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറലുമായുള്ള കൂടിക്കാഴ്ച പ്രവാസി സമൂഹ ത്തിന്റെ സാമൂഹിക, സാംസ്കാ രിക മേഖലകളിലെ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള അവ സരമായി. 2025 ഫെബ്രുവരിയിൽ മുന്നൂറിലധികം പേർ പങ്കെടുത്ത ഔദ്യോഗിക സ്ഥാനാരോഹണ ചടങ്ങും വിവിധ സംസ്ഥാനങ്ങ ളിൽ നിന്നുള്ള മലയാളികളെ ഒരുമിപ്പിച്ച ഓണാഘോഷവും സംഘടനയുടെ ഐക്യവും സം ഘാടകമികവും വിളിച്ചോതി. റീ ജിയണൽ അഡ്വൈസറി ബോർ ഡിന്റെ രൂപീകരണവും വിവിധ മലയാളി അസോസിയേഷനുക ളുമായുള്ള സഹകരണവും ഈ കാലഘട്ടത്തിലെ ശ്രദ്ധേയമായ നേട്ടങ്ങളായി.

സ്ത്രീശാക്തീകരണത്തി





നൊപ്പം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും പുതിയ മാനം നൽകിയ വിമൻസ് ഫോറത്തിന്റെ 'ലേഡീസ് നൈറ്റ്', കേരളത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മൂന്ന് വിദ്യാർഥിനികളുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് കൈത്താങ്ങായി. രണ്ട് നഴ്സിങ് വിദ്യാർഥിനികൾക്കും ഒരു പ്ലസ് ടു വിദ്യാർഥിനിക്കും സമാഹരിച്ച ധനസഹായം ഫോമാ കൺവെൻഷനിൽ നേരിട്ട് കൈമാറി. അതേസമയം, റീജിയന്റെ ഏറ്റവും അഭിമാനകരമായ സംരംഭങ്ങളിലൊന്നായി കേരളത്തിലെ നിർധന കുടുംബങ്ങൾക്കായുള്ള ഭവനനിർമാണ പദ്ധതി മാറി. ഒരു വീടെന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതി, പ്രവർത്തകരുടെയും അഭ്യുദയകാംക്ഷികളുടെയും പിന്തുണയോടെ രണ്ട് വീടുകളിലേക്ക് വികസിച്ചു. ഇതിനായി പതിനായിരം ഡോളറിലധികം സമാഹരിക്കാൻ സാധിച്ചു. രണ്ടാമത്തെ വീടിന്റെ നിർമാണം ഇപ്പോഴും പുരോഗമിക്കുകയാണ്. ഭരണകാലാവധി അവസാനിക്കുമ്പോഴും ഈ ജീവകാരുണ്യ ദൗത്യം തുടരുന്നു എന്നത് സംഘടനയുടെ സാമൂഹിക പ്രതിബദ്ധതയുടെ തെളിവാണ്.

2025 ഡിസംബറിൽ സംഘടിപ്പിച്ച ക്രിസ്മസ്-വർഷാന്ത്യ സംഗമത്തിൽ സംഘടനയുടെ വിജയങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ച സന്നദ്ധപ്രവർത്തകരെയും അംഗങ്ങളെയും ആദരിച്ചു. സാംസ്കാരിക പൈതൃകത്തിന്റെ സംരക്ഷണം, സ്ത്രീശാക്തീകരണം, വിദ്യാഭ്യാസസഹായം, ഭവനനിർമാണം, പ്രാദേശിക സാമൂഹിക സേവനം തുടങ്ങി വിവിധ മേഖലകളിൽ വ്യക്തമായ സാന്നിധ്യം രേഖപ്പെടുത്തിയാണ് ഫോമാ സൗത്ത് ഈസ്റ്റ് 2024-2026 നേതൃത്വം പടിയിറങ്ങുന്നത്. കമ്മിറ്റി അംഗങ്ങളുടെയും വിവിധ മലയാളി അസോസിയേഷനുകളുടെയും സ്പോൺസർമാരുടെയും സന്നദ്ധപ്രവർത്തകരുടെയും കൂട്ടായ പരിശ്രമമാണ് ഈ നേട്ടങ്ങൾക്ക് അടിത്തറയായത്.

നിറഞ്ഞ ചാരിതാർഥ്യത്തോടെ രണ്ടുവർഷത്തെ പ്രവർത്തനങ്ങൾക്ക് വിരാമമിടുമ്പോൾ, പദവികൾ മാറിയാലും സേവനത്തിലൂടെ സൃഷ്ടിച്ച നന്മകളും കൂട്ടായ്മയുടെ കരുത്തും നിലനിൽക്കുമെന്ന വിശ്വാസമാണ് നേതൃത്വത്തിന് പങ്കുവയ്ക്കാനുള്ളത്.




FOMAA
SOUTHEAST REGION


FOMAA
SOUTHEAST REGION


FOMAA
SOUTHEAST REGION
SOUTH EAST REGION
WELCOME
സ്വാഗതം
ARKANSAS
VENKAT KUTTUA PHOTOGRAPHY


FOMAA
SOUTHEAST REGION


FOMAA SOUTHEAST
VENKAT KUTTUA PHOTOGRAPHY


FOMAA
SOUTHEAST REGION
REGIONAL ADVISORY BOARD
FOMAA


FOMAA SOUTHEAST




FOMAA
SOUTHEAST REGION
INAUGURATION & FAMILY NIGHT
FOMAA
SOUTH EAST REGION
WELCOME
സ്വാഗതം
ARKANSAS
VENKAT KUTTUA PHOTOGRAPHY


SOUTHEAST REGION
INAUGURATION & FAMILY NIGHT




FOMAA
SOUTHEAST REGION
INAUGURATION & FAMILY NIGHT